# കാർമ്മെൽ

ഏപ്രിൽ 1961

ത്രൈമാസികം

CARMEL QUARTERLY




APRIL 1961

Ad Multos Annos



CARMEL

Pays a fervent tribute of filial obedience and affection

to

**The Very Rev. Fr. ANASTHASE of the Most Holy Rosary, O.C.D.**

Reelected 83d Superior General of the Discalced Carmelites

on 21-4-1961 in Rome.

# കാർമ്മൽ

വർഷം 14 പു. 14 | ഏപ്രിൽ 1961 | ലക്കം 2

## കർമ്മെലസഭ

### (ഒരു വിഹഗവീക്ഷണം)

#### പേരും ഉത്ഭവവും

നമ്മുടെ ദിവ്യരക്ഷകന്റെ ജനനത്താലും പ്രവൃത്തികളാലും സംപൂജ്യമാക്കപ്പെട്ട പലസ്തീനാരാജ്യത്തിന്റെ വടക്കുപടിഞ്ഞാറുനിന്ന് തെക്കുകിഴക്കോട്ട് 18 മൈൽ നീളത്തിൽ കിടക്കുന്ന മലകളുടെ ഒരു കൂട്ടമുണ്ട്. അതിന്റെ പേരു് വൃക്ഷങ്ങൾ വളരുന്ന ഉദ്യാനം എന്നർത്ഥമുള്ള "കാർമ്മെൽ" എന്നാണ്. ഈ മലകളുടെ വടക്കുപടിഞ്ഞാറുഭാഗം എഴുന്നൂറടി തല ഉയർത്തി മദ്ധ്യതരണിക്കടലിനെ നോക്കി പുഞ്ചിരിതൂകിക്കൊണ്ടു നില്ക്കുന്നു. പ്രകൃതിരമണീയമായ ഈ സ്ഥലമാണ് കർമ്മലീത്താ സഭയുടെ പിള്ളത്തൊട്ടിൽ. കർമ്മലഗിരിയുടെ മനോഹാരിതയേക്കുറിച്ച് പഴയനിയമത്തിൽ നാലഞ്ചുസ്ഥലത്ത് പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്.

ഞങ്ങളുടെ സന്യാസസഭ കർമ്മലസഭയിൽ ആരംഭിച്ചതുകൊണ്ട് അതിനു കർമ്മലീത്താ സഭയെന്നു പേരുണ്ടായി. എന്നാൽ കൃത്യം ഏതുകൊല്ലത്തിൽ ഈ സഭ ആരംഭിച്ചു എന്നു പറയുന്നതിനു് ചരിത്രരേഖകളില്ല. കത്തോലിക്ക തിരുസഭയിൽ ചരിത്രാതീതമായ ആരംഭമുള്ള ഏക സന്യാസസഭ കർമ്മലീത്താ സഭയാണ്.

ക്രിസ്തുവിനുമുമ്പ് ഏകദേശം 950 വർഷങ്ങൾക്കപ്പുറം, കർമ്മലസഭയിൽ ഏകാന്തതയിലും നിശബ്ദതയിലും താമസിച്ചുകൊണ്ട്, സമയത്തിന്റെ വലിയ ഭാഗവും പ്രാർത്ഥനയിലും തപസ്സിലും ചെലവഴിക്കുകയും, മററവസരങ്ങളിൽ ഇസ്രായേൽ ജനങ്ങളെ വഴിതെററിച്ചിരുന്ന വിഗ്രഹാരാധകരോടും ദുഷ്ടാചാര്യന്മാരോടും ദൈവത്തിന്റെ ആജ്ഞയനുസരിച്ച് പോരാടുകയും ചെയ്തിരുന്ന വി. ഏലിയാസ് ദീർഘദർശിയേയാണ് കർമ്മലീത്തർ ഇന്നും തങ്ങളുടെ പിതാവും മാതൃകയും സഭാസ്ഥാപകനുമായി വണങ്ങിപ്പോരുന്നതു്. റോമായിൽ വി. പത്രോസിന്റെ ബസിലിക്കായിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സന്യാസസഭാസ്ഥാപകരുടെ പ്രതിമകളുടെ നിരയിൽ വി. ഏലിയാസിന്റെയും പ്രതിമ വയ്ക്കുന്നതിനു് 13-ാം ബെനഡിക്റ്റ് മാർപ്പാപ്പാ 1725-ൽ കർമ്മലീത്തരെ അനുവദിച്ചുകൊണ്ട് സഭയുടെ ഈ പരമ്പരാഗതമായ വിശ്വാസം അംഗീകരിക്കുകയുണ്ടായി. "കർമ്മലസഭ മുഴുവൻ അതിന്റെ സ്ഥാപകനായ വി. ഏലിയാസു് ദീർഘദർശിക്കുവേണ്ടി ഇതു് സ്ഥാപിച്ചിരിക്കുന്നു" എന്നു് ആ പ്രതിമയുടെ അടിയിൽ ഉല്ലേഖം ചെയ്തിരിക്കുന്ന വാക്കുകൾ പ. പിതാവുതന്നെ എഴുതിക്കൊടുത്തതാണെന്നും പ്രസ്താവ്യമത്രേ.

കർമ്മലീത്താസഭയുടെ സ്ഥാപകൻ വി. ഏലിയാസാണെന്നു പറയുമ്പോൾ, അദ്ദേഹം തന്റെ അനുയായികൾക്ക് ഒരു നിയമം എഴുതിക്കൊടുത്ത് ഇന്നത്തെപ്പോലെയുള്ള ഭരണക്രമവും ആശ്രമജീവിതവും സംഘടിപ്പിച്ചെന്നു് ആരും അനുമാനിക്കരുതു്. അതെല്ലാം നടപ്പിൽ വന്നതു് ക്രിസ്താബ്ദം 13-ാം നൂററാണ്ടിന്റെ ആരംഭത്തിൽ മാത്രമാണ്. അന്നുവരെ വി. ഏലിയാസിന്റെയും അദ്ദേഹത്തിന്റെ ശിഷ്യനായ വി. എലിസേവൂസിന്റേയും അനുയായികളായ മുനിമാർ കർമ്മലമലയിൽ ജീവിച്ചിരുന്നെന്നാണ് പാരമ്പര്യം. ആദ്ധ്യാത്മികബന്ധംനിമിത്തം "ദീർഘദർശി

കളുടെ മക്കൾ" എന്നു് പഴയ നിയമത്തിൽ വിളിക്കപ്പെട്ടിരിക്കുന്നവർ ക്രിസ്തുവിനു മുമ്പു് കർമ്മലമലയിൽ ജീവിച്ചിരുന്ന മുനിമാരാണെന്നു് അഭിപ്രായപ്പെടുന്നവരുണ്ടു്.

ദിവ്യരക്ഷകനെ പ്രതീക്ഷിച്ചിരുന്ന ഈ കർമ്മല നിവാസികൾ ശ്ലീഹന്മാർ ക്രിസ്തുമതം പ്രസംഗിച്ച കാലത്തിന്റെ ആരംഭത്തിൽതന്നെ ആവേശത്തോടുകൂടി സത്യവിശ്വാസം ആശ്ലേഷിച്ചു. തദ്വാരാ അവരുടെ ജീവിതരീതി ക്രിസ്തീയമായി വിശുദ്ധീകരിക്കപ്പെടുകയും പുനരുദ്ധരിക്കപ്പെടുകയും ചെയ്തു.

## ക്രിസ്തീയമുനിമാരുടെ മാർഗ്ഗദർശി

ക്രിസ്തീയതത്വങ്ങളിൽനിന്നു ശക്തിമത്തായ പ്രചോദനം ലഭിച്ചതിന്റെ ഫലമായി പ്രായശ്ചിത്തത്തിന്റെയും പ്രാർത്ഥനയുടെയും ജീവിതം സമുദായമദ്ധ്യത്തിൽതന്നെ നയിച്ചിരുന്ന യോഗീശ്വരന്മാരെ ക്രിസ്തുമതത്തിന്റെ ആദ്യശതകങ്ങൾമുതൽ കാണാവുന്നതാണു്. എന്നാൽ മൂന്നാം നൂറ്റാണ്ടിലാണു് മുനികളുടെ ജീവിതമുറ ആരംഭിച്ചതു്. നാലാം നൂറ്റാണ്ടായപ്പോഴേയ്ക്കും അതു് വളരെ ആകർഷണീയമായി പലർക്കും അനുഭവപ്പെട്ടതിനാൽ ഒട്ടുവളരെയാളുകൾ മണലാരണ്യങ്ങളിലെ വാസയോഗ്യങ്ങളായ സ്ഥലങ്ങളിൽ പോയി ഏകാന്തതയിലും, പ്രാർത്ഥനയിലും, ദാരിദ്ര്യത്തിലും പരിശുദ്ധമായ ജീവിതം നയിച്ചുതുടങ്ങി.

ഇവരെല്ലാം വി. ഏലിയാസിനെയാണു് തങ്ങളുടെ മാർഗ്ഗദർശിയായിട്ടു് സ്വീകരിച്ചതു്. ഈ ദീർഘദർശിയുടെ ചൈതന്യമായിരുന്നു അവരുടെ പ്രചോദനം. ഈ വസ്തുതയ്ക്കു ചരിത്രലക്ഷ്യങ്ങൾ ധാരാളമുണ്ടു്. വി. ജെറോം (†420) പറയുന്നു: "നമ്മുടെ നായകൻ ഏലിയാസാകുന്നു; നമ്മുടെ നായകൻ ഏലിസേവൂസാകുന്നു; നമ്മുടെ മാർഗ്ഗദർശികൾ ദീർഘദർശികളുടെ പുത്രന്മാരാകുന്നു" (1). വി. ഗ്രിഗരി നസിയാൻ (†300) പ്രസ്താവിക്കുന്നതു്: "സുന്ദരമാണു് ഏകാന്തം, പക്ഷെ എന്റെ സ്വാർത്ഥസ്നേഹം അതു് വിശ്വസിക്കുവാൻ വിസമ്മതിക്കുമ്പോൾ, മഹാനായ ഏലിയാസിന്റെ കാർമ്മെൽ അതെന്നോടു സമർത്ഥിക്കുന്നു" (2) എന്നാണു്. വി. ഇസിദോർ ചോദിക്കുന്നു: "ആരണ്യവാസികളെ പ്രചോദിപ്പിക്കുന്ന നിസ്വതാചൈതന്യം എവിടെനിന്നു വരുന്നു? ലോകനിന്ദയുടെയും പരിത്യാഗത്തിന്റെയും ഈ ജീവിതരീതിയുടെ സൂത്രധാരൻ ആരാണു്?" അദ്ദേഹംതന്നെ ഉത്തരം പറയുന്നു: "വിശുദ്ധ ലിഖിതങ്ങളും പൂർവ്വീക രേഖകളും നാം അവഗണിക്കുകയില്ലെങ്കിൽ, ഈ ജീവിതമുറയുടെ പൂർവ്വപിതാവും നായകനും ഏലിയാസ് ദീർഘദർശിയല്ലാതെ മറ്റാരുമല്ലെന്നു് നമുക്കു് ബോദ്ധ്യം വരുന്നതാണു്" (3).

ഇവയിൽനിന്നെല്ലാം തെളിയുന്നതു് പൊതുവായി ക്രിസ്തീയമുനിമാരുടേയും പ്രചോദകൻ വി. ഏലിയാസായിരുന്നെന്നാണു്. അതിനാൽ ക്രിസ്തുമതത്തിന്റെ ആദ്യശതകങ്ങളിലെ ആരണ്യവാസികളെല്ലാം ഏലിയാസിന്റെ ശിഷ്യന്മാരായിരുന്നു. ഇതുസംബന്ധിച്ചു് വി. അത്തനേഷ്യസ്, ആരണ്യവാസിയായ വി. അന്തോനീസിന്റെ അഭിപ്രായം രേഖപ്പെടുത്തുന്നതു് ഇപ്രകാരമാണു്: "ഏകാന്തജീവിതം നയിക്കുന്ന എല്ലാവരും തങ്ങളുടെ മാതൃകയായിട്ടും, മദ്ധ്യസ്ഥനായിട്ടും മഹാനായ ഏലിയാസിനെ സ്വീകരിച്ചു് ഒരു കണ്ണാടിയിലെന്നപോലെ അദ്ദേഹത്തിന്റെ പ്രവൃത്തികളിൽനിന്നു് തങ്ങളുടെ പ്രവൃത്തികളെ അളന്നുനോക്കണം" (4).

## മുനിമാരുടെ ഒരു പ്രധാന കേന്ദ്രം

മദ്ധ്യപൂർവ്വദേശങ്ങളിൽ അസംഖ്യം ആരണ്യവാസികൾ ഉണ്ടായിരുന്നെങ്കിലും, വി. ഏലിയാസിന്റെ ഏകാന്തവാസംകൊണ്ടു് പവിത്രീകരിക്കപ്പെട്ട കർമ്മലഗിരി അവരുടെ ഒരു പ്രധാന കേന്ദ്രമായിരുന്നു. 13-ാം നൂറ്റാണ്ടിലെ ഒരജ്ഞാതഗ്രന്ഥകാരൻ എഴുതുന്നതു് "തിരുസഭയുടെ ആരംഭം മുതൽ വിശുദ്ധ രാജ്യത്തിൽ [പലസ്തീനായിൽ], പ്രത്യേകിച്ചു് കർമ്മലമലയിൽ അനേകം മുനിമാരുണ്ടായിരുന്നു" എന്നാണു്(5).

അവർ പരസ്പരം വലിയ ബന്ധമില്ലാതെ പല ഗ്രൂപ്പുകളായി പലസ്തീനായിൽ അക്കാലത്തുണ്ടായിരുന്ന

---

(1) വി. ജെറോം,
Letter 58 to Paolin, M. L.22, 583.

(2) വി. ഗ്രിഗരി നസിയാൻ, Serm. 13.

(3) സിവിലിയായിലെ വി. ഇസിദോർ,
De eccl. off. 2, 16. M. L. 83, 194.

(4) വി. അത്തനേഷ്യസ്, വി. അന്തോനീസിന്റെ ജീവചരിത്രം, M. G. 26, 854.

(5) Opus. De inceptione Ordinis B. Mariae Virginis de Monte Carmelo in Analecta O. C. 8, (1932—37) 179.

എല്ലാ മുനിമാരെപ്പോലെ, വി. എലിയാസിനെ വണങ്ങിയുംഅനുകരിച്ചും കർമ്മലമലയുടെ വിവിധഭാഗങ്ങളിൽനിർമ്മിക്കപ്പെട്ടിരുന്ന ഗുഹകളിൽ താമസിച്ചിരുന്നു. അത്തരം നാലാശ്രമങ്ങളുടെ അവശിഷ്ടങ്ങളിൽ ചിലതെല്ലാം ഇപ്പോഴും കാണാവുന്നതാണ്. 1163–ൽ പലസ്തീന സന്ദർശിച്ച ബഞ്ചമിൻ ദിതുദേലാ എന്ന ഒരു യഹൂദൻ തന്റെ യാത്രാവിവരണത്തിൽ വി. എലിയാസിന്റെ വണക്കത്തിനുവേണ്ടി ക്രിസ്ത്യാനികൾ കർമ്മലഗിരിയിൽ ഒരു കപ്പേള നിർമ്മിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

1099–ാമാണ്ടിൽ ആദ്യ കുരിശുയുദ്ധത്തിനുശേഷം ചില യോദ്ധാക്കൾ കർമ്മലമലയിലെ മുനിമാരുടെ കൂടെ ചേർന്ന് അവരുടെ ജീവിതം നയിക്കുവാൻ തുടങ്ങി. പാശ്ചാത്യരായ ഇവരുടെ സംസ്കാരവും ചിന്താഗതിയും കർമ്മലഗിരി നിവാസികളുടെ ജീവിതത്തിൽ അചിരേണ പ്രതിബിംബിച്ചതിൽ വിസ്മയിക്കാനില്ല. തൽഫലമായിട്ടാണ് അവരുടെ സന്യാസജീവിതം സംഘടിതമായിത്തീർന്നത്. 1185–ൽ മൌണ്ട് കാർമ്മലിനെക്കുറിച്ച് ഫോക്കാസ് എന്ന ഒരു ഗ്രീക്കുസന്യാസി തന്റെ യാത്രാവിവരണത്തിൽ പറഞ്ഞിരിക്കുന്നത് അവിടെ ഒരു വലിയ പഴയ ജീർണ്ണിച്ച ആശ്രമം ഉണ്ടായിരുന്നെന്നും കലാബ്രിയായിൽ നിന്നു വന്ന ഒരു വൃദ്ധസന്യാസി അതു് പുനരുദ്ധരിച്ച് അവിടെ പത്തോളം മററ സന്യാസികളെ തന്റെ കീഴിൽ വിളിച്ചുകൂട്ടി ആ വിശുദ്ധസ്ഥലത്ത് താമസിക്കുന്നെന്നും ആണ്. ഈ വൃദ്ധസന്യാസി കുരിശുയുദ്ധത്തിനു പോയവരിൽനിന്ന് കർമ്മലമലയിലെ മുനിമാരുടെ കൂടെ ചേർന്ന വി. ബെർത്താൾഡല്ലാതെ മററാരുമല്ല. 1155–ാമാണ്ടിനടുത്ത് കർമ്മലമലയിൽ താമസിച്ചിരുന്ന അദ്ദേഹം ഒരു പുതിയ സഭ സ്ഥാപിച്ചില്ല; പിന്നെയോ മൌണ്ട് കാർമ്മലിൽ സ്ഥിതിചെയ്തിരുന്ന ഒരു പഴയ ആശ്രമം പുതുക്കിപ്പണിയിച്ച്, അവിടെ വസിച്ചിരുന്ന സന്യാസികളെ അവരുടെ ജീവിതാദർശങ്ങൾക്കും പൌരസ്ത്യപാരമ്പര്യങ്ങൾക്കും വ്യത്യാസം വരുത്താതെ പാശ്ചാത്യരീതിയിൽ സംഘടിപ്പിക്കുക മാത്രം ചെയ്തു. ഒരുത്തരും അദ്ദേഹത്തെ സഭാസ്ഥാപകനായി കരുതിയിട്ടില്ല. നേരെമറിച്ച് അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്ന കർമ്മലീത്തരുൾപ്പെടെ നാളിതുവരെയുള്ള എല്ലാ കർമ്മലസഭാംഗങ്ങളും തങ്ങൾ എലിയാസിന്റെയും പുത്രന്മാരാണെന്ന് എപ്പോഴും അഭിമാനം കൊള്ളുകയാണ് ചെയ്തിട്ടുള്ളത്.

വി. എലിയാസിൽനിന്ന് ഇടമുറിയാത്ത ഒരു പിന്തുടർച്ച കർമ്മലീത്തക്കുണ്ടെന്നു തെളിയിക്കുവാൻ ചരിത്രരേഖകളില്ലെങ്കിലും, സഭയുടെ ആദർശങ്ങൾ, സന്യാസജീവിതത്തെക്കുറിച്ചുള്ള ആശയഗതികൾ മുതലായ ആദ്ധ്യാത്മിക മൂല്യങ്ങൾ വി. എലിയാസിൽ നിന്ന് അവർ നുകർന്നിട്ടുള്ളതാണ്. ബാഹ്യവും മാറി മാറി വരുന്നതുമായ പിന്തുടർച്ചാബന്ധത്തേക്കാൾ കൂടുതൽ ഉൽകൃഷ്ടം ഉറച്ചു നിൽക്കുന്ന ആദ്ധ്യാത്മിക ബന്ധമാണല്ലോ. കർമ്മലീത്തരെ സംബന്ധിച്ചിടത്തോളം ഈ ബന്ധം വേരൂന്നിയിരിക്കുന്നത് പഴയ നിയമത്തിലെ ഒരു വീരപുരുഷനായ എലിയാസിലല്ലാതെ മററാരിലുമല്ല.

## കർമ്മലീത്താസഭയുടെ പൂർവ്വനിയമം

വി. ബർത്താൾഡ് ആരംഭിച്ച കർമ്മലീത്താ ജീവിതപുനഃസംഘടന പൂർത്തിയാക്കിയത് അദ്ദേഹത്തിന്റെ പിൻഗാമിയായ വി. ബ്രൊക്കാർദാകുന്നു. ഇദ്ദേഹത്തിന്റെ ആവശ്യപ്രകാരം യരുസലമിന്റെ പാത്രിയാക്കായിരുന്ന വി. ആൽബെർട്ട് († 1214) കർമ്മലീത്തക്കുവേണ്ടി ഒരു നിയമം 1208–ാമാണ്ടിനും 1210–ാമാണ്ടിനും മദ്ധ്യേ എഴുതിയംഗീകരിച്ചു കൊടുത്തു. ഇതു് കർമ്മലീത്തരുടെ പൂർവനിയമം എന്ന പേരിൽ അറിയപ്പെടുന്നു.

കർമ്മലീത്താ പൂർവനിയമത്തിന്റെ ഉറവിടങ്ങൾ വേദപുസ്തകവും അക്കാലത്തെ സന്യാസാചാരങ്ങളും മുറകളും, പ്രത്യേകിച്ച്, എലിയാസിന്റെ മക്കളായ കർമ്മലീത്തർ, ഉല്ലേഖനം ചെയ്യപ്പെടാതെ അന്ന് ആശ്ലേഷിച്ചിരുന്ന ആദർശങ്ങളും അനുഷ്ഠിച്ചിരുന്ന ജീവിതക്രമങ്ങളും ആകുന്നു. വി. ആൽബർട്ട് ഒരഗസ്റ്റീനിയൻ സന്യാസിയായിരുന്നു- അതിനും പുറമേ അക്കാലത്ത് പൌരസ്ത്യപ്രദേശത്തെ സന്യാസികൾ അനുഷ്ഠിച്ചിരുന്ന വി. ബേസിലിന്റെ നിയമം അദ്ദേഹത്തിനജ്ഞാതമല്ലായിരുന്നു. എങ്കിലും വി. അഗസ്റ്റിന്റെയും, വി. ബേസിലിന്റെയും നിയമങ്ങളോട് കർമ്മലീത്താ നിയമത്തിനു കേവലം ബാഹ്യവും, ചില പദപ്രയോഗങ്ങൾ സംബന്ധിച്ചും അല്പം സാമ്യമുണ്ടെന്നല്ലാതെ, അതു് മേൽപറഞ്ഞ നിയമങ്ങളിൽ

നിന്നു ക്രോഡീകരിച്ചിട്ടുള്ളതാണെന്നു് ഒരിക്കലും പറയുവാൻ പാടില്ല. കാരണം, പ്രത്യേക ലക്ഷണങ്ങളോടുകൂടി കർമ്മെലീത്തരുടെ സ്വന്തമാക്കിയിരുന്ന വി. ഏലിയാസിന്റെ ആദർശങ്ങളും അനേക നൂറ്റാണ്ടുകളിലെ പാരമ്പര്യങ്ങളിൽ വേരുറച്ച് വ്യത്യസ്തമായിത്തീന്നിരുന്ന അവരുടെ ജീവിതമുറയും വി. ആൽബർട്ടിന്റെ നിയമത്തിൽ സ്പഷ്ടമായിട്ടു് രേഖപ്പെടുത്തിയിട്ടുണ്ടു്. അതിനാൽ മറെറാരു നിയമത്തെ ആശ്രയിച്ചു നിൽക്കാത്ത ഒന്നാണു് കർമ്മെലീത്തരുടെ പൂർവ്വ നിയമം. ഇതു് മൂന്നാം ഒണോരിയൂസ് മാർപ്പാപ്പായാൽ 1226-ൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു.

### കർമ്മെലീത്തരുടെ യൂറോപ്യൻപ്രത്യാഗമനം

വി. ബ്രൊക്കാർദിന്റെ കീഴിൽ പുനഃസംഘടിച്ച കർമ്മെലീത്തർ കർമ്മെലമലയിലെ സഹോദരന്മാർ എന്ന നാമം സ്വീകരിച്ചു. പരിശുദ്ധ കന്യകയുടെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ഒരു കപ്പേള അവിടെ ഉണ്ടായിരുന്നതിനാൽ, പിൽക്കാലങ്ങളിൽ അവർ കർമ്മെലമലയിലെ പ. മറിയത്തിന്റെ സഹോദരന്മാർ എന്നു വിളിക്കപ്പെടുവാൻ തുടങ്ങി.

സഭയിലെ പുതിയ ഭരണക്രമവും ദീർഘകാല പാരമ്പര്യത്തിൽ നിന്നു പകർത്തിയെടുത്ത പഴയ നിയമവും അതിന്റെ ഉൽകൃഷ്ടങ്ങളായ ആദർശങ്ങളും അനവധിയാളുകളെ സഭയിലേയ്ക്കാകർഷിച്ചു. അംഗങ്ങളുടെ എണ്ണം വർദ്ധിച്ചതോടുകൂടി സിറിയാ, പലസ്തീനാ മുതലായ രാജ്യങ്ങളുടെ പല ഭാഗങ്ങളിലും കർമ്മെലീത്താ സഭയുടെ ആശ്രമങ്ങൾ സ്ഥാപിതമായി. എന്നാൽ സഭയുടെ ഈ അഭിവൃദ്ധി ദീർഘനാൾ നിലനിന്നില്ല.

ഈജിപ്തിലെ സുൽത്താനായ സലദീന് 1187-ൽ ലഭിച്ച വിജയത്തെ തുടർന്ന് സാരസന്മാരുടെ ശക്തി വർദ്ധിക്കുകയും തിരുസ്ഥലങ്ങളെല്ലാം അവക്കധീനമായിത്തീരുകയും ചെയ്തു. അവരുടെ ആവർത്തിച്ചുള്ള ആക്രമണവും ഉപദ്രവവും മുഖേന മുനിമാക്ക് ആവശ്യകമായ ഏകാന്തതയും, മൌനവും ഭദ്രതയും മൌണ്ടു് കാർമ്മലിൽ ലഭിക്കാതെ വന്നതിനാൽ യൂറോപ്പിലേക്കു പോകുന്നതിന് 1230-ൽ അവർ തീരുമാനിച്ചു. അവരിൽ ഒരു നല്ല ഗണം പാശ്ചാത്യർതന്നെയായിരുന്നു. കർമ്മെലമലയിൽ അവശേഷിച്ചവരെ പരിശുദ്ധ കന്യകയുടെ തിരുസ്വരൂപത്തിൻ മുമ്പാകെ വച്ച് 1291-ൽ മഹമ്മദീയർ വധിച്ചതോടുകൂടി സഭയുടെ കേന്ദ്രസ്ഥാനമായ മൌണ്ടു് കാർമ്മൽ കർമ്മെലീത്തരുടെ കരങ്ങളിൽനിന്നു വിട്ടുപോയി.

തദനന്തരം 340 വഷങ്ങൾ കഴിഞ്ഞു് 1631-ൽ ഒരു നിഷ്പാദുക കർമ്മെലീത്താ സന്യാസിയായ ഫാ. പ്രോസ്പറിന്റെ പരിശ്രമഫലമായിട്ടാണു് മൌണ്ടു കാർമ്മൽ വീണ്ടും കർമ്മെലീത്താ സഭയുടെ കൈവശം വന്നതു്. ഇപ്പോൾ അതു് നിഷ്പാദുക കർമ്മെലീത്തരുടെ വകയാണു്. നാലാം നൂറ്റാണ്ടിൽ അവിടെ കർമ്മെലനാഥയ്ക്കു പ്രതിഷ്ഠിക്കപ്പെട്ടിരുന്ന ആദ്യ കപ്പേളയുടെ സ്ഥാനത്തു് ഇപ്പോൾ അതി മനോഹരമായ ഒരു ബസിലിക്കാ നിർമ്മിക്കപ്പെട്ടിരിക്കുന്നു. വി. ഏലിയാസു ദീർഘദർശികൂടി ഈ തീർത്ഥസ്ഥലത്തു വണങ്ങപ്പെടുന്നതിനാൽ അസംഖ്യം മഹമ്മദീയരും അവിടത്തേക്കു് ആണ്ടുതോറും ആകർഷിക്കപ്പെടുന്നുണ്ടു്.

മഹമ്മദീയരുടെ മർദ്ദനത്തെ കർമ്മെലീത്താ സഭയുടെ പ്രചരണത്തിനായി ദൈവപരിപാലന ഉപയോഗിച്ചു. യൂറോപ്പിലേക്കു പോയ കർമ്മെലീത്തർ സിസിലി, ഫ്റാൻസ്, ജർമ്മനി, ഇംഗ്ലണ്ടു മുതലായ രാജ്യങ്ങളിൽ വാസമുറപ്പിച്ചു. പക്ഷേ ആരംഭത്തിൽ അവക്കു് പലവിധ വിഷമതകൾ, നേരിടേണ്ടിവന്നു. മൌണ്ടു കാർമ്മെലിലെപ്പോലെ അവരുടെ ഏകാന്തജീവിതത്തിനു പററിയ സ്ഥലസൌകര്യങ്ങൾ അവക്കു് ലഭിച്ചില്ല. അതിനു പുറമേ ഇടവക വൈദികരും റോമൻകൂരിയായിലെ നിയമജ്ഞന്മാരും സന്യാസസഭകളെ എതിർത്തിരുന്ന ഒരു കാലമായിരുന്നു അതു്. കർമ്മെലീത്തർ ഏകാന്തജീവിതം നയിക്കുന്ന മുനിമാരാണെന്ന (hermits) കാരണംപറഞ്ഞു് പട്ടണങ്ങളിൽ അവരുടെ ആശ്രമങ്ങൾ പണിയുന്നതിനോ, അവരുടെ ദേവാലയങ്ങളിൽ പരസ്യ ദൈവാരാധനകർമ്മങ്ങൾ നടത്തുന്നതിനോ, അവരുടെ ഇടയിൽ മരിക്കുന്നവരെ സ്ഥലത്തെ ഇടവക വികാരി ഇടപെടാതെ അടക്കുന്നതിനോ അനുവദിക്കപ്പെട്ടിരുന്നില്ല.

ഈവക എതിർപ്പുകളെ ഇല്ലാതാക്കുന്നതിനുവേണ്ടി 1245-ൽ അയൽസ്ഫോർദിലെ പൊതു സംഘത്തിൽവച്ച് പ്രയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട വി. സൈമൺസ്റ്റോക്ക് നാലാം ഇന്നൊസെൻറു മാർപ്പാ

പ്പായെ സമീപിച്ചു. കർമ്മെലീത്തരെ തങ്ങളുടെ രൂപതകളിൽ സ്വാഗതം ചെയ്യുന്നതിനു് മെത്രാന്മാരോടും, ആശ്രമങ്ങൾ സ്ഥാപിക്കുന്നതിൽ സഹായിക്കുന്നതിനു് വിശ്വാസികളോടും മാർപ്പാപ്പാ ആവശ്യപ്പെട്ടതിനാൽ തൽക്കാലത്തേയ്ക്കു് അവരുടെ വിഷമതകൾ മാറി. അതേ സമയത്തുതന്നെ കർമ്മെലീത്തരും തങ്ങളുടെ നിയമങ്ങളിൽ കാലോചിതവും എന്നാൽ കാതലിനെ സ്പർശിക്കാത്തതുമായ മാററവും വരുത്തി. പട്ടണപ്പരിസരങ്ങളിൽ ആശ്രമങ്ങൾ സ്ഥാപിക്കാമെന്നും പ്രാർത്ഥനാപരമായ ജീവിതം നയിക്കുന്നതിനോടൊപ്പം മററാത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി പ്രേഷിതജോലികൾ ഏറെറടുക്കാമെന്നും ആയിരുന്നു വരുത്തിയ പ്രധാന ഭേദഗതികൾ. നാലാം ഇന്നൊസൻറ മാർപ്പാപ്പാ 1247-ൽ അംഗീകരിച്ചു സ്ഥിരപ്പെടുത്തിയ ഈ നിയമമാണു് ഇന്നു് നിഷ്പാദുക കർമ്മെലീത്തർ അനുഷ്ഠിക്കുന്നതു്. പ്രസ്തുത നിയമം സ്വീകരിച്ചതോടുകൂടി കർമ്മെലീത്താസഭ കേവലം ധ്യാനോൽസുകസഭകളിൽ നിന്നും വ്യത്യസ്തമായ സമ്മിശ്രസ്വഭാവമുള്ള ഒരു സഭയായി ഭിക്ഷാടനസഭകളുടെ ഗണത്തിൽ ഉൾപ്പെട്ടു. എങ്കിലും പ്രാർത്ഥനയ്ക്കു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള അന്തരംഗജീവിതം സഭ ഒരിക്കലും ഉപേക്ഷിച്ചിട്ടില്ലാത്ത അതിൻെറ വിശേഷലക്ഷണമായി എന്നും പരിലസിക്കുന്നു.

## കർമ്മെലോത്തരീയദാനവും സഭയുടെ അഭിവൃദ്ധിയും

കർമ്മെലീത്തർക്കു ലഭിച്ച സമാധാനം അധികനാൾ ദീർഘിച്ചില്ല. വീണ്ടും ശത്രുക്കൾ പ്രവൃത്ത്യുന്മുഖരായി. അവരുടെ സ്വാധീനശക്തി സഭയെ നിരത്തിക്കളയാമെന്ന പ്രതീക്ഷയിൽ ഉപയോഗിക്കുവാൻ പോലും മടിച്ചില്ല. ഈ അവസരത്തിലാണു് സഭയുടെ സുപ്പീരിയർ ജനറലായിരുന്ന വി. സൈമൺ സ്റ്റോക്ക് കർമ്മെലനാഥയോടു് സഭയെ രക്ഷിക്കുവാൻ കേണപേക്ഷിച്ചതും, പരിശുദ്ധ കന്യക അദ്ദേഹത്തിനു പ്രത്യക്ഷയായി തൻെറ സംരക്ഷണം വാഗ്ദാനം ചെയ്തുകൊണ്ടു് തിരുവുത്തരീയം നല്കിയതും. ഈ ദർശനമുണ്ടായതു് 1251-ാമാണ്ടു് ജൂലൈ 16-ാം തീയതി ആണെന്നു വിശ്വസിക്കപ്പെടുന്നു.

പ. കന്യക ഉടനടി ഉത്തരീയം വഴി ചെയ്ത അത്ഭുതങ്ങളും വി. സൈമൺ സ്റ്റോക്കിൻെറ അപേക്ഷപ്രകാരം പ. പിതാവു സഭയ്ക്കനുകൂലമായി 1252-ൽ വീണ്ടും നൽകിയ ബൂള്ളായും സഭയുടെ ശീഘ്രവികസനത്തിനു് സഹായകമായ . 1287-ൽ യൂറോപ്പിൽ സഭയുടെ 9 പ്രോവിൻസുകൾ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരുന്നു. 14-ാം നൂററാണ്ടു് സഭാചരിത്രത്തിലെ സുവർണ്ണദശയാണെന്നു പറയാം. അക്കാലത്തു് സഭയിലുണ്ടായ മെത്രാന്മാരും ഗ്രന്ഥകാരന്മാരും വിദ്യാഭ്യാസകേന്ദ്രങ്ങളും സഭയ്ക്കു വലിയ പ്രസിദ്ധി ജനതാമദ്ധ്യത്തിൽ ആർജ്ജിച്ചുകൊടുത്തു. 1452-ൽ വാഴ്ത്തപ്പെട്ട സോറെത്തിൻെറ ശ്രമഫലമായി കർമ്മെലീത്താ സഭയുടെ ഒരു ശാഖ സ്ത്രീകൾക്കു വേണ്ടി ആരംഭിച്ചു. അതിനു കുറഞ്ഞകാലംകൊണ്ടു് വിസ്മയനീയമായ പ്രചാരം സിദ്ധിച്ചു. അദ്ദേഹം തന്നെയാണു് അൽമേനികൾക്കുവേണ്ടി കർമ്മെലീത്താ മൂന്നാം സഭയും ആരംഭിച്ചതു്.

## സഭയിലെ വിശുദ്ധർ

സന്ന്യാസസഭകൾ എക്കാലത്തും വിശുദ്ധാത്മാക്കളുടെ വിളനിലമാണു്. കഴിഞ്ഞ നൂററാണ്ടിൽ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ട 60-പേരിൽ 50-പേരും സന്ന്യാസ സഭാംഗങ്ങളായിരുന്നു. ഈ നൂററാണ്ടിൽ 11-ാം പീയൂസ് മാർപ്പാപ്പാ മാത്രം 34 പേരെ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർത്തിട്ടുണ്ടു്. അവരിൽ 30-പേരും സന്ന്യസ്തരായിരുന്നു.

കർമ്മെലീത്താ സഭയ്ക്കു് ഏററമധികം മഹത്വം സിദ്ധിച്ചിട്ടുള്ളതു് അതിലെ വിശുദ്ധരിൽനിന്നാണു്. വി. ബർത്തോൾഡ്, വി. ബ്രോക്കാർഡ്, വി. സിറിൽ, വി. സൈമൺസ്റ്റോക്ക് എന്നിവരെ തുടർന്നു് വിശുദ്ധിയുടെ പുതിയ പുതിയ പൂക്കൾ കർമ്മെലാരാമത്തിൽ വികസിച്ചുവന്നുകൊണ്ടിരുന്നു. അവരിൽ പ്രധാനപ്പെട്ടവരുടെ പേരാണു് താഴെ ചേർക്കുന്നതു്: സിസിലിയിൽ രക്തസാക്ഷിമകുടം ചൂടിയ വി. ആൻജെലൂസ്, അവിടെ അൽഭുതപ്രവർത്തകൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന വി. ആൽബർട്ടു് (†1306), ഫിയേസൊലെ എന്ന രൂപതയുടെ മെത്രാനായിത്തീർന്ന വി. ആൻഡ്രൂ കൊർസിനി, കോൺസ്റ്റന്തിനോപ്പിളിയുടെ ലത്തീൻ പാത്രിയർക്കും, പൌരസ്ത്യദേശത്തു് മാർപ്പാപ്പായുടെ പ്രതിനിധിയുമായിരുന്ന വി. പീറർ തോമസ് (†1365), പോർത്തുഗലിൻെറ സ്വാതന്ത്ര്യത്തിനു വേണ്ടി ഒരു സൈന്യാധിപനായി വിജയംവരെ യുദ്ധം

ചെയ്തതിൻെറ ശേഷം കർമ്മെലസഭയിൽ കേവലം ഒരു തുണസഹോദരനായി പ്രവേശിച്ച് ത്യാഗത്തിൻെറയും പ്രാർത്ഥനയുടെയും മാതൃകയായി ഒമ്പതു കൊല്ലം ജീവിച്ച് മരണമടഞ്ഞ വാഴ്ത്തപ്പെട്ട അൽവാരെസ് നോനിയൂസ പെരയിരാ (†1431), ഫ്റഞ്ചുകാരനായ വി. അവർത്താനം, വാഴ്ത്തപ്പെട്ട റൊമെയൂസും (†1380), ഫ്ളോറൻസുകാരനായ വാഴ്ത്തപ്പെട്ട ആൻജെലൂസ് മസ്സീൻഗി, പ്രയർ ജനറലായിരുന്ന വാഴ്ത്തപ്പെട്ട ജോൺ സൊറത്തു് (†1471), വാഴ്ത്തപ്പെട്ടവരായ ഫ്റൻസേസ്കാ ദെ അമ്പൂവാസ് (†1485), ആൻജെലാ ജിർലാനി (†1494), ജിയോവാന്നാ സ്കൊപ്പേല്ലി (†1491), ബത്തോളെമെയൂസ്ഫാന്തി (†1495), ജിയക്കോബീനോ ദെ കനെപ്പാച്ചി (†1508), ബപ്തിസ്ലാ സ്പഞ്ജോലി (†1516), പാസ്സിയിലെ വി. മറിയം മഗ്ദലേന (†1604).

ഇവരിൽ പാസ്സിയിലെ വി. മറിയം മഗ്ദലേന ഒഴിച്ച് ബാക്കിയുള്ളവരെല്ലാം വി. അമ്മ ത്രേസ്യാ കർമ്മലീത്താ സഭ നവീകരിച്ചതിനു മുമ്പ് സഭയിൽ ജീവിച്ചിട്ടുള്ളവരാകുന്നു. വി. മറിയം മഗ്ദലേന അതിനുശേഷം ജീവിച്ചവളെങ്കിലും നവീകൃതവിഭാഗത്തിൽ ചേരാത്ത ഒരു മഠാംഗമായിരുന്നു.

നവീകൃത കർമ്മെലസഭയിലെ വിശുദ്ധാത്മാക്കളിൽ പ്രധാനപ്പെട്ടവർ താഴെക്കാണുന്നവരാകുന്നു.

വി. അമ്മ ത്രേസ്യാ (†1582), കുരിശിൻെറ വി. യോഹന്നാൻ (†1591), വി. മാർഗരററ് റേഡി (†1770), വി.കൊച്ചുത്രേസ്യാ(†1897), വാഴ്ത്തപ്പെട്ടവരായ മേരി (of the Incarnation †1618), അന്ന (of the St. Bartholomew (†1626), ഡയനിഷ്യസും റെദേമ്പ്തൂസും (†1638), മേരി (of the Angels †1717), തെരീസായും (of St. Angustine) കൂട്ടസഹോദരികളും (†1794); ഇവക്കു പുറമേ 24 പേരുടെ നാമകരണവിചാരണ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

### നിയമങ്ങളുടെ ലഘൂകരണവും സഭയുടെ നവീകരണവും

വിശുദ്ധിയിലും ജ്ഞാനത്തിലും മററു കാര്യങ്ങളിലും സഭയ്ക്കുണ്ടായ അഭിവൃദ്ധിയും പ്രതാപവും അധികനാൾ നിലനിന്നില്ല. 1348-ൽ യൂറോപ്പിൽ പടർന്നുപിടിച്ച സാംക്രമികരോഗംമൂലം അന്തരിച്ച അസംഖ്യം ആളുകളുടെ ഗണത്തിൽ കർമ്മലീത്താ സന്യാസിമാരും ധാരാളം ഉൾപ്പെട്ടിരുന്നു. ഇതിനെ തുടർന്നുണ്ടായ നൂറുകൊല്ലത്തെ യുദ്ധവും, പാശ്ചാത്യ ഛിദ്മയും സന്യാസാർത്ഥികളുടെ എണ്ണം ഗണനീയമായ വിധത്തിൽ കുറച്ചതിനാൽ, നിയമം ലഘൂകരിക്കാതെ മുന്നോട്ടു പോകുക സാദ്ധ്യമല്ലെന്നു വന്നു. അതനുസരിച്ച് 1432-ൽ നാലാം യൂജിൻ മാർപ്പാപ്പാ സഭാനിയമങ്ങളിൽ സാരമായ മാററങ്ങൾ വരുത്തുന്നതിനു് അനുവദിച്ചു.

ഭൂരിപക്ഷം അംഗങ്ങൾക്കും ഈ ഭേദഗതികൾ തൃപ്തികരമായിരുന്നെങ്കിലും, ഉദാരമതികളും ത്യാഗശീലരുമായിരുന്ന സന്യാസികൾ വിചാരിച്ചതു് ജീവിതനവീകരണംമൂലം കർമ്മലീത്താസഭയുടെ ആദ്ധ്യാത്മികനിലവാരം ഉയർത്തുക ഒരു വലിയ ആവശ്യമെന്നത്രേ. അതിനാൽ പലരും അവിടെയുമിവിടെയും നവീകരണങ്ങൾ ആരംഭിച്ചെങ്കിലും വി. അമ്മ ത്രേസ്യായുടെ പരിശ്രമങ്ങൾ മാത്രമേ വിജയംകൈവരിച്ചുള്ളൂ.

### വി. അമ്മ ത്രേസ്യായും കർമ്മലീത്താ സഭയുടെ നവീകരണവും

വി. അമ്മ ത്രേസ്യാ ജനിച്ചതു് സ്പെയിനിൽ ആവിലാ പട്ടണത്തിൽ 1515-ാമാണ്ടു് മാർച്ച് 28-ാം തീയതിയാണ്. ത്രേസ്യായിക്കു രണ്ടു വയസ്സുള്ളപ്പോഴാണ് മാർട്ടിൻ ലൂതർ തൻെറ മതവിപ്ലവം ആരംഭിച്ചതു്. ഇതിനെ പ്രാർത്ഥനയുടേയും ത്യാഗത്തിൻേറയും ദൈവികായുധങ്ങൾ ഉപയോഗിച്ച് ചെറുക്കുന്നതിനു് ദൈവപരിപാലന തിരഞ്ഞെടുത്ത ഒരാത്മാവായിരുന്നു വി. ത്രേസ്യാ.

ചെറുപ്പംമുതലേ അവൾ ഊർജ്ജസ്വലയും ഉദാരമതിയും, സന്തോഷചിത്തയുമായിരുന്നു. ആവിലായിൽത്തന്നെയുണ്ടായിരുന്ന ഒരു കർമ്മലീത്താ മഠത്തിൽ അവൾ അംഗമായി ചേർന്നു. ആരംഭത്തിൽ അപൂർണ്ണമായ ഒരു ജീവിതം കുറെ വർഷങ്ങൾ നയിച്ചെങ്കിലും, പിന്നീട്ടു് ദൈവനിവേശനങ്ങൾക്കു തന്നെത്തന്നെ പൂർണ്ണമായി വിട്ടുകൊടുത്തുകൊണ്ടു് വിശുദ്ധിയുടെ സോപാനത്തിൽ ഓടിക്കയറുവാൻ തുടങ്ങി. കൂടുതൽ തീക്ഷ്ണതയോടുകൂടിയും, ഉദാരതയോടുകൂടിയും ദൈവത്തെ സ്നേഹിക്കുന്നതിനായി, അധികാരിക

ളുടെ അനുവാദസഹിതം പൂർവ്വകർമ്മലീത്താ നിയമം അവർ സ്വകാര്യമായി കുറെ വർഷങ്ങൾ അനുഷ്ഠിച്ചു. തദനന്തരം ഈ നിയമങ്ങളനുസരിച്ചു ജീവിക്കുന്നതിനു വേണ്ടി കുറെ കന്യാസ്ത്രീകളോടുകൂടി 1562 ആഗസ്റ്റ് 24-ാം തീയതി ആവിലായിൽത്തന്നെ വി. യൗസേപ്പിന്റെ നാമത്തിൽ ഒരു പുതിയ മഠം സ്ഥാപിച്ചു. ഇതായിരുന്നു കർമ്മലീത്താ സഭയുടെ സ്ത്രീവിഭാഗത്തിനു വേണ്ടിയുള്ള ആദ്യഭവനം.

പരിശുദ്ധസ്നേഹം നൽകി ദിവ്യരക്ഷകനെ ആശ്വസിപ്പിക്കുക, അവിടുത്തേക്കു നഷ്ടപ്പെടുന്ന ആത്മാക്കളെ രക്ഷിക്കുക, തിരുസ്സഭയ്ക്കുവേണ്ടി ധാർമ്മികസമരത്തിലേർപ്പെട്ടിരിക്കുന്നവരെ സഹായിക്കുക മുതലായവയായിരുന്നു കർമ്മലസഭാ നവീകരണത്തിൽ വി. അമ്മ ത്രേസ്യാക്കുണ്ടായിരുന്ന ലക്ഷ്യങ്ങൾ. അവ സാധിതമാക്കുന്നതിന് വിശുദ്ധ നിർദ്ദേശിച്ച ശക്തിയേറിയ മാർഗ്ഗം അഗാധമായ ആന്തരികജീവിതമായിരുന്നു. പ്രേഷിതലക്ഷ്യത്തോടുകൂടിയ ഈ ധ്യാനയോഗജീവിതത്തെക്കുറിച്ച് വി. അമ്മ ത്രേസ്യാ തന്റെ പുത്രിമാരോട് പ്രസ്താവിച്ചിട്ടുള്ളത് ഒരിക്കലും വിസ്മരിക്കാവതല്ല. വിശുദ്ധ പറയുന്നു: "ഓ, മിശിഹായിൽ എന്റെ സഹോദരികളെ, നശിച്ചുപോകുന്ന നിരവധി പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ എന്നെ സഹായിക്കുക. അതിനുവേണ്ടിയാണ് നമ്മുടെ കർത്താവ് നമ്മെ ഇവിടെ ഒന്നിച്ചുകൂട്ടിയിരിക്കുന്നത്. അതാകുന്നു നിങ്ങളുടെ ദൈവവിളി, നിങ്ങളുടെ ജോലി; അതായിരിക്കണം നിങ്ങളുടെ എല്ലാ ആഗ്രഹങ്ങളുടേയും വിഷയം; അതിനുവേണ്ടി നിങ്ങൾ വളരെയധികം കരയുകയും പ്രാർത്ഥിക്കുകയും വേണം." കത്തോലിക്കാസഭയുടെ സംരക്ഷകർക്കും യോദ്ധാക്കൾക്കും വേണ്ടി പ്രാർത്ഥനമൂലം ദൈവാനുഗ്രഹം വാങ്ങിച്ചുകൊടുക്കുവാൻ അർഹരാകത്തക്കവണ്ണം സഹോദരികൾ ജീവിക്കണമെന്ന് വിശുദ്ധ അവരെ ശക്തിയുക്തം ഉപദേശിക്കുന്നു. "നമ്മുടെ പ്രാർത്ഥനകൊണ്ട് അവരുടെ വിജയത്തിന് നാം സഹായിക്കുന്നെങ്കിൽ, നാമും നമ്മുടെ ഏകാന്തതയിൽ വസിച്ചുകൊണ്ട് ദൈവതാല്പര്യങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യുകയാണ്". ലൂതരന്മാർ ഫ്രാൻസിലും ജർമ്മനിയിലും ആത്മാക്കൾക്കു വരുത്തിയ നാശങ്ങളെപ്പററിയുള്ള അറിവ് സ്നേഹത്തിലും ത്യാഗത്തിലും ദൈവത്തോടു കൂടുതലടുക്കുന്നതിന് വിശുദ്ധ ത്രേസ്യായെ സദാ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

ആത്മാക്കളുടെ, പ്രത്യേകിച്ച് അവിശ്വാസികളുടെ രക്ഷ, കർമ്മലീത്താ സന്യാസിനികളെപ്പോലെ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നവരുടെ ഉപരി വിശുദ്ധീകരണം, ആദ്ധ്യാത്മികനിയന്ത്രണം മുതലായ മഹനീയ ലക്ഷ്യങ്ങളെ മുൻനിറുത്തിക്കൊണ്ട് നവീകൃതകർമ്മലീത്താ സന്യാസികളുടേയും ആശ്രമങ്ങൾ സ്ഥാപിക്കുന്നതിനു വി. അമ്മ ത്രേസ്യായിക്കു സാധിച്ചു. ഇവയിൽ ആദ്യത്തെ ആശ്രമം 1568 നവംബർ 28-ാം തിയതി ദുരുവേലോയിൽ സ്ഥാപിതമായി. ഇംഗ്ലണ്ടിൽ ഒന്നാം എലിസബത്ത് രാജ്ഞിയുടെ കീഴിൽ കത്തോലിക്കർ അതി ദാരുണമായി മർദ്ദിക്കപ്പെടുന്ന കാലമായിരുന്നു അത്. കത്തോലിക്കാസഭയെ സഹായിക്കുന്നതിനു വി. അമ്മ ത്രേസ്യാ ആസൂത്രണം ചെയ്ത വിഷമമേറിയ പ്രസ്ഥാനത്തിൽ അവളുടെ വലങ്കൈയ്യായി പ്രവർത്തിക്കുവാൻ ദൈവം തിരഞ്ഞെടുത്തത് കുരിശിന്റെ വി. യോഹന്നാനെയായിരുന്നു. ഇവരിരുവരേയുമാണ് നവീകൃത കർമ്മലീത്താ സഭക്കാർ തങ്ങളുടെ ആദ്ധ്യാത്മിക മാതാപിതാക്കന്മാരായി വണങ്ങുന്നത്"

വി. അമ്മ ത്രേസ്യാ സ്പെയിനിൽ ആരംഭിച്ച കർമ്മലീത്താ സഭയുടെ നവീകരണം അവർണ്ണനീയങ്ങളായ പ്രതിബന്ധങ്ങളെ തരണംചെയ്ത് വിസ്മയനീയമായ വിധത്തിൽ വികസിക്കുകയും മററു രാജ്യങ്ങളിലേയ്ക്കു വ്യാപിക്കുകയും ചെയ്തു.

ആത്മാക്കൾ നശിച്ചുപോകുന്നതിനെക്കുറിച്ചു വിചാരിച്ചു ദുഃഖിച്ചുകൊണ്ട്, അവരെ രക്ഷിക്കുന്നതിന് തനിക്ക് പ്രാർത്ഥനയല്ലാതെ മററൊന്നും സമർപ്പിക്കാനില്ലാത്തതിനാൽ അതെങ്കിലും സ്വീകരിക്കണമെന്ന് തീക്ഷ്ണതയോടുകൂടി നമ്മുടെ ദിവ്യരക്ഷകനോട് അഭ്യർത്ഥിച്ചുകൊണ്ടിരുന്ന വി. അമ്മ ത്രേസ്യായിക്ക് അവിടുന്നൊരിക്കൽ പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറഞ്ഞു: "എന്റെ മകളെ, കുറച്ചു കാത്തിരിക്കുക, അപ്പോൾ നീ വലിയ കാര്യങ്ങൾ കാണും." പ്രാർത്ഥന, സ്നേഹം, ത്യാഗം ഇവ മുഖേന കത്തോലിക്കാ സഭയുടെ ഹൃദയത്തിൽ സ്ഥിതിചെയ്തുകൊണ്ട് ആത്മരക്ഷാർത്ഥം പ്രവർത്തിക്കുന്ന നവീകൃതകർമ്മലീത്താസഭയുടെ ലോകമാകെയുള്ള വികസനമായിരുന്നു നമ്മുടെ ദിവ്യരക്ഷകൻ സൂചിപ്പിച്ച "മഹൽക്കാര്യങ്ങൾ" എന്ന് അനന്തരസംഭവങ്ങൾ വെളിപ്പെടുത്തി. വിശുദ്ധയുടെ ആദ്യ ജീവ

ചരിത്രകാരന്മാരിൽ ഒരാളായ യേപ്പസ് പറയുന്നു: "നവീകൃത കാർമ്മെൽസഭ കത്തോലിക്കാതിരുസ്സഭയിൽ ഒരു വലിയ വൃക്ഷംപോലെ വളരും എന്നു ത്രേസ്യാ ഗ്രഹിച്ചിരുന്നു. അതിന്റെ ഫലങ്ങൾ ദാനിയേൽ ദീർഘദർശി വർണ്ണിച്ചിരിക്കുന്ന വൃക്ഷത്തിന്റെ ഫലങ്ങൾ പോലെ ആകാശത്തിലെ പക്ഷികൾ — അതായതു് ധ്യാനയോഗികളായ ആത്മാക്കൾ—മാത്രമല്ല, പിന്നെയോ, ജന്തുക്കളും കാട്ടുമൃഗങ്ങളും—അതായതു് കത്തോലിക്കാസഭയിലെ പാപികളും തിരുസ്സഭാനിയമങ്ങൾക്കു് ഇനിയും വിധേയരായിട്ടില്ലാത്ത അവിശ്വാസികളും—ഭക്ഷിക്കുമെന്നു് അവൾക്കറിയാമായിരുന്നു."

## കർമ്മെലീത്തർ ഇൻഡ്യയിലേയ്ക്കു്

നവീകൃത കർമ്മെലീത്താസഭ ഇന്നു ലോകത്തിൽ നിലനിൽക്കുന്നതിന്റെ സ്വഭാവാതീതകാരണം അതിന്റെ നവീകരണകർത്താക്കളുടെ ജീവിത വിശുദ്ധിയും അവർക്കു ദൈവത്തിലുണ്ടായിരുന്ന അഗാധമായ മനോവിശ്വാസവുമാകുന്നു. മാനുഷികമായി നോക്കിയാൽ മറെറാരു കാരണംകൂടി ചൂണ്ടിക്കാണിക്കാവുന്നതാണു്. 1593-ൽ നവീകൃതസഭയെ പരിഛേദം പഴയ കർമ്മെലീത്താസഭയിൽനിന്നും ഭരണകാര്യങ്ങളിൽ വേർതിരിച്ചതിനാൽ അതിനു സ്വതന്ത്രമായി ജീവിക്കുന്നതിനും വികസിക്കുന്നതിനും സാധിച്ചു. ഇതിലേയ്ക്കു വഴിതെളിച്ചതു് വ്യത്യസ്തങ്ങളായ ചിന്താഗതികളോടും ചാച്ചിലുകളോടുംകൂടിയ സഭയുടെ ഇരു ശാഖകളും കൂടി ഒന്നിച്ചായിരുന്നപ്പോൾ നടന്നിട്ടുള്ള നാടകീയ സംഭവങ്ങളാണു്. അവയിലൊന്നു മാത്രമാണു് കുരിശിന്റെ വി. യോഹന്നാന്റെ ദേഹമർദ്ദനവും കാരാഗൃഹ വാസവും. കത്തോലിക്കാ സഭാചരിത്രംപോലെ കർമ്മെലസഭാചരിത്രവും ഭാവി തലമുറകൾക്കു് നൽകുന്ന ഗുണപാഠങ്ങൾ നിരവധിയാണു്.

വി. അമ്മ ത്രേസ്യായുടെ മക്കൾ അചിരേണ ആദ്യം മററ യൂറോപ്യൻരാജ്യങ്ങളിലും പിന്നീട് ലോകത്തിന്റെ നാനാഭാഗങ്ങളിലും പോയി സന്യാസഭവനങ്ങൾ സ്ഥാപിക്കുകയും സന്യാസജീവിതമുറ ഏർപ്പെടുത്തുകയും ചെയ്തു. ഇററാലിയൻ കർമ്മെലീത്തർ മിഷ്യൻ പ്രവർത്തനങ്ങളിൽ വളരെ താല്പര്യം പ്രദർശിപ്പിച്ചു. 1604-ൽ അവർ ഒന്നാമത്തെ മിഷ്യനറി സംഘത്തെ പേർഷ്യയിലേയ്ക്കയച്ചു. ഇന്നു ലോകമാസകലമുള്ള മിഷ്യൻപ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന വേദപ്രചാര തിരുസ്സംഘത്തിനു പ്രാരംഭമിട്ടതും കർമ്മെലീത്തരുടെ പ്രേരണകൊണ്ടാണു്. ദേവമാതാവിന്റെ പീററർ എന്ന ഒരു കർമ്മെലീത്താസന്യാസിയായിരുന്നു എട്ടാം ക്ളമൻറ മാർപ്പാപ്പയുടെ കീഴിൽ അന്നുണ്ടായിതന്ന മിഷ്യൻ സംഘത്തിന്റെ പ്രഥമ അദ്ധ്യക്ഷൻ. പിന്നീടിതു 'വേദപ്രചാര തിരുസ്സംഘ'മായി രൂപാന്തരപ്പെട്ടു.

1610-ൽ നിഷ്പാദുക* അഥവാ നവീകൃത കർമ്മെലീത്തർ ഗോവായിൽ ഒരാശ്രമം സ്ഥാപിച്ചു. ഈ ആശ്രമത്തിൽനിന്നാണു 1638-ൽ വാഴ്ത്തപ്പെട്ട ഡയനീഷ്യസും, റെദേമ്പ്തുസും സുമാത്രായിലേയ്ക്കു പോയതും അവിടെവച്ചു് രക്തസാക്ഷിമകുടം ചൂടിയതും. 1642-ാമാണ്ടു് ഗോവായിൽനിന്നു രണ്ടു കർമ്മെലീത്താസന്യാസികൾ മിഷ്യൻസ്ഥാപിക്കാനായി കേരളത്തിൽ വന്നിരുന്നെങ്കിലും അന്നത്തെ പോർട്ടുഗീസ് വൈദികമേലദ്ധ്യക്ഷന്റെ വിസമ്മതംമൂലം അവരുടെ ഉദ്ദേശം സാധിക്കാതെ അവർമടങ്ങിപ്പോകേണ്ടിവന്നു. പിന്നീട് കർമ്മെലീത്തർ കേരളത്തിൽ വന്നതു് 1657-ലാണു്. കൂനങ്കുരിശു സത്യത്തെ തുടർന്നു സുറിയാനി കത്തോലിക്കരുടെ ഇടയിലുണ്ടായ പിളർപ്പിനെ പരിഹരിക്കുവാൻ വേണ്ടി അവരുടെയിടയിലെ കുമ്മബുദ്ധികളുടെ അപേക്ഷപ്രകാരം ഏഴാം അലക്സാണ്ടർ മാർപ്പാപ്പയാണു് നാലുകർമ്മെലീത്തരെ ഫാദർ ജോസഫ്ഓഫ്സെൻറ് മേരിയുടെ നേതൃത്വത്തിൽ കേരളത്തിലേയ്ക്കയച്ചതു്. പിൽക്കാലങ്ങളിൽ കർമ്മെലീത്താക്കാർ തങ്ങളുടെ ദൗത്യം അവിശ്വാസികളുടെ മാനസാന്തരവേലകളിലേയ്ക്കും മലബാറിലെ ക്രൈസ്തവസഭ മുഴുവന്റെയും നിയന്ത്രണത്തിലേയ്ക്കും വ്യാപിപ്പിച്ചെങ്കിലും അതിന്റെ ആരംഭവും ലക്ഷ്യവും അക്കാലത്തുണ്ടായിരുന്ന ഒരുലക്ഷത്തി മുപ്പതിനായിരത്തിൽപരം സുറിയാനി കത്തോലിക്കരെ മാത്രം സ്പർശിക്കുന്നതായിരുന്നു. അവരുടെ മതപരമായ താല്പര്യങ്ങളായിരുന്നു കർമ്മെലീത്തരുടെ ആഗമനോദ്ദേശം.

കർമ്മെലീത്തർക്കു ആരംഭത്തിൽ വിവിധതരത്തിലുള്ള വൈഷമ്യങ്ങൾ ഇവിടെ നേരിടേണ്ടി വന്നെ

* നവീകൃത കർമ്മെലീത്തർ ആരംഭത്തിൽ ചെരിപ്പു ധരിക്കാതെ നടന്നിരുന്നതിനാൽ ജനങ്ങൾ അവരെ നിഷ്പാദുകർ (discalced) എന്നു വിളിച്ചിരുന്നു.

ങ്കിലും, അവരുടെ കുറഞ്ഞകാലത്തെ പരിശ്രമഫലമായി പിരിഞ്ഞുപോയവരിൽ ഒരു വലിയ വിഭാഗം കത്തോലിക്ക ഐക്യത്തിലേക്കും മാർപ്പാപ്പായുടെ അനുസരണത്തിൻ കീഴിലും തിരിച്ചുവന്നു. കാലക്രമേണ സുറിയാനി കത്തോലിക്കരുടെ ഭരണഭാരം മുഴുവൻ കർമ്മെലീത്തർ കൈയ്യേൽക്കുകയും ചെയ്തു. ഈ ഗൗരവമേറിയ ചുമതല അവർ കൈവെടിഞ്ഞതു് പല അസുഖ സംഭവങ്ങളുടേയും ശേഷം 1887-ൽ മാത്രമാണ്.

വിദേശ കർമ്മെലീത്തരുടെ നമ്മുടെ രാജ്യത്തെ നേട്ടങ്ങളിൽ ഏററം സ്തുത്യർഹമായി എന്നും പരിഗണിക്കപ്പെടുന്ന ഒന്നായിരിക്കും കേരളത്തിൽ സന്യാസജീവിതം, പ്രത്യേകിച്ചു് യഥാർത്ഥ കർമ്മെലീത്താ ആദർശമനുസരിച്ചുള്ള ജീവിതം ഉടലെടുക്കുവാൻ അവർ വഹിച്ചിട്ടുള്ള പങ്ക്. ഏതദ്ദേശ്യരെ ഉദ്ദേശിച്ചു് ഇന്നിവിടെ സ്ഥാപിതമായിരിക്കുന്ന കർമ്മെലീത്താ ഒന്നാം സഭയും (പുരുഷവിഭാഗം) രണ്ടാംസഭയും (സ്ത്രീവിഭാഗം) പുരാതന കർമ്മെലീത്താ സഭയുടെ അനുകരണമൊന്നുമല്ല; പിന്നെയോ അതിൻെറ യഥാർത്ഥ സജീവഘടകങ്ങളാകുന്നു. 1937-ലാണ് കർമ്മെലീത്താ ഒന്നാംസഭയുടെ മലബാർ പ്രോവിൻസ് സ്ഥാപിതമായതു്. തദനന്തരം കേരളത്തിൽനിന്നു് 1957-ൽ മറെറാരു ഘടകംകൂടി കർമ്മെലീത്താ ഒന്നാം സഭയിലേയ്ക്കു ചേർക്കപ്പെട്ടിട്ടുണ്ടു്. അതു് അന്നുവരെ മഞ്ഞുമ്മേൽ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ലത്തീൻ കർമ്മെലീത്ത കോൺഗ്രിഗേഷനാണ്.

## കർമ്മെലീത്താ സഭയുടെ ലക്ഷ്യവും ദൌത്യവും

കർമ്മെലീത്താ സഭയുടെ സജീവത അടങ്ങിയിരിക്കുന്നതു് അതിൻെറ വ്യാപ്തിയിലോ, അംഗങ്ങളുടെയും ആശ്രമങ്ങളുടെയും എണ്ണത്തിലോ ഒന്നുമല്ല; പിന്നെയോ, അതിനു സ്വന്തമായിട്ടുള്ള ആദ്ധ്യാത്മികതയിലാണ്. ദൈവത്തോടും മനുഷ്യനോടുമുള്ള അതിൻെറ ബന്ധം എന്തായിരിക്കണം, എപ്രകാരം അതു് സാക്ഷാൽക്കരിക്കണം എന്നിത്യാദി കാര്യങ്ങളെക്കുറിച്ചു് സുനിശ്ചിതമായ ഒരാശയഗതി കർമ്മെലീത്താസഭയ്ക്കുണ്ടു്.


കർമ്മെലസഭയുടെ ലക്ഷ്യം ഒന്നുമാത്രമാണെന്നു പറയാം ലോകത്തിൽ ദൈവസ്നേഹാഗ്നി കത്തിക്കുക. അതിനുവേണ്ടി തൻെറ മക്കൾ ആദ്യമായി ഈ ദൈവസ്നേഹത്തിൽ ജീവിക്കണം; ആ സ്നേഹാഗ്നികൊണ്ടെരിയണം; തദനന്തരം ലോകരേയും അതിൽ പങ്കാളികളാക്കണം എന്നു് കർമ്മെലസഭ ആവശ്യപ്പെടുന്നു. സ്നേഹമെല്ലാം ദൈവത്തിനുവേണ്ടി; ദൈവത്തോടു് അടുപ്പിക്കുന്നതിനെയെല്ലാം സ്നേഹിക്കുക, ദൈവത്തിൽ നിന്നകററുന്നതിനെയെല്ലാം വിട്ടുപേക്ഷിക്കുക ഇതാണ് കർമ്മെലസഭയിലെ സ്നേഹത്തിൻെറ നിയമം. ഈ പരിശുദ്ധസ്നേഹം പ്രാർത്ഥനയിൽനിന്നു ജനിക്കുന്നു; ത്യാഗത്തിൽ ശക്തിപ്രാപിക്കുന്നു; നിശബ്ദതയിൽ സംരക്ഷിക്കപ്പെടുന്നു; പ്രവർത്തനം വഴി അന്യർക്കു പകർന്നുകൊടുക്കുന്നു. അതുകൊണ്ടത്രേ കർമ്മെലീത്താ ജീവിതം പ്രാർത്ഥന, ത്യാഗം, ഏകാന്തത, പ്രവർത്തനം എന്നീ കാര്യങ്ങളിൽ സംഗ്രഹിക്കപ്പെടുന്നതു്.

അശുദ്ധ പ്രണയങ്ങളിലും, ലോകബഹളങ്ങളിലും നിഷ്പ്രയോജനങ്ങളായ പ്രവർത്തനങ്ങളിലും മുഴുകി നട്ടം തിരിയുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചുവരുന്ന ഇക്കാലത്തു് ഉദാരമതികളായ ആത്മാക്കൾ ദൈവത്തെ ഏകാന്തതയിലും മനുഷ്യനെ ദൈവത്തിലും അന്വേഷിക്കുന്നതിൻെറ ആവശ്യം പൂർവ്വാധികം ഗ്രഹിച്ചുതുടങ്ങിയിരിക്കുന്നു. അതിനാലത്രേ കർമ്മെലീത്താ ഒന്നാം സഭയിലേക്കുള്ള ദൈവവിളികൾ വർദ്ധിച്ചുവരുന്നതു്.

കർമ്മെലമാതാവിനു തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചുകൊണ്ടും ആ മാതാവിൻെറയും വി. ഏലിയാസിൻെറയും മഹനീയ മാതൃകയനുസരിച്ചു് ഉന്നതമായ പ്രാർത്ഥനാചൈതന്യം പുലർത്തിക്കൊണ്ടും ദൈവത്തോടു് ഗാഢമായി സ്നേഹത്തിൽ ഐക്യപ്പെടുക, ദൈവസ്നേഹത്തെ ആത്മാക്കളിലേയ്ക്കു് ആവാഹിക്കുക, ആത്മാക്കളെ പരിശുദ്ധമായ ദൈവസ്നേഹത്തിലേയ്ക്കു് ആനയിക്കുക — ഇതാണ് കർമ്മെലസഭാംഗങ്ങളുടെ ഇഹത്തിലെ ജീവിതലക്ഷ്യം, കത്തോലിക്കാ സഭയിൽ അവർക്കുള്ള ദൗത്യം. ഈ ജീവിതം എത്ര ശ്രേഷ്ഠമാണെന്നും അതിൻെറ ഉള്ളിലേയ്ക്കു പ്രവേശിച്ചു് ആരുമറിയാതെ ഉയർന്നാൽ അതെത്ര മധുരമാണെന്നും വിവരിക്കുക അസാദ്ധ്യമത്രേ. ഒരു ഫലത്തിൻെറ മാധുര്യം മുഴുവൻ അറിയണമെങ്കിൽ അതാസ്വദിക്കതന്നെ വേണം; അതിൻെറ നിറം കണ്ടതുകൊണ്ടും വർണ്ണിച്ചുകേട്ടതുകൊണ്ടും, ഒരാൾക്കു് ശരിയായ അറിവും തൃപ്തിയും ഉണ്ടാവില്ല. അതുപോലെ കർമ്മെലീത്താജീവിതമാധുര്യമെന്തെന്നു് ശരിക്കു് ആസ്വദിക്കണമെങ്കിൽ അതു് പൂർണ്ണമനസ്സോടുകൂടി ആശ്ലേഷിച്ചനുഷ്ഠിക്കണം.

# നിങ്ങൾക്കു് കൂടുതൽ നന്നാവാൻ കഴിയും

(ഏ. എസ്. തോമസ്, മാരാരിക്കുളം)



നമ്മുടെ ദിവ്യരക്ഷകൻ സ്വർഗ്ഗരാജ്യത്തെപ്പററി ജനങ്ങളെ അന്യാപദേശകഥകൾ വഴിക്കാണ് പഠിപ്പിച്ചിരുന്നത്. അവിടുന്നു പലപ്പോഴും സ്വർഗ്ഗരാജ്യത്തെ ഒരു കടുകുമണിയോടും, വിത്തു വിതയ്ക്കുന്ന ഒരു കൃഷീവലനോടും ഉപമിച്ചിട്ടുണ്ട്. അതുപോലെ അത്മായ പ്രേഷിതത്വത്തെ ഒഴുകുന്ന ഒരു ഹിമപർവ്വതത്തോട്—എട്ടിലൊന്നുമാത്രം കാഴ്ചയിൽപ്പെടുന്ന ഒന്നിനോട്—താരതമ്യപ്പെടുത്താം. പ്രകൃതിനിയമം ഒഴുകുന്ന ഹിമപർവ്വതത്തെ സമുദ്രത്തിൽ കൂടുതൽ ഉയന്നു ചരിക്കുന്നതിന് അനുവദിക്കാത്തതുപോലെ, ആന്തരികജീവിതത്തിനു സമാനമായിട്ടല്ലാതെ മനുഷ്യൻ അവൻെറ സൽപ്രവൃത്തികളെ ഉയത്തിക്കാണിക്കുന്നതിനെ ആദ്ധ്യാത്മിക നിയമം വിഘാതപ്പെടുത്തുന്നു. മുങ്ങിക്കിടക്കുന്ന ആ എട്ടിൽ ഏഴു ഭാഗമായ രഹസ്യജീവിതത്തെ നമുക്കൊന്നു പരിശോധിച്ചുനോക്കാം.

ഇതര തുറകളിൽ വിജയം നേടുന്നതിന് ആവശ്യമായ ഗുണവിശേഷങ്ങൾ തന്നെ ആദ്ധ്യാത്മികായോധനത്തിൽ വിജയം വരിക്കുന്നതിനും, ആത്മവികാസത്തിനും ആവശ്യം വേണ്ടതാണ്. ഈ അതിപ്രധാനമായ വസ്തുതയെ ജനങ്ങൾ സാധാരണ വിസ്മരിക്കുന്നു. ലോകവ്യാപാരങ്ങളിലും, രാജ്യതന്ത്രത്തിലും, ഇതര ലൗകിക യത്നങ്ങളിലും ഔന്നത്യം പ്രാപിക്കുന്നതിനാവശ്യമായ ഗുണവിശേഷങ്ങളും, ആദ്ധ്യാത്മികജീവിതത്തിൽ ഉയർച്ചപ്രാപിക്കുന്നതിനാവശ്യമായ ഘടകങ്ങളും തമ്മിലുള്ള ബന്ധത്തെ അവർ പരിഗണിക്കുന്നില്ല.

വിശുദ്ധന്മാരെപ്പററി ആധുനികലോകത്തിനുള്ള ധാരണ ശരിയല്ല. രസശൂന്യരും ലോകത്തിലെ ഹൃദ്യങ്ങളായ കാര്യങ്ങളിൽനിന്നും പുറംതള്ളപ്പെട്ടവരും, അപജയം സിദ്ധിച്ചവരുമായ ഒരു കൂട്ടർ ലോകം വിലമതിച്ചിരുന്നവയെ അവഗണിച്ചും, ലൗകിക വിജയങ്ങളെ അപജയങ്ങളായി കരുതിയും, അവകളിൽനിന്നും നിശ്ശേഷം അകന്നും അവയെ പരിത്യജിച്ചും ജീവിച്ചുപോന്നവർ ആയിരുന്നു അവരെന്നാണ് പലരുടെയും സങ്കല്പം.

യഥാർത്ഥത്തിൽ സാമർത്ഥ്യവും കഴിവും ഉള്ളവരായിരുന്നെങ്കിൽ, അവർ സമ്പൽ സമൃദ്ധിയുടെ ഉടമസ്ഥന്മാരായിത്തീരുമായിരുന്നു. അല്ലാതെ അവരുടെ ജീവിതത്തെ അടഞ്ഞ ആശ്രമഭിത്തികൾക്കുള്ളിലും, ആശുപത്രികളിലും, വിദ്യാലയങ്ങളിലും, തുച്ഛമായ പ്രതിഫലത്തോടുകൂടിയ ജോലികളിലും, ഇരുൾ നിറഞ്ഞ ഭവനങ്ങളിൽ ക്രിസ്തീയകുടുംബങ്ങളെ പുനർജീവിപ്പിക്കുന്നതിലും മററും നഷ്ടപ്പെടുത്തിക്കളയുകയില്ലായിരുന്നു. ഈ തെററിദ്ധാരണ വിശുദ്ധരായ സ്ത്രീകളെയും പുരുഷന്മാരെയുംപററി നമ്മിൽ അത്യന്തം പരിതാപകരമായ ഒരു രൂപമാണ് ചിത്രീകരിക്കുന്നത്.

ആ ധാരണയെ തിരുത്തുകതന്നെവേണം. ഇന്നു് സകല പുണ്യവാന്മാരുടെ തിരുനാൾ ആണെന്നും, ഈ യവസരത്തിൻെറ പ്രാധാന്യത്തെ നമ്മെ അനുസ്മരിപ്പിക്കുന്നതിന് ചുരുക്കം ചില അതിഥികൾ നമ്മുടെ മുൻപിൽ ആഗതരായിരിക്കുന്നുണ്ടെന്നും വിചാരിക്കുക. ആദ്യമായി ആ പരുഷ സ്വഭാവക്കാരായ അപ്പോസ്തല പ്രമുഖരെ—വി. പത്രോസിനെയും, വി. പൗലോസിനേയും നമുക്കു് പരിചയപ്പെടാം. അവർ ക്രിസ്തുമതത്തെ മെഡിററേനിയൻ പ്രദേശങ്ങളിൽ ആസകലം

പരത്തിയതു് അവക്കു വേറെ എന്തെങ്കിലും ചെയ്യുന്നതിനുള്ള സാമർത്ഥ്യമോ പ്രാഗൽഭ്യമോ ഇല്ലാഞ്ഞിട്ടാണോ? ഇനി അതാ വി. ബനഡിക്ട് നിൽക്കുന്നു. റോമിലെ വിഗ്രഹാരാധനാജീവിതത്തിൽ നിന്നും സബിയാക്കോവിലെ തന്റെ ഗുഹയിലേക്കു പിൻവാങ്ങിയപ്പോൾ ആയോധനത്തെ അദ്ദേഹം പരിച്ഛേദം പരിവർജ്ജിക്കുകയാണോ ചെയ്തതു്? അദ്ദേഹത്തിന്റെ നിയമങ്ങൾക്കു് വിധേയമായ ആശ്രമങ്ങൾ റോമിന്റെ അധ:പതനാനന്തരവും അനേക ശതാബ്ദക്കാലത്തേക്കു് ലോകസംസ്കാരത്തെ അഭംഗം പുലർത്തിക്കൊണ്ടു് പോന്നില്ലേ? വേറൊരതിഥി വി. ഇഗ്നേഷ്യസ് ലയോളയാണു്. യുദ്ധത്തിൽ മുറിവേററപ്പോൾ സ്പെയിൻ രാജ്യത്തിനുവേണ്ടിയുള്ള സൈനികസേവനം ക്രിസ്തുവിന്റെ യോദ്ധാവാകുന്നതിനായി ഉപേക്ഷിച്ചതു് അദ്ദേഹത്തിനു് തന്റെ പഴയജോലി നിർവഹിക്കുന്നതിനു് നിവൃത്തിയില്ലാഞ്ഞിട്ടാണോ? നിങ്ങൾ സ്വയം വഞ്ചിതരാകരുതു്.

ആ ധീരപുരുഷന്മാരിലും എല്ലാ നേതാക്കന്മാരിലും അവശ്യം ഉണ്ടായിരിക്കേണ്ട ആദ്ധ്യാത്മിക ചൈതന്യവും കമ്മപ്രബുദ്ധതയും ഉണ്ടായിരുന്നു. ആദർശനിബദ്ധമായിരുന്നു അവരുടെ ജീവിതം. അവക്കോരോരുത്തക്കും അവരുടെ ഉദ്ദേശത്തെ ഫലപ്രദമാക്കിത്തീർക്കുന്നതിനു് അതിശക്തമായ ഓരോ ഉരുക്കു മനസ്സുണ്ടായിരുന്നു. ജോൺഡിറോക്കു് ഫെല്ലർ, ആൻഡ്രൂ കാർനേജ്, മോർഗൻ, ആദിയായവർ വ്യാപാരമണ്ഡലത്തിലും, നെപ്പോളിയൻ, ഹിററ്ലർ, സ്റ്റാലിൻ മുതലായവർ രാജ്യതന്ത്രത്തിലും, വി. പൗലോസ്, വി. ബനഡിക്ട്. വി. ഇഗ്നേഷ്യസ് ആദിയായവർ ആദ്ധ്യാത്മികജീവിതത്തിലും പ്രശസ്തരായിത്തീർന്നതു്, അവർ തങ്ങളുടെ ആദർശങ്ങൾക്കെതിരായിവന്ന എല്ലാ പ്രതിബന്ധങ്ങളെയും ദൃഢമനസ്സോടുകൂടി എതിക്കുന്നതിനു് സന്നദ്ധരായതുകൊണ്ടാണു്.

ഒരു കാര്യത്തിൽ പുണ്യാത്മാക്കൾക്കെല്ലാം സാമ്യവുമുണ്ടു്. ഉന്നതമായ ഉദ്ദേശനിഷ്ഠയുള്ളവരായിരുന്നു അവരെല്ലാം. അവരുടെ ഉദ്ദേശനിഷ്ഠ മാതൃകായോഗ്യമായി പ്രവത്തിക്കുന്നതിനു് അവക്കു് ശക്തിമത്തായ പ്രചോദനം നൽകിപ്പോന്നു. തങ്ങളുടെ ഉദ്ദേശസിദ്ധിക്കായി എന്തുതന്നെ ത്യജിക്കുന്നതിനും അവർ സന്നദ്ധരായിരുന്നു. ഈ മനോഭാവം മതത്തിലാണെങ്കിൽ തീഷ്ണതയെന്നും, വ്യാപാരമണ്ഡലത്തിൽ ആകാംക്ഷയെന്നോ, ആവേശമെന്നോ, ആക്രമണാസാക്തിയെന്നോ ആണു് അറിയപ്പെടുന്നതു്. പല പേരിലറിയപ്പെടുന്ന ഈ ഗുണം അഥവാ മനോഭാവം ഒന്നുതന്നെയാണു്. ഏതായാലും ഈ വിശേഷഗുണം കൂടാതെ ഒരുവനും വിജയം വരിക്കുക സാദ്ധ്യമല്ല. എന്നാൽ ഒരു വ്യതാസം ഉണ്ടു്. പുണ്യവാന്മാരും പുണ്യവതികളും പ്രയാസം കൂടാതെയും, ചിലപ്പോൾ അനേകവർഷത്തെ കഠോരമായ മനോവികാരങ്ങളുടെ സംഘർഷണാനന്തരവും. അവരുടെ പ്രതിഭയെ ലൌകികനേട്ടങ്ങൾക്കായി ഉപയോഗിക്കുന്നതിനല്ല, പ്രത്യുത ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുന്നതിനായിട്ടാണു് വിനിയോഗിക്കേണ്ടതെന്നു് മനസ്സിലാക്കിയിട്ടുള്ളവരാണു്.

ഇവിടെയാണു് കത്തോലിക്കാപ്രവത്തനം ആരംഭിക്കുന്നതു്, അതുതന്നെയാണു് കത്തോലിക്കാ പ്രവത്തനംകൊണ്ടു് സാധിക്കേണ്ടതു്.—എല്ലാം ക്രിസ്തുവിൽ നവീകരിക്കാം. മാർപ്പാപ്പമാർ ഇതിന്റെ പൊതു ധർമ്മങ്ങളെ വിശ്വലേഖനങ്ങൾവഴി പലപ്പോഴും പരാമർശിച്ചിട്ടുള്ളതാണു്. കാനൻ കാർഡിജനും അദ്ദേഹത്തിന്റെ ബെൽജിയൻകാരും, ഫ്രഞ്ചുകാരുമായ ജോസിസ്ററുകളും ഇവയെ പ്രയോഗത്തിൽ വരുത്തുകയും, പ്രത്യക്ഷമായ ഫലം പുറപ്പെടുവിക്കയും ചെയ്തിട്ടുണ്ടു്. വിഷമകരമായ പ്രവൃത്തി കഴിഞ്ഞു. ഇനി നമുക്കു് ശേഷിച്ചിട്ടുള്ളതു് അവർ കാണിച്ചുതന്നിട്ടുള്ള വഴിയെ നമ്മുടെ പ്രവത്തനംകൊണ്ടു് വിസ്തൃതമാക്കുകയെന്നുള്ളതാണു്.

നമ്മുടെ പ്രഥമലക്ഷ്യം ആദ്ധ്യാത്മികമായ പരിപൂണ്ണത പ്രാപിക്കുന്നതിനായി നാം നമ്മെത്തന്നെ മിശിഹായുടെ ഛായയിൽ കൊത്തി മിനുസപ്പെടുത്തുകയായിരിക്കണം. അങ്ങനെ കത്തോലിക്കാ പ്രവത്തനത്തിലുള്ള നമ്മുടെ ഭാഗം നിവ്വഹിക്കാം. അങ്ങനെ അവസാനം വരെ നമുക്കു് ഉണർവ്വുള്ള പ്രായോഗികകത്തോലിക്കരായി ജീവിക്കാം. നിരവധി പാർലമെൻററി 'ഡിബേയ്ററിൽ' സംബന്ധിച്ചല്ലാതെ ഒരു രാജ്യതന്ത്രജ്ഞന്റെ പ്രാവീണ്യം നേടുന്നതിനോ, അനവധി കേസ്സുകളുടെ സമർത്ഥമായ വിചാരണ കൊണ്ടല്ലാതെ ഒരു നല്ല അഭിഭാഷകനായിത്തീരുന്നതിനോ സാധിക്കുന്നില്ല. നൂറിനുമേൽ അതിസൂക്ഷ്മങ്ങളായ ശസ്ത്രക്രിയകൾ അപകടരഹിതമായി നടത്തി നല്ല പരി

ചയം സമ്പാദിച്ചല്ലാതെ പ്രസിദ്ധനും, അതിപ്രശസ്തനുമായ ഒരു ശസ്ത്രക്രിയാവിദഗ്ദ്ധനാകുന്നതിന് സാധിക്കയില്ല. ദിനംപ്രതി നിരവധി മണിക്കൂർനേരം തുടർച്ചയായി പല വർഷത്തെ പരിശീലനത്തിനുശേഷമേ ഒരു നല്ല സംഗീതജ്ഞനാകുന്നതിനു സാധിക്കു. അമ്മാനാട്ടക്കാരൻ കളിയിലെ ഓരോ ഭാഗവും, അവനു യന്ത്രവേഗത്തിൽ കളിക്കുന്നതിനു സാധിക്കുന്നതുവരെ പരിശീലനം തുടരുന്നു.

നമുക്ക് ഒരു വലിയ ഗുണമുണ്ട്. ഒരു ദിവസം നമുക്ക് ഇരുപത്തിനാലുമണിക്കൂർ പ്രവർത്തിക്കുന്നതിനു കിട്ടുന്നുണ്ട്. ദിവസത്തിൽ നമ്മൾ ചെയ്യുന്ന ഓരോ പ്രവൃത്തിയും നമുക്കുള്ള ഓരോ അവസരമാണ്. പ്രഭാതം മുതൽ ഉറങ്ങുന്നതുവരെയുള്ള സമയം നമുക്ക് സഹജമായുള്ള ലൌകിക വാസനകളെ നമ്മെ പരിപൂർണ്ണതയിൽ എത്തിക്കുന്നതിന് ഉപയുക്തമാംവിധം ശരിയായി നിയന്ത്രിക്കുന്നതിനു നമുക്കു കഴിയും.

നമുക്ക് ഇഷ്ടാനുസരണമായ പ്രാർത്ഥനയ്ക്കോ, ജ്ഞാനവായനയ്ക്കോ പ്രത്യക്ഷമായ മതാനുഷ്ഠാനകർമ്മങ്ങൾക്കോ വേണ്ടത്ര സമയം എല്ലായ്പ്പോഴും കിട്ടിയെന്നുവരില്ല. അനുദിന ജീവിതസന്ധാരണത്തിനുള്ള പ്രയത്നവും, കുടുംബഭാരവും നമ്മുടെ സമയത്തിന്റെ ഭൂരിഭാഗവും നമ്മിൽനിന്നും അപഹരിച്ചേക്കാം. എന്നാൽ ഒരു കുടുംബം പുലർത്തുകയെന്നത് സ്വയംപരിത്യാഗത്തെ സ്നേഹിക്കുന്നതിന് ദൈവദത്തമായ ഒരവസരം കൂടിയാണത്. കുടുംബജീവിതത്തിലെ ചുമതലകളും ഉത്തരവാദിത്വവും നമ്മെ സഹായിക്കുന്നതിനും വേണ്ടി ദൈവത്താൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒരു ഉപാധിയാണെന്നുള്ള വസ്തുത നാം പ്രത്യേകം മനസ്സിലാക്കണം.

ഭാര്യയേയും കുട്ടികളേയും സംരക്ഷിക്കേണ്ട ചുമതല നമ്മുടെ ആദ്ധ്യാത്മികജീവിതത്തിലെ ആദ്യകരുവിനെ—നിസ്വാർത്ഥതയെയും വിനയത്തെയുമാണ് നമ്മുടെ കരങ്ങളിലേല്പിക്കുന്നത്. (ഭാര്യയോടുള്ള സ്വാഭാവികസ്നേഹം നമ്മെ അവരുടെ നന്മയ്ക്കുവേണ്ടി ചിന്തിക്കുന്നതിനും, പ്രവർത്തിക്കുന്നതിനും പ്രേരിപ്പിക്കുന്നു. തന്മൂലം നമുക്ക് ആദ്ധ്യാത്മിക ജീവിതത്തിലെ രണ്ടാമത്തെ കരുവായ പരസ്നേഹം അഥവാ ഉപവികൂടി ലഭിക്കുന്നു. അതിനാൽ പരസ്നേഹമാകുന്ന ഉളിയും, വിനയമാകുന്ന ചുററികയും കൊണ്ടു നാം നമ്മിൽ ക്രിസ്തുവിന്റെ പ്രതിച്ഛായ കൊത്തിയെടുക്കുന്നു എന്നു പറയാം. നമ്മുടെ സുഖസൗകര്യങ്ങളെ അവഗണിച്ച് അന്യരുടെ സുഖസൗകര്യാദികളിൽ അത്യുൽസാഹവും താല്പര്യവും പ്രദർശിപ്പിക്കുന്നതിനു കഴിയുമെങ്കിൽ നാം നന്നായി ആരംഭിച്ചിരിക്കുന്നു.

നമ്മുടെ ഈ പരസ്നേഹത്തിന്റെ പരിധി നമ്മുടെ കുടുംബത്തെയും സ്നേഹിതന്മാരെയും അതിലംഘിച്ച് ലോകത്തിലാസകലം വ്യാപിപ്പിക്കുന്നതിനു കഴിഞ്ഞാൽ, അപ്പോൾ നാം പുണ്യവാന്മാർക്ക് അവരുടെ ചുററുമുള്ള ലോകത്തോട് ഉണ്ടായിരുന്ന മനോഭാവത്തിന്റെ ഏതാണ്ടൊരു മങ്ങിയ പ്രതീതി ദർശിച്ചുതുടങ്ങും. അവർ തങ്ങളുടെ സ്വന്തം വികാരങ്ങളെ അമർത്തുന്നതിനും, ബലഹീനതകളെ പരിഹരിക്കുന്നതിനും ശക്തി പ്രാപിക്കുകനിമിത്തം, അവർക്കു തങ്ങളുടെ സ്നേഹത്തിന്റെയും അദ്ധ്വാനത്തിന്റെയും വിശിഷ്ട ഗുണങ്ങൾ അന്യരിലേക്കു സംക്രമിപ്പിക്കുന്നതിനു സാധിക്കുന്നു. അവർ നമ്മുടെ ദിവ്യരക്ഷകന്റെ "ആരു് എന്നെപ്രതി ജീവൻ ത്യജിക്കുന്നുവോ, അവൻ അതു് കണ്ടെത്തും" എന്ന വാക്കുകളുടെ അഗാധമായ അർത്ഥം ഗ്രഹിച്ചിട്ടുണ്ട്. ആകയാൽ അന്യർക്കുവേണ്ടി ജീവൻ ത്യജിക്കുകനിമിത്തം, പുണ്യവാന്മാർക്കുമാത്രം മനസ്സിലാക്കുന്നതിനു കഴിയുന്ന സമാധാനം അവർ കണ്ടെത്തി.

നമ്മളും അതേമാതിരി തന്നെ സ്വീകരിക്കണം. എല്ലാ കാര്യങ്ങളിലും ദൈവതിരുമനസ്സിനു വിധേയരായും ദൈവഹിതത്തെ ലക്ഷ്യമാക്കിയും പ്രവർത്തിക്കണം. അതായിരുന്നു പുണ്യവാന്മാരുടെ ജീവിതരഹസ്യം. അവർ പുണ്യവാന്മാരായിത്തീർന്നത്, എല്ലായ്പ്പോഴും പ്രാർത്ഥിച്ചതുകൊണ്ടല്ല; അവർക്കു നേരിടേണ്ടിവന്ന പരീക്ഷണഘട്ടങ്ങളെ സന്തോഷത്തോടും, കൃതജ്ഞതയോടും കൂടി സ്വീകരിച്ചതുകൊണ്ടാണ്. അവർ മനപൂർവം അവരുടെ സുഖസൗകര്യാദികളെ കേവലം അരോചകങ്ങളും ഹീനവുമായി തോന്നിയേക്കാവുന്ന പരിചാരകവൃത്തികൾക്കായി ത്യജിച്ചിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ ദിവ്യരക്ഷകൻ തന്നെ അരുളിച്ചെയ്തിട്ടുണ്ട്. "ഞാൻ ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാനാണു വന്നിട്ടുള്ളത്" എന്ന്.

ദിവ്യപൂജ, ദിവ്യകാരുണ്യസ്വീകരണം, ജ്ഞാനവായന മുതലായവകളെപ്പററി എന്തെങ്കിലും കൂടുതലാ

യി പറയേണ്ടതില്ല. അവയെപ്പററി നാം കേട്ടിട്ടുണ്ടു്. പക്ഷേ അവയെ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നതിലാണു യോഗ്യത അടങ്ങിയിരിക്കുന്നതു്.

ദിവ്യപൂജയെയും ദിവ്യകാരുണ്യ സ്വീകരണത്തെയും പോലെ പ്രാധാന്യമുള്ള വേറെ ആദ്ധ്യാത്മികായുധങ്ങൾ ഇല്ല. എന്നാൽ അവ നമ്മൾ ഉപയോഗിക്കുന്നവിധത്തെ ആശ്രയിച്ചാണ് അവ നമുക്ക് ഉപകാരപ്രദമായിത്തീരുന്നതു്. നാം എപ്പോഴും നമ്മുടെ ജീവിതാന്തസ്സിനടുത്ത കടമകൾക്കു മുൻഗണന നൽകണം. അവയെ വേണ്ടവിധം നിർവഹിച്ചുകൊണ്ടാണ് നാം പുണ്യവാന്മാർ ആകേണ്ടതു്—നമ്മുടെ സ്വന്ത താല്പര്യങ്ങളെ ബലികഴിച്ചുകൊണ്ടും, നമ്മുടെ ഹിതാഹിതങ്ങളെ ദൈവതിരുമനസ്സിനു പരിപൂർണ്ണവിധേയമാക്കിക്കൊണ്ടു വേണം നാം പുണ്യം സമ്പാദിക്കുവാൻ. നാം മടിക്കരുതു്.

വി. തോമസ് അക്വിനാസിനെയോ, വി. ജോൺ ക്രിസോസ്റ്റമിനെയോ പോലുള്ള വേദപാരംഗതന്മാരുടെ ഗ്രന്ഥപാരായണം കൂടാതെ തന്നെ ഒരുവനു തന്റെ ജീവിതാന്തസ്സിന്നടുത്ത എളിയ ചുമതലകൾ നിർവ്വഹിക്കുന്നതോടൊപ്പം, ദൈവസ്തുതികൾ പാടുന്നതിനും, ദൈവത്തെ ആരാധിക്കുന്നതിനും സാധിക്കും. കുടുംബകാര്യങ്ങൾ അന്വേഷിക്കുന്നതോടൊപ്പം ദൈവികകാര്യങ്ങൾക്കായും നാം സമയം ഉണ്ടാക്കണം. ഉപയോഗശൂന്യങ്ങളായ ലൌകിക കാര്യങ്ങളിൽനിന്നും പിൻമാറുന്നതായാൽ ദൈവികകാര്യങ്ങൾക്കായി നമുക്കു ധാരാളം സമയം കിട്ടുന്നതാണ്.

ആദ്ധ്യാത്മിക ജീവിതത്തിന്റെ ഒരു ഭാഗമായ ധ്യാനം പലപ്പോഴും വലിയ തെററിദ്ധാരണകൾക്കു വിഷയീഭവിക്കാറുണ്ടു്. പ്രവൃത്തിക്കു് വളരെ ഗൌരവം കല്പിക്കുമ്പോൾ അതിന്റെ പരിണതഫലങ്ങളെ നാണയമായിട്ടോ, ശതമാനക്കണക്കിനോ അല്ലെങ്കിൽ മററെന്തെങ്കിലുമൊരു ലൌകീക മാനദണ്ഡമുപയോഗിച്ചോ അളക്കാറുണ്ടു്. അവിടെയും ഇവിടെയും ഓടി നടന്നു ചെയ്യുന്ന നിസ്സാര തൊഴിലുകൾക്കും നാം വലിയ പ്രാധാന്യം കല്പിക്കാറുണ്ടു്. അതിനാൽ ഒരു മനുഷ്യൻ യാതൊന്നും ചെയ്യാതെ, ശാന്തമായി വായിക്കപോലും ചെയ്യാതിരിക്കുമ്പോൾ കാഴ്ചയ്ക്കു് അയാളുടെ സമയം അയാൾ ദുർവ്യയം ചെയ്യുകയാണെന്നു നാം വിചാരിച്ചേയ്ക്കും.

ധ്യാനത്തെ ഒരു ദിവാസ്വപ്നമായിട്ടോ, അല്ലെങ്കിൽ "ഒരു മിസ്റ്റിക്കിന്റെ" പരമാനന്ദ പാരവശ്യദർശനമായിട്ടോ അല്ല ഇവിടെ വിവക്ഷിക്കുന്നതു്. ഒരു വിഷയത്തെപ്പററിയുള്ള ഉചിതവും ലളിതവും തീവ്രവുമായ ചിന്തയെയാണ് ധ്യാനമെന്ന പദംകൊണ്ടു് ഇവിടെ അർത്ഥമാക്കുന്നതു്. ഇതേ സരണിയിൽക്കൂടിയാണ് ഒരു വ്യാപാരി അവന്റെ ലാഭത്തെ വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതും, അഥവാ ഒരു വിശുദ്ധൻ ദൈവത്തോടു് കൂടുതൽ സാമീപ്യം പ്രാപിക്കുന്നതിനു് ശ്രമിക്കുന്നതും. ഇതിലുള്ള ഏക വ്യത്യാസം വിഷയത്തെ സംബന്ധിച്ചു മാത്രമാണ്. രണ്ടുപേരും അവക്കുള്ള അറിവിനെ ആസ്പദമാക്കി അധികം ശേഖരിക്കുന്നതിനു് ശ്രമിക്കുന്നു. അവരുടെ മനസ്സിലുള്ള വസ്തുതകളെപ്പററി അവർ ചുഴിഞ്ഞു ആലോചിച്ചിരുന്നു. ഉദ്ദിഷ്ടസ്ഥാനത്തു് ചെന്നെത്തുന്നതുവരെ അവർ ആലോചന തുടരുന്നു.

ഇന്നു് ജനങ്ങൾ ധ്യാനത്തിനു് ലജ്ജമൂലമോ, അവരുടെ ജീവിതത്തിനതീതമായ ഒന്നാണെന്നു് വിചാരിച്ചോ തുലോം അപ്രധാനമായ ഒരു സ്ഥാനമേ കൊടുക്കുന്നുള്ളു. എന്തുകൊണ്ടെന്നാൽ "നിങ്ങൾ ധ്യാനിക്കുന്നതിനു മുമ്പ് പരിശുദ്ധമായിരിക്കണം," വാസ്തവത്തിൽ നമ്മുടെ മനസ്സിൽ ഒരു പ്രത്യേക ഗൌരവം അർഹിക്കുന്ന ഒരു പ്രശ്നം ഉദിക്കുമ്പോൾ നാം ധ്യാനിക്കാറുണ്ടു്. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ നാം ആ പ്രശ്നത്തെപ്പററി സദാ ചിന്തിച്ചുകൊണ്ടിരിക്കും. യുവ ദമ്പതികളുടെ പ്രേമം ഇതിനു മകുടോദാഹരണമായിരിക്കും. രണ്ടുപേരും പരസ്പരചിന്തയിൽ മതിവരാത്തവരായി കഴിയുന്നു. അതുപോലെ വിശുദ്ധർ ദൈവത്തെപ്പററിയുള്ള ചിന്തയിൽ കഴിഞ്ഞുപോന്നു.

ഒരു വസ്തുതയുടെ സാധുതയെ തെളിയിക്കുന്നതിനു് അതേപ്പററി ദൃഢവിശ്വാസമുള്ള ഒരുവനെ നിർബന്ധതനാക്കുന്ന ഒരു പരിതസ്ഥിതിയെക്കാൾ ആ വസ്തുതയെ പ്രചരിപ്പിക്കുന്നതിനു് വെറൊരു മാർഗ്ഗമില്ല. കൊളമ്പസ്സിന്റെ കാലത്തു് പലരും ഭൂമി ഉരുണ്ടതാണെന്നു് വിശ്വസിച്ചിരുന്നു. എന്നാൽ അദ്ദേഹത്തെപ്പോലെ അതെപ്പററി ആരും ചിന്തിച്ചിരുന്നില്ല. പതിമൂന്നാംനൂററാണ്ടിലെ, പാശ്ചാത്യലോകത്തിലെ സുഖഭോഗാദികളോടും ആഡംബരപ്രിയത്തോടുമുള്ള അമിതമായ പ്രതിപത്തി തിരുസ്സഭയേയും ബാധിച്ചില്ലേ

യെന്നു് പലരും ശങ്കിച്ചു. പക്ഷെ, വി. ഫ്റാൻസീസ് അസീസിയാണു് വളരെക്കാലത്തെ ദീർഘമായ ഒരു ധ്യാനത്തിനുശേഷം ലളിതവും ദരിദ്രവുമായ ജീവിതത്തിനു് എത്രമാത്രം സ്വാധീനശക്തി ചെലുത്തുന്നതിനു് സാധിക്കുമെന്നു് പ്രകടമാക്കിയതു്. നമ്മുടെ ഈ നൂററാണ്ടിലെ പരീക്ഷണഘട്ടത്തിൽ ലോകോദ്ധാരണത്തിനുള്ള ഏക പോംവഴി സർവ്വതും ക്രിസ്തുവിൽ കൂടി നവീകരിക്കുകയാണെന്നു് പലരും വിചാരിച്ചു. എന്നാൽ കാനൻ കാർഡിജിനാണു് തൻെറ കരാഗൃഹവാസത്തിലെ ഒരു നീണ്ട ധ്യാനത്തിനുശേഷം അതു പ്രവൃത്തിപഥത്തിൽ എത്തിക്കാമെന്നു് തെളിയിച്ചതു്.

വളരെ നേതാക്കന്മാർ—നല്ലവരും വഷളന്മാരും—അവരുടെ ജീവിതത്തിൻെറ ഒരു ഭാഗം തടവിൽ കിടക്കേണ്ടി വന്നതു വെറുമൊരു യാദൃച്ഛിക സംഭവമായിരുന്നില്ല. വി. പത്രോസും, വി. പൗലോസും ജോസഫ് സ്റ്റാലിനും, അഡോൾഫ് ഹിററ്ലറും, കാനൻ കാർഡിജിനും വളരെ നീണ്ട മാസങ്ങളിലെ ഏകാന്ത ധ്യാനത്തിൽ ജീവിതം ചെലവഴിക്കുന്നതിനു് നിർബന്ധിതരായിത്തീർന്നിട്ടുണ്ടു്. തടവിൽനിന്നും ദൃഢമൂലമായ ചില ആദർശങ്ങളോടുകൂടിയാണു് അവർ ലോകരംഗത്തു് പുനരാഗമിക്കുന്നതു്. അങ്ങനെ അവയുടെ വിദ്വേഷത്തിൻെറ അഥവാ സ്നേഹത്തിൻെറയോ സന്ദേശത്തെ ആസ്പദമാക്കി അവർ ലോകത്തിൻെറ നാശത്തിനോ, മഹത്വത്തിനോ ഹേതുക്കളായിത്തീരുന്നു.

ഇതിൽനിന്നും ആരെങ്കിലും ബാങ്കിൽനിന്നും പണമപഹരിച്ചോ, മററെന്തെങ്കിലും കുററകരമായ പ്രവൃത്തിചെയ്തോ, ഒന്നോ രണ്ടോ വർഷത്തെ തടവുശിക്ഷയ്ക്കു് വിധേയമായി ദീർഘനാളത്തെ ധ്യാനത്തിനുശേഷം തടവിൽനിന്നും അതിശ്രേഷ്ഠകാന്തിയുള്ള കത്തോലിക്കാപ്രവർത്തകരായി തീരുമെന്നു് ആരും വിചാരിക്കുമെന്നു് തോന്നുന്നില്ല. എന്നാൻ ഒരുകാര്യം തീർച്ചയാണു്. നിങ്ങൾ നിങ്ങളുടെ ഹൃദയ ചക്ഷുസ്സുകൾക്കു് ദൈവമഹത്വത്തെയും ആദ്ധ്യാത്മിക പരിപൂർണ്ണതയെയും കത്തോലിക്കർ അനുഷ്ഠിക്കേണ്ട മററു പല കാര്യങ്ങളേയും വിഷയമാക്കിയാൽ മാത്രമേ നിങ്ങൾക്കു ആദ്ധ്യാത്മികജീവിതത്തിൽ അടിക്കടി അഭിവൃദ്ധിപ്പെടുന്നതിനു് സാധിക്കയുള്ളൂ.

ആദ്ധ്യാത്മികപരിപൂർണ്ണത പ്രാപിക്കുന്നതിനു് പ്രവർത്തനത്തോടൊപ്പം സ്ഥിരോൽസാഹവും അനുപേക്ഷണീയമാണു്. അതാണു് ഒരു വലിയ ചോദ്യചിഹ്നം.

സ്വർഗ്ഗാരോഹണാനന്തരം ക്രിസ്തുശിഷ്യന്മാർ ഒരു ഉയർന്ന മുറിയിൽ സംശയാലുക്കളും ഭയവിവശരുമായി ഒരുമിച്ചുകൂടി. അവരുടെ നേതാവു് അവരിൽ നിന്നും തിരോധാനം ചെയ്തു. ഇനിയെന്താണു് അവർ ചെയ്യേണ്ടതെന്നു് അവർക്കറിഞ്ഞുകൂടാ. എന്നാൽ വേദപുസ്തകം പറയുന്നു. "അവർ പ്രാർത്ഥനയിൽ നിമഗ്നരായിരുന്നുവെന്നു്" അവർ പരിശുദ്ധാരൂപിയുടെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടു് അവിടുത്തെ സ്വീകരിക്കുന്നതിനായി തങ്ങളെത്തന്നെ ഒരുക്കി. അങ്ങനെ അവരുടെ ആദ്യനോവേനയുടെ അന്ത്യത്തിൽ ദൈവം അവരുടെമേൽ പരിശുദ്ധാരൂപിയെ അയച്ചു. അവർ നമ്മുടെ ദിവ്യരക്ഷകനിൽ വിശ്വസിക്കുകയും, അവിടുത്തെ ഹിതാനുസരണം വർത്തിക്കുകയും ചെയ്യുകനിമിത്തം അവർ അതിമാനുഷികമായ പല അത്ഭുതപ്രവൃത്തികളും ചെയ്യുന്നതിനു് ശക്തരായിത്തീർന്നു.

ഇതുപോലെതന്നെ നമുക്കും സംഭവിക്കും. നമ്മുടെ പ്രവർത്തനം എങ്ങനെ ആയിരിക്കണമെന്നു് ഒരു ഏകദേശരൂപം നമുക്കു ക്രിസ്തുനാഥൻെറ പഠനങ്ങളിൽനിന്നും ആധുനിക മാർപ്പാപ്പാമാരുടെ തുടർച്ചയായുള്ള പല ചാക്രികലേഖനങ്ങളിൽനിന്നും ഗ്രഹിക്കുന്നതിനു സാധിച്ചിട്ടുണ്ടു്. നമ്മുടെ അനുദിനപ്രവൃത്തികൾ ഓരോ ദിവസം ചെല്ലുംതോറും നമ്മുടെ ഹൃദയത്തെയും, മനസ്സിനെയും ദൈവകാര്യങ്ങളിലേക്കു കൂടുതൽ കൂടുതൽ അടുപ്പിക്കുന്നതായിരിക്കണം. നമ്മിൽ നാം ക്രിസ്തുവിൻെറ ഒരു സാദൃശ്യം വാർത്തെടുക്കണം. നാം വാർത്തെടുക്കുന്ന ക്രിസ്തുവിൻെറ രൂപത്തിനു് യഥാർത്ഥ ക്രിസ്തുനാഥൻെറ ഛായയുമായി അതിരററസാദൃശ്യം ഉണ്ടായിരിക്കുന്നതിനായി നാം പ്രയത്നിക്കണം—എന്നാൽ ഞാനല്ല ക്രിസ്തുവാണു് എന്നിൽ ജീവിക്കുന്നതു്" എന്നു് പറയാറാവണം. അങ്ങനെ നാം ജീവിക്കുമ്പോൾ ദൈവം നമുക്കു് വിധിദിവസത്തിൽ തക്ക സമ്മാനം നൽകും.

(Mr. Michael Putman's "You can be better than you are" എന്ന ലേഖനത്തോടു കടപ്പാടു്.)

# ഇനി എങ്ങോട്ട് ?

(പി. എക്സ്. പല്ലവിള)

ജീവിതത്തിന്റെ നാലും കൂടുന്ന വഴിത്തിരിവിലായിരിക്കാം ഇപ്പോൾ നിങ്ങൾ. ഭവസാഗരത്തിന്റെ തിരശ്ശീലയിൽ ഒരു പുതുമുഖം കൂടി കാത്തിരിക്കുകയല്ലേ പ്രേക്ഷകർ. 'സംസാര'ത്തിന്റെ ഈ ചലച്ചിത്രത്തിൽ ഏതു ഭാഗം അഭിനയിക്കണമെന്നല്ലേ? ഒരു ഡോക്ടറോ പ്രഫസ്സറോ പ്രധാന മന്ത്രിയോ എൻജിനീയറോ ഒക്കെ ആകുന്നതിനെപ്പററി നിങ്ങൾ ചിന്തിച്ചിട്ടുണ്ടാവും. പക്ഷേ, ഒരു വൈദികനോ, സന്യാസിയോ ആകുന്നതിനെപ്പററി നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടായിരിക്കുമോ? ഹോ! നിങ്ങൾക്കു വിവാഹം കഴിക്കുവാനായിരിക്കും മോഹം അല്ലേ? അതിലെന്താണൊരു പുതുമ? അതെല്ലാവരും ചെയ്യുന്നതല്ലേ? അല്ല, മനുഷ്യസ്നേഹത്തിനുവേണ്ടി നിങ്ങളുടെ ഹൃദയം ഉഴറുന്നുണ്ടാവും. പക്ഷേ, നിങ്ങളുടെ സ്നേഹത്തിനു ഒന്നുകൂടി കുലീനവും ഉദാത്തവുമായിരുന്നുകൂടേ? കേവലം ഒരു തീപ്പൊരിക്കുവേണ്ടി നിങ്ങളുടെ കാമന മിന്നിപ്പൊലിയുമ്പോൾ എന്തുകൊണ്ട് അതിന്നു തീജ്ജ്വാല തന്നെയായ ദിവ്യപ്രണയത്തെ നോക്കി ചിറകിട്ടടിച്ചുകൂടാ?

പ്രപഞ്ചത്തിന്റെ നാല്ക്കവലയിൽ ശരീരമാകുന്ന മൺപാത്രത്തിൽ നാമ്പുനീട്ടിയിരിക്കുന്ന നെയ് ചേരാതെ സച്ചിദാനന്ദമാകുന്ന ആ പ്രേമസ്വരൂപന്റെ തൃച്ചരണങ്ങൾ വാഴുന്ന ഉജ്ജ്വലലോകം തന്നെ ചൂണ്ടി തെളിഞ്ഞുകൊള്ളട്ടെ. എന്താ വിരോധമുണ്ടോ? കാർഡിനൽ ഗിൽ റോയിയെ നിങ്ങൾ കണ്ടിട്ടില്ലേ? ഉള്ളിന്റെ ഉള്ളിലേക്കു അരിച്ചുകയറുന്ന മാന്ത്രികമായ ആ പുഞ്ചിരി നിങ്ങൾ ഓർമ്മിക്കുന്നില്ലേ. ജീവിതത്തിൽ നേടാവുന്ന ഏററം വലിയ അനുഗ്രഹമെന്നല്ലേ പൗരോഹിത്യത്തെക്കുറിച്ചു അദ്ദേഹം പറഞ്ഞിട്ടുള്ളതു്. അദ്ദേഹം തുടരുന്നു, അതേ, വൈദികനാവുക എന്ന ബഹുമതിയിൽ അതിരററാനന്ദിക്കുകയും ദൈവത്തെ നിർവ്യാജം സ്തുതിക്കുകയും തന്നെ വേണമെന്നു്.

ഭൂമിയിലെ ദൈവവും മാലാഖയുമൊക്കെയാണു വൈദികൻ. വൈദികൻ മറെറാരു ക്രിസ്തുതന്നെയാണു്. വൈദികനായ സെൻറഗസ്റ്റിൻ പറയുന്നതു എന്റെ സഹയോഗം കൂടാതെ എന്നെ സൃഷ്ടിച്ച എന്റെ സ്രഷ്ടാവിനെ ഞാൻ സൃഷ്ടിക്കുന്നുവെന്നല്ലേ?

ദിവ്യവും മഹോന്നതവും അലൗകികവുമായ പൗരോഹിത്യത്തിലേക്കു ദൈവവിളിയുള്ളവർ പ്രവേശിക്കണം. ദൈവവിളി എന്തെന്നല്ലേ? വ്യാപകാർത്ഥത്തിൽ ഒരു പ്രത്യേക ജീവിത തുറയിലേക്കുള്ള ദിവ്യക്ഷണമാണതു്. നിയമിതാർത്ഥത്തിൽ പൗരോഹിത്യത്തിലേക്കോ സന്യാസത്തിലേക്കോ ഉള്ള ദൈവീകാഹ്വാനം തന്നെയാണു്, ഓരോ യുവതിയും ഓരോ യുവാവും. ദൈവമേ, ഞാൻ പോകേണ്ട വഴി എനിക്കു കാട്ടിത്തരേണമേ (സങ്കീ. 142:8) എന്നു പ്രകാരത്തിനായി പ്രാർത്ഥിക്കണം. ദൈവം നമ്മെ നടത്തുവാൻ ഇഷ്ടപ്പെടുന്ന ആ പാത പിന്തുടരുവാൻ നാം സന്നദ്ധരാവുകയും വേണം. 'വരു, എന്നെ അനുഗമിക്കു, നാഥനാദം മുഴങ്ങുന്നു. നിങ്ങളും എന്റെ മുന്തിരിത്തോപ്പിലേക്കു പോകുവിൻ' 'വിളവധികം വേലക്കാരോ വിരളം' 'എനിക്കു ദാഹിക്കുന്നു' ഹൃദയനാഥന്റെ പരിദേവനങ്ങൾ, ഈ തൊഴുത്തിൽ പെടാത്ത ആടുകളും എനിക്കുണ്ടു്. അവയേയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവിടുന്നു വ്യാകുലതപ്പെടുകയാണു്.

അതേ ക്രിസ്തുവിന്റെ പൌരോഹിത്യം തലമുറകളിലേയ്ക്കു പകന്നു നൽകുവാൻ അവിടുത്തേയ്ക്കു പാത്രങ്ങൾ വേണം. അർഹമായ പാത്രങ്ങൾ. ആ പാത്രങ്ങൾ അവിടുന്നു കണ്ടെടുക്കുന്നു. അതു് പാഴ് കുടിലുകളിൽ നിന്നുമാവാം, മണിമന്ദിരങ്ങളിൽനിന്നുമാവാം. താൻ ഇഷ്ടപ്പെടുന്ന ആത്മാക്കളെ അവിടുന്നു തൊട്ടുണർത്തുന്നു. പൊതുവും അവ്യക്തവുമായ ഒരാകർഷണമോ, പ്രചോദനമോ ആയിരിക്കും, അത്തരം ആത്മാവിൽ ആദ്യമായി അങ്കുരിക്കുക. ലോകത്തിന്റേതായ നിറപ്പകിട്ടുകൾ—സുഖഭോഗങ്ങൾ അതിന്റെ ഹൃദയത്തെ നിറയ്ക്കുന്നില്ല. എന്തോ ഒരു ശൂന്യത—ഒരു പോരായ്മ അതിന്നനുഭവപ്പെടുന്നു. ഭൗമിക സ്നേഹം അതിനു സംതൃപ്തി അരുളുന്നില്ല. ദൈവത്തിനു തന്നെത്തന്നെ

സംപൂർണ്ണമായി സമർപ്പിക്കുവാനുള്ള അഭിവാഞ്ഛ അതിന്റെ ആത്മാവിൽ മുളയെടുക്കുന്നു. ദൈവവിളി തള്ളുവാനോ കൊള്ളുവാനോ ഉള്ള സ്വാതന്ത്ര്യം ആത്മാവിനുണ്ട്. മാംസിക ദുരാശകളുടെ തള്ളിച്ചകൊണ്ട് ദിവ്യാഹ്വാനത്തെ പുറം തള്ളുന്നവർ സന്തുഷ്ടരായിരിക്കുകയില്ല. അവരുടെ നിത്യരക്ഷപോലും അപകടത്തിലാവുകയേയുള്ളു. എന്റെ ശബ്ദം ശ്രദ്ധിച്ചു വാതിലു തുറക്കുന്നവനാരോ അവന്റെ ഭവനത്തിൽ ഞാൻ പ്രവേശിക്കും. അവനോടുകൂടി ഞാനും എന്നോടുകൂടി അവനും അത്താഴമുണ്ണുകയും ചെയ്യും (വെളി 3:20). ദൈവീകാഹ്വാനം ഫലമണിയുക മനുഷ്യവ്യക്തിക്ക് പ്രസാദവരത്തോടുള്ള സ്വതന്ത്രസഹകരണം കൊണ്ടാണ്.

നിയോഗവിശുദ്ധി, പര്യാപ്തത, സഭാധികാരികളുടെ അംഗീകാരം ഇവയാണു ദൈവവിളിയുടെ അടയാളങ്ങൾ. ആന്തരികമായ പ്രേരണയും മെത്രാന്റെ വിളിയും ഇതിന്നാവശ്യമുണ്ട്. ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയുമായിരിക്കണം വൈദികാർത്ഥിയുടെ ഉന്നം. വിശുദ്ധനാവുക എന്ന അഭിലാഷത്തിലും ഈ ലക്ഷ്യം ഒളിഞ്ഞിരിപ്പുണ്ട്. ശാരീരികവും മാനസികവും ആത്മീയവുമായ പര്യാപ്തത വൈദികപദാർത്ഥിക്ക് അത്യാവശ്യകമാണ്. തൃപ്തികരമായ ആരോഗ്യം, തിളയ്ക്കുന്ന തീക്ഷ്ണത, വഴക്കമുള്ള സ്വഭാവം, അഗാധമായ എളിമ, സേവന മനോഭാവം, ക്ഷമിക്കുന്നതിനും സഹിക്കുന്നതിനുമുള്ള സന്നദ്ധത ഇവ അവശ്യം വൈദികപദാർത്ഥിക്കുണ്ടായിരിക്കണം.

കൗമാരത്തിൽ നിന്നു യൗവനത്തിലേക്കു കാലു കുത്തുന്ന പ്രായത്തിലാണു സെമ്മിനാരിയിൽ പ്രവേശിക്കുക. ഇവിടെ വിദ്യാർത്ഥികളിൽ നിന്നു ബാല്യലീലകൾ എന്നേക്കുമായി വിട്ടുമാറുന്നു. ശാരീരികവും മാനസികവുമായ പരിവർത്തനങ്ങൾ സംഭവിക്കുന്നു. സസൂക്ഷ്മമായ സ്വഭാവശിക്ഷണമാണ് ഈ പ്രതിഘട്ടം ആവശ്യപ്പെടുക. തുടരെത്തുടരെ കോപിക്കുന്നവർ, സഹപാഠികളെ വെറുക്കുന്നവർ, വിദ്വേഷമനോഭാവം വച്ചുപുലർത്തുന്നവർ, അസംതൃപ്തർ കലഹപ്രിയർ പഴക്കമില്ലാത്ത ദുർബുദ്ധികൾ ആംഗ്യം നടത്തം, വസ്ത്രധാരണം ഇവയിൽ അടക്കവും ഒതുക്കവും പാലിക്കാത്തവർ, ജ്ഞാനസമ്പാദനത്തിൽ പുരോഗതി തേടാതെ മടിയന്മാരായി പുലരുന്നവർ, അസന്മാർഗ്ഗികവും ദുർമാതൃകവുമായ ജീവിതരീതികളിൽ നിന്നകന്നുപോകുവാൻ ഇഷ്ടപ്പെടാത്തവർ എന്നിവരെ വൈദികവിദ്യാലയത്തിൽ കാലെടുത്തുവയ്ക്കുവാൻ പോലും അനുവദിക്കരുതെന്നു കാനൻനിയമം 1371 കർക്കശമായി അനുശാസിക്കുന്നു.

കുടുംബരംഗങ്ങളാണു ദൈവവിളിയുടെ വിത്താറകൾ. അനാവശ്യമായ ശിക്ഷണക്രമം, തെല്ലും സ്വാതന്ത്ര്യം അനുവദിക്കാത്ത ചുററുപാടുകൾ, സ്നേഹമില്ലാത്ത ബന്ധുജനങ്ങൾ, ഒട്ടും ഉയർന്നനിലയിൽ ജീവിതാവശ്യങ്ങൾ നിർവഹിക്കുവാൻ വിടാത്ത മുട്ടുപാടുകൾ ഇവ ചൂഴ്ന്ന കുടുംബങ്ങളിൽ നിന്നും ഇറങ്ങിവരുന്ന കുട്ടികൾക്കു സാരമായ മാനസികക്ഷതം സംഭവിച്ചിരിക്കും. ഇവർ സദാ മ്ലാനവദനരും വിഷാദമൂകരുമായിരിക്കും. വ്യക്തിവിദ്വേഷവും ദോഷൈകവീക്ഷണവും ഇവരിൽ കുടിപാർക്കും. തത്വശാസ്ത്രം പഠിച്ചുതുടങ്ങുമ്പോൾ മാനസികമായ വികലതകൾ കൂടുതൽ പ്രസ്പഷ്ടമാകുന്നു. അനിയതമായ ഭാവവ്യതിക്രമങ്ങളും അപരിചിതവും അന്യവുമായ പെരുമാററങ്ങളും പലതരം പ്രത്യേകതകളും ഇവരിൽ തല പൊന്തിക്കുന്നു. എന്നാൽ, മിതമായ സ്വാതന്ത്ര്യത്തോടും വാത്സല്യത്തോടും പാവനമായ ക്രൈസ്തവാന്തരീക്ഷത്തിൽ വളർന്നുവരുന്ന യുവജനങ്ങളിൽ ഈടാർന്ന മനഃസാന്നിധ്യവും ഹൃദയാനന്ദവും തളിരിട്ടുലയാതിരിക്കുകയില്ല.

സാക്ഷാത്തായ മതബോധത്തിലും അടിതറച്ച വിശ്വാസത്തിലും അനസ്യൂതമായ പ്രാർത്ഥനയിലും വാർന്നുവീഴുന്ന അചാല്യമായ ഭക്തി ഭൂമിയുടെ ലവണാംശമായ വൈദികസ്ഥാനത്തേയ്ക്കു നിവേശിക്കുന്ന വ്യക്തിക്ക് അത്യാവശ്യമാണ്. മന്ദഭക്തരും പൂർണ്ണതയുടെ താണ പദവികൾകൊണ്ടു മാത്രം തൃപ്തിയടയുന്നവരും വിശ്വാസവിഷയകമായ സന്ദേഹങ്ങൾ, ആദ്ധ്യാത്മിക കാര്യങ്ങളിൽ അനാകർഷണം, മതപരമായ കർമ്മങ്ങളിൽ നിരുത്സാഹം ഇവ വച്ചുപുലർത്തുന്നവരും കുററങ്ങൾ തീർത്തെടുക്കുവാൻ മനഃപൂർവം പ്രയത്നിക്കാത്തവരും ഈ പദവിക്ക് ഒട്ടുംതന്നെ ഇണങ്ങുന്നവരല്ല. വൈദികസ്ഥാനാർത്ഥികൾക്ക് ഉദാരമായ ഹൃദയവും, ഉജ്ജ്വലമായ സ്നേഹവും സേവനസന്നദ്ധമായ മനസ്സും ഉണ്ടായിരിക്കണം. എളിമ, ഭക്തി, ശാന്തത, ശാലീനത ഇവയാവണം ഭൂഷണങ്ങൾ. ക്ഷിപ്രകോപിയും,

(ശേഷം 62-ാം പേജിൽ)

ആദ്ധ്യാത്മികതയുടെ ചില വശങ്ങൾ

# രണ്ടു വശങ്ങൾ

(റവ. ഫാ. ലൂക്കാസ്, ഒ. സി. ഡി.)

ക്രൈസ്തവജീവിതം സ്നേഹത്തിന്റെ ജീവിതമാണ്. സ്നേഹത്തിൽ ആരംഭിച്ച് സ്നേഹത്തിൽ പുരോഗമിച്ച് സ്നേഹത്തിന്റെ പൂർണ്ണതയിലേക്കുള്ള ആത്മാവിന്റെ ഒരാരോഹണമാണത്. സ്നേഹത്തിനു രണ്ടു വശങ്ങളുണ്ട്. ദൈവസ്നേഹത്തിന്റെ വശവും, സഹോദര സ്നേഹത്തിന്റെ വശവും. ഒരു കണ്ണാടിച്ചില്ലിന്റെ ഇരു വശങ്ങൾപോലെയാണവയെന്നു പറയാം. ഒരുവശം മറുവശം കൂടാതെ നില്ക്കുകയില്ല. അതിന്റെ ഒരു വശം പൊട്ടിയാൽ മറുവശവും പൊട്ടും. ഒരു വശത്തു വരച്ചാൽ മറുവശത്തതു ദൃശ്യമാകും. സ്നേഹത്തിന്റെ വശങ്ങളും ഇതുപോലെ പരസ്പരം ബന്ധപ്പെട്ടു നിൽക്കുകയാണ്. രണ്ടും ഒന്നിച്ചു ഒരുപോലെ പുരോഗമിക്കുകയോ അധ:പതിക്കുകയോ ചെയ്യുന്നു.

ക്രൈസ്തവജീവിതത്തിനുമുണ്ട് രണ്ടു വശങ്ങൾ. ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും വശങ്ങൾ അഥവാ ആന്തരികജീവിതവും പ്രേഷിതജീവിതവും. സ്നേഹത്തിന്റെ വശങ്ങൾപോലെ ഇവയും പരസ്പരം ബന്ധപ്പെട്ടിരിക്കുകയാണ്. ആന്തരികജീവിതം പ്രേഷിതജീവിതത്തിനടിസ്ഥാനമാണ്; പ്രേഷിത ജീവനാണത്. യഥാർത്ഥ പ്രേഷിത പ്രവർത്തനം സമൃദ്ധമായ ആന്തരികജീവിതത്തിന്റെ ബാഹ്യപ്രകടനമായിരിക്കും. അതുപോലെ ശരിയായ പ്രേഷിത ചൈതന്യം പ്രേഷിതന്റെ ആന്തരിക ജീവിതത്തെയും പോഷിപ്പിക്കുന്നു.

## ആന്തരിക ജീവിതം

ആന്തരികജീവിതം ആത്മാവിനു് ദൈവസ്നേഹത്തിൽ സ്ഥിരതയും പുരോഗമനവും പൂർണ്ണതയും വരുത്തുന്നു. ആത്മാവ് ദൈവസ്നേഹത്തിൽ രൂപാന്തരപ്പെട്ട്, സ്നേഹത്തിനിരയായി, സ്നേഹബലിയായി സ്വയം ദൈവത്തിനു സമർപ്പിക്കുന്നു. ഈ സ്നേഹാർപ്പണത്തിൽ സംപ്രീതനായി ദൈവം തന്നെത്തന്നെ ആത്മാവിനും നല്കുന്നു. ദൈവവും ആത്മാവും തമ്മിലുള്ള ഈ പരസ്പരസ്നേഹത്തിന്റെ പൂർണ്ണതയനുസരിച്ച് ദൈവം ആത്മാവിലും ആത്മാവു ദൈവത്തിലും ജീവിക്കും. "ദൈവം സ്നേഹമാകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു." (1 വി. യോഹ. IV, 16.)

"എന്റെ ആത്മനാഥൻ എനിക്കും, ഞാനങ്ങേയ്ക്കും" എന്നു് ഉത്തമഗീതയിലും ക്രിസ്തുവിനോടുകൂടി ഞാൻ കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഇനി ഞാനല്ല ജീവിക്കുന്നതു് ക്രിസ്തു എന്നിൽ ജീവിക്കുന്നു" "ക്രിസ്തുവാണെന്റെ ജീവൻ" എന്നെല്ലാം വി. പൗലോസും പറഞ്ഞിട്ടുള്ളതു് ആന്തരികജീവിതത്തിൽ പൂർണ്ണതപ്രാപിക്കുന്ന ആത്മാവിൽ അന്വർത്ഥമാകുന്നു. അങ്ങിനെ ആത്മാവ് ക്രിസ്തുവിലും ക്രിസ്തുവിനോടുകൂടിയും ക്രിസ്തുവിനുവേണ്ടിയും ജീവിച്ച്, ക്രിസ്തുവിനോട് അനുരൂപപ്പെട്ട് 'വേറൊരു ക്രിസ്തുവായി' മാറുന്നതിനത്യാവശ്യമായ ആത്മീയപരിവർത്തനം നടക്കുന്നതു് ആന്തരിക ജീവിതത്തിലാണ്. ദൈവസ്നേഹം ജ്വലിക്കുന്ന വശമതാണ്.

## പ്രേഷിതജീവിതം

ദൈവസ്നേഹത്തിൽ പൂർണ്ണത പ്രാപിക്കുന്നതനുസരിച്ച് ആത്മാവിന്റെ പ്രേഷിതചൈതന്യവും പൂർണ്ണത പ്രാപിക്കുന്നു. സ്വന്തം ആത്മാവിനെ ദൈവത്തിനു് സമർപ്പിച്ചതുകൊണ്ടു് ക്രൈസ്തവൻ തൃപ്തിപ്പെടുകയില്ല. സഹോദരങ്ങളുടെ ആത്മാക്കളേയും ആ അനന്ത സ്നേഹത്തിലേക്കാനയിക്കാൻ ഉററു ശ്രമിക്കും. ദൈവത്തെ ആത്മാക്കൾക്കും ആത്മാക്കളെ ദൈവത്തിനും നൽകുകയാണല്ലൊ പ്രേഷിതാദർശം. പക്ഷേ ഇല്ലാത്തതു കൊടുക്കാൻ സാധിക്കയില്ല. ദൈവത്തെ സ്വന്തമാക്കാത്തവനു്, അവിടുത്തെ മററുള്ളവർക്കു കൊടുക്കുവാനും കഴിയുകയില്ല. ദൈവത്തെ മററുള്ളവർക്കു വെളിപ്പെടുത്തിക്കൊടുക്കുവാൻ നമുക്കു കഴിയണമെങ്കിൽ നാം അവിടുത്തെ അറിയണം. അതുപോലെ മററുള്ളവരെ ദൈവസ്നേഹത്തിൽ ജ്വലിപ്പിക്കണമെങ്കിൽ നാം തന്നെ ആദ്യം സ്നേഹത്തിൽ ജ്വലിക്കണം. അതുകൊണ്ടാണ് വിശുദ്ധമായ ഒരു ജീവിതമാതൃക എ

റവും വിശിഷ്ടമായ പ്രേഷിതപ്രവർത്തനമെന്നു പറയപ്പെടുന്നതു്.

ക്രിസ്തുവിനോടു് അനുരൂപപ്പെടുന്ന ആത്മാവിനു് ക്രിസ്തുവിന്റെ പ്രേഷിതചൈതന്യവും ഉണ്ടായിരിക്കും. "ഞാൻ ഭൂമിയിൽ തീയിടുവാനാണു വന്നിരിക്കുന്നതു്. അതു കത്തിജ്വലിക്കാനല്ലാതെ മറെറന്താണു് ഞാനഭിലഷിക്കുക?" എന്നു പറയുന്ന ക്രിസ്തുനാഥന്റെ സ്നേഹാഗ്നിയിൽ ജ്വലിക്കുന്ന ആത്മാവു് ഒരു ഘടദീപമായിരിക്കുവാൻ അവിടുന്നനുവദിക്കുമോ? ലോകത്തിന്റെ വെളിച്ചമായ ദിവ്യനാഥനെ സ്നേഹിക്കുന്ന ആത്മാവും ലോകത്തിന്റെ വെളിച്ചമായി രൂപാന്തരപ്പെടും. "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു" (മത്താ: V, 14). ലോകത്തെ പ്രകാശിപ്പിക്കുവാൻ ദിവ്യനാഥൻ അവരെ പ്രേഷിതരംഗങ്ങളിലേക്കിറക്കിവിടുകയാണു്. "എന്റെ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (വി. യോഹ. XX, 21) "നിങ്ങളല്ലാ എന്നെ തിരഞ്ഞെടുത്തതു്, ഞാനാണു നിങ്ങളെ തിരഞ്ഞെടുത്തതു്. നിങ്ങളും പോയി ഫലങ്ങൾ ഉളവാക്കുവാനും നിങ്ങളുടെ ഫലങ്ങൾ നിലനില്ക്കുവാനുമായി നിങ്ങളെ ഞാൻ നിയമിക്കയും ചെയ്തിരിക്കുന്നു." (വി. യോഹ. XV, 16) നമ്മുടെ പ്രേഷിതപ്രവർത്തനങ്ങൾ സഫലമാകണമെങ്കിൽ നാം ക്രിസ്തുവിലും ക്രിസ്തു നമ്മിലും ജീവിക്കണം. ആന്തരികജീവിതം അവഗണിച്ചുള്ള പ്രേഷിതജീവിതം ഫലശൂന്യം എന്നു ക്രിസ്തുനാഥൻ തന്നെ പറയുന്നുണ്ടു്.

"ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു. ആർ എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുത്തും. എന്തെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്യുവാൻ കഴിയുകയില്ല." (വി. യോഹ. XV, 5)

## അജ്ഞാത പ്രേഷിതത്വം

പ്രേഷിതപ്രവർത്തനങ്ങളിൽ ബാഹ്യമായി പങ്കെടുക്കുവാൻ അവസരം ലഭിക്കാത്ത ഒരു വിഭാഗം വിശുദ്ധാത്മാക്കളുണ്ടു് തിരുസഭയിൽ. ധ്യാനപരമായ ജീവിതത്തിനു് വിളിക്കപ്പെട്ടിരിക്കുന്ന ഈ ആത്മാക്കളുടെ ജീവിതം തന്നെ ഒരു നിരന്തര പ്രേഷിതപ്രവർത്തനമാണു്. ക്രിസ്തുനാഥന്റെ മൗതികശരീരമാകുന്ന തിരുസഭയിൽ മറഞ്ഞിരുന്നു പ്രവർത്തിക്കുന്ന ആദ്ധ്യാത്മിക ശക്തികേന്ദ്രങ്ങളാണവർ. ആത്മീയാന്ധകാരം നിറഞ്ഞ അന്തരീക്ഷത്തിൽ വിശ്വാസവെളിച്ചം തെളിക്കുന്ന 'വലിയവലിയ വൈദ്യുതദീപങ്ങളും, വഴിവിളക്കുകളും, ആത്മാക്കളിൽ സ്നേഹദീപം കൊളുത്തുന്ന കൊച്ചുകൊച്ചു കൈത്തിരികളുമാണു് മിഷൻ പ്രവർത്തകരെങ്കിൽ, അവയെല്ലാം കത്തിക്കാൻ എണ്ണയും 'ഇലക്ട്രിസിററിയും' അയച്ചുകൊടുക്കുകയാണു് ഈ അജ്ഞാതപ്രേഷിതരുടെ ജോലി. തിരുസഭയുടെ ഹൃദയത്തിലാണവരുടെസ്ഥാനം. അവിടെയിരുന്നുകൊണ്ടു്, അവയവങ്ങൾക്കെല്ലാം ജീവരക്തം പകർന്നുകൊടുക്കുന്ന ഹൃദയത്തിന്റെ ജോലിയാണവർ ചെയ്യുക. അവരുടെ ജോലി സ്നേഹമാണു്, ത്യാഗമാണു്, ആത്മാർപ്പണമാണു്. അജ്ഞാതമെങ്കിലും അത്ഭുതകരമായിരിക്കും അവരുടെ പ്രവർത്തനഫലം. സ്നേഹത്തിൽ പൂർണ്ണത പ്രാപിച്ച ഒരാത്മാവിന്റെ ഒരൊററ സ്നേഹപ്രകരണം അപൂർണ്ണരായ ആത്മാക്കളുടെ അനേകം മഹനീയപ്രവൃത്തികളേക്കാൾ ദൈവത്തിനു സ്വീകാര്യവും തിരുസഭയ്ക്കു് ഉപയോഗപ്രദവുമാണെന്നു് വി. യോഹന്നാൻക്രൂസ്സു് പറയുന്നു. വിശുദ്ധന്റെ ഈ പ്രബോധനം പ്രാവർത്തികമാക്കിയ വി. കൊച്ചുത്രേസ്യായുടെ പ്രേഷിതചൈതന്യം ഇതിനുത്തമ തെളിവാണു്. ചെറുപുഷ്പം വേദപ്രചാര മദ്ധ്യസ്ഥയായി ഉയർത്തപ്പെട്ടതിന്റെ രഹസ്യവുമിതു തന്നെ.

## 'ഇന്നത്തെ ഒരാവശ്യം'

ആന്തരികജീവിതവും പ്രേഷിതജീവിതവും തമ്മിലുള്ള ബന്ധം—ആന്തരികജീവിതത്തിന്റെ പ്രേഷിതവശവും പ്രേഷിതജീവിതത്തിന്റെ ആന്തരികവശവും—മനസ്സിലാക്കാതെ ചിലർ പറയാറുണ്ടു്; ധ്യാനപരമായി ജീവിക്കുന്നവർ ഒന്നും ചെയ്യുന്നില്ലെന്നു്, അവർ തിരുസഭയ്ക്കൊരു നഷ്ടമാണെന്നു്. "മിഷൻപാപ്പാ" എന്നറിയപ്പെടുന്ന പതിനൊന്നാം പീയൂസ് പണ്ടേ ഇതിനുത്തരം നൽകിയിട്ടുള്ളതാണു്. അജ്ഞാതജീവികളായ ആ വീരാത്മാക്കളുടെ ജീവിതം പ്രയോജനരഹിതമോ കാലത്തിനിണങ്ങാത്തതോ അല്ലെന്നു് അദ്ദേഹം പറയുന്നു. "ഇന്നത്തെക്കാലത്തു് അവരെപ്പോലെയുള്ളവരെയാണു് ഏററവും കൂടുതൽ ആവശ്യം. കാരണം, പ്രാർത്ഥനയുടേയും പരിത്യാഗത്തിന്റേയും കടമകൾ നിർവ്വഹിക്കുന്നവർ ദിവ്യനാഥന്റെ മുന്തിരിത്തോട്ടത്തിൽ സജീവപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരി

# പാരഡൈസ് ബാങ്ക് - പ്രാർത്ഥനാസമരപ്രസ്ഥാനം

പാരഡൈസ് ബാങ്കും പ്രാർത്ഥനാസമരവും! ദുർഗ്രഹങ്ങളായ രണ്ടാശയങ്ങൾ! ബാങ്കുകളുടെ നാടായ കേരളത്തിൽ ഒരു പുതിയ ബാങ്കുകൂടി! സമരപാരമ്പര്യമുള്ള കേരളീയർക്കു പുതിയൊരു സമരപ്രസ്ഥാനം! എന്താണിതിന്റെയെല്ലാം അർത്ഥം?

പറയാം. കണ്ടുപിടിത്തങ്ങളുടെ യുഗമായ ഇരുപതാം നൂറ്റാണ്ടിലെ ഏററവും പ്രയോജനപ്രദമായ കണ്ടുപിടിത്തം! അസുരക്ഷിതത്വവും അപകടങ്ങളും നിറഞ്ഞ ഈ ലോകത്തിൽ സുകൃതങ്ങളുടെ കൊച്ചു കൊച്ചു സമ്പാദ്യങ്ങൾ ശേഖരിച്ചു സ്വർഗ്ഗത്തിൽ വമ്പിച്ച നിക്ഷേപമുണ്ടാക്കാൻ നിങ്ങളെ സഹായിക്കുന്ന ഒരു ആദ്ധ്യാത്മിക ബാങ്കുപ്രസ്ഥാനം! ആത്മാക്കളെ നശിപ്പിക്കുവാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന സാത്താന്റെ സൈന്യങ്ങൾക്കെതിരായി പ്രാർത്ഥനയും പരിത്യാഗവുമാകുന്ന ആയുധങ്ങളേന്തി ക്രിസ്തുവിന്റേയും അവിടുത്തെ മാതാവിന്റേയും കൊടിക്കീഴിൽ അണിനിരന്ന് അടരാടുന്ന ഒരു സമരമുന്നണി— അതാണ് പാരഡൈസ്ബാങ്കു — പ്രാർത്ഥനാസമരപ്രസ്ഥാനം.

ആരംഭവും വളർച്ചയും. ഇന്നു ലോകത്തെ ഗ്രസിച്ചിരിക്കുന്ന വിവിധ തിന്മകളെ, വിശിഷ്യാ, കമ്മ്യൂണിസത്തെ നശിപ്പിക്കുന്നതിനും ലോകസമാധാനം സാധിക്കുന്നതിനും വേണ്ടി ദൈവമാതാവു ലൂർദ്ദിലും ഫാത്തിമായിലും പ്രത്യക്ഷയായി മാനവവംശത്തിനു നിർദ്ദേശിച്ചുതന്ന മാർഗ്ഗങ്ങളെ പ്രായോഗികമാക്കുവാൻ, എട്ടു വർഷങ്ങൾക്കുമുമ്പു മംഗലപ്പുഴ സെമ്മിനാരിയിൽ രൂപം കൊണ്ടു, ഈ പ്രാർത്ഥനാസമരപ്രസ്ഥാനം. സുഗമമായ രീതിയിൽ സുകൃതാഭ്യസനത്തിനു പ്രേരിപ്പിക്കുന്ന ഈ പ്രസ്ഥാനത്താൽ ആകൃഷ്ടരായി പലരും പാരഡൈസ്ബാങ്കിന്റെ ബ്രാഞ്ചുകൾ സ്ഥാപിച്ചു നടത്തുവാൻ മുമ്പോട്ടു വന്നതിന്റെ ഫലമായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും സഹ്യാദ്രിസാനുക്കൾക്കപ്പുറത്തേക്കും ഈ ബാങ്കുപ്രസ്ഥാനവും അതിശീഘ്രം വ്യാപിച്ചു. കോൺവെൻറുകളിലും ബോർഡിങ്ങുകളിലും ഭവനങ്ങളിലുമായി 250-ൽപരം ബ്രാഞ്ചുകളുണ്ട്, ഇന്നു പാരഡൈസ് ബാങ്കിനു.

ബാങ്കിന്റെ പ്രവർത്തനപദ്ധതി. ഭൗതികബാങ്കുകൾ പണം സമ്പാദിച്ചു സൂക്ഷിക്കുന്നതിനുള്ള പ്രേരണയും പ്രോൽസാഹനവും നൽകുമ്പോൾ, ഈ സ്വർഗ്ഗീയബാങ്കു "ചിതൽ നശിപ്പിക്കാത്തതും ചോരന്മാർ അപഹരിക്കാത്തതുമായ" ആത്മീയനിക്ഷേപങ്ങൾ സ്വർഗ്ഗത്തിലേക്കായി സമ്പാദിക്കുവാൻ പ്രചോ

---

ദിപ്പിക്കുന്നവരേക്കാൾ കൂടുതൽ സഭയുടെ വികസനത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും സഹായിക്കും."

ധ്യാനപരമായ ജീവിതത്തിനു ആത്മാർപ്പണം ചെയ്തിട്ടുള്ളവരുടെ ആശ്രമങ്ങൾ മിഷൻ നാടുകളിൽ തന്നെ സ്ഥാപിക്കുന്നതു പ്രേഷിതപ്രവത്തനത്തിന്റെ വിജയത്തിനു കൂടുതൽ ഉപകരിക്കുമെന്നു 'ഫിദേയി ഡോണും എക്ലേസിയേ' എന്ന ചാക്രികലേഖനത്തിൽ അദ്ദേഹം എടുത്തുപറയുന്നുണ്ട്.

## ദൈവ നിശ്ചയം

വ്യക്തിഗതമായി നോക്കുമ്പോൾ ഓരോരുത്തനും അവരവരുടെ ദൈവവിളി അനുസരിച്ചു വിശുദ്ധി പ്രാപിക്കണം. അതാണു ദൈവഹിതം. എല്ലാവർക്കും ആശ്രമവാസമോ, ബാഹ്യപ്രേഷിതജീവിതമോ സാധ്യമല്ല. പക്ഷേ, എല്ലാവരും വിശുദ്ധി അഥവാ ക്രൈസ്തവപരിപൂർണ്ണതപ്രാപിക്കുവാൻ വിളിക്കപ്പെട്ടിരിക്കയാണു. അതിനു നിരന്തരം പരിശ്രമിക്കുവാനുള്ള കടമ എല്ലാ ജീവിതസ്ഥിതിയിലുള്ളവർക്കുമുണ്ടു. "ഇതാണു ദൈവഹിതം നിങ്ങളുടെ വിശുദ്ധീകരണം."

(1 തെസ. IV, 3).

"സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ." (വി. മത്താ. V, 48.)

സ്നേഹത്തിന്റെ രണ്ടുവശങ്ങളും ശരിക്കു കണക്കിലെടുത്തു പ്രായോഗികമാക്കാതെ ക്രൈസ്തവപരിപൂർണ്ണതയിലെത്തുകയില്ല. കാരണം ക്രൈസ്തവപരിപൂർണ്ണത സ്നേഹത്തിന്റെ പൂർണ്ണതയിലാണു; ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും പൂർണ്ണതയിൽ സമൃദ്ധമായ ഒരാന്തരികജീവിതവും അതിന്റെ ബഹിർഗമനമായ പ്രേഷിതചൈതന്യവും സ്നേഹത്തിന്റെ പൂർണ്ണതയിലേക്കു ആത്മാവിനെ നയിക്കുന്നു.

ദാനം നൽകുന്നു. പാരഡൈസ് ബാങ്കുപെട്ടിയുടെ ഒരു കള്ളിയിൽനിന്നു് നിർദ്ദിഷ്ടമായ സൽകൃത്യം ചെയ്തു കൊള്ളാമെന്ന നിശ്ചയത്തോടെ സുകൃത"ചിററ"കൾ മറു കള്ളിയിൽ നിക്ഷേപിച്ചുകൊണ്ടാണു പാരഡൈസ് ബാങ്ക് സാധാരണ പ്രവർത്തിക്കുക. ബാങ്ക് ഓഹരിക്കാർ നിക്ഷേപപ്പെട്ടിയിൽനിന്നു നമ്പരുകൾ എടുക്കുമ്പോഴെല്ലാം ദൈവപരിപാലനം ആ നിമിഷത്തിൽ തങ്ങൾക്കായി നിർദ്ദേശിക്കുന്ന സുകൃതാഭ്യാസം എന്തെന്നു കാണുവാൻ സാധിക്കും. ഇപ്രകാരം ഭാഗ്യപരീക്ഷണമെന്ന രസാവഹമായ ഒരു സംഗതികൂടി ഈ ബാങ്കുപ്രവർത്തനത്തിൽ അടങ്ങിയിരിക്കുന്നതിനാൽ, സൽകൃത്യങ്ങൾ ചെയ്യുവാൻ നേരിട്ടു നൽകുന്ന നിർദ്ദേശങ്ങൾക്കുള്ള അരോചകത്വത്തെ വിനോദരസം കലർത്തി മയപ്പെടുത്തുന്നു എന്നതു് ഈ ബാങ്കിൻെറ ആകർഷകത്വത്തിനു മാററുകൂട്ടുന്നു.

അംഗത്വം. മേല്പറഞ്ഞപ്രകാരം പ്രവർത്തിക്കുവാൻ ബാങ്കുപെട്ടിയുടെ ആവശ്യമുള്ളതിനാൽ ബ്രാഞ്ചുകളായി പ്രവർത്തിക്കുന്നവർക്കുമാത്രമേ അംഗങ്ങളാകുവാൻ സാധിക്കുമായിരുന്നുള്ളു. എന്നാൽ, ഇപ്പോൾ കഴിയുന്നത്ര ആളുകൾ ഈ പ്രാർത്ഥനാസമരപ്രസ്ഥാനത്തിൽ പങ്കെടുക്കത്തക്ക ഒരു പുതിയ പദ്ധതി ബാങ്ക് ആവിഷ്കരിച്ചിരിക്കുകയാണു്. ഇതുവഴി ബാങ്കുപെട്ടിയിൽനിന്നു നമ്പരുകൾ എടുത്തു സൽകൃത്യങ്ങൾ അനുഷ്ഠിക്കുവാൻ സാധിക്കാത്തവർക്കും ഈ പ്രാർത്ഥനാസമരപ്രസ്ഥാനത്തിൻെറ അംഗങ്ങളാകാം. അതിനു താഴെക്കാണുന്ന മൂന്നു വ്യവസ്ഥകളിൽ ഏതെങ്കിലും ഒന്നു തിരഞ്ഞെടുത്തു ദിവസവും അനുഷ്ഠിച്ചാൽ മതിയാകും.

(1) ബാങ്കുപെട്ടിയിൽനിന്നു ദിവസവും ഒരു നമ്പർ വീതമെങ്കിലും എടുത്തു് അതിൽ നിർദ്ദേശിച്ചിരിക്കുന്ന സൽകൃത്യം അനുഷ്ഠിക്കുക.

അല്ലെങ്കിൽ

(2) ദിവസവും ജപമാലയുടെ ഒരു ദശകവും ഫാത്തിമാനാഥ പഠിപ്പിച്ച സുകൃതജപവും ചൊല്ലുക.

അല്ലെങ്കിൽ

(3) പാരഡൈസ് ബാങ്ക് — മെമ്പർഷിപ്പ് കാർഡിൽ കൊടുത്തിരിക്കുന്ന ഫാത്തിമാ നാഥയോടുള്ള ജപം ചൊല്ലുക.

മാതാവിൻെറ സന്ദേശം. ലൂർദ്ദിലും ഫാത്തിമായിലും ലാസലെററിലും എന്നല്ല, എവിടെയെല്ലാം മാതാവു പ്രത്യക്ഷപ്പെട്ടിട്ടുണ്ടോ അവിടെയെല്ലാം പ്രാർത്ഥനയുടേയും പരിഹാരത്തിൻേറയും സന്ദേശമാണു് അവിടുന്നു നൽകിയതു്. ഇന്നു് അവയുടെ ആവശ്യം എന്നത്തേക്കാളും കൂടുതലാണു്. കാരണം, സഭയും ലോകവും ഏററം നിർണ്ണായകമായ ഒരു കാലഘട്ടത്തിലൂടെയാണു് നീങ്ങിക്കൊണ്ടിരിക്കുന്നതു്. ഇന്നു മാതാവു ലോകത്തിലെവിടെയെങ്കിലും പ്രത്യക്ഷയാകുന്നെങ്കിൽ, ലൂർദ്ദിലും ഫാത്തിമായിലും താൻ നൽകിയ നിർദ്ദേശങ്ങൾ കൂടുതൽ തീക്ഷ്ണതയോടെ പ്രാവർത്തികമാക്കുവാൻ അപേക്ഷിക്കുകയായിരിക്കും അവിടുന്നു ചെയ്യുക; അതുതന്നെയാണു് പാരഡൈസ് ബാങ്കിൻെറ ലക്ഷ്യവും.

നാമല്ലെങ്കിൽ പിന്നെ ആർ? ക്രിസ്തുവിനേയും അവിടുത്തെ സനാതനസത്യങ്ങളേയും ലോകത്തിൽനിന്നു നിർമ്മാർജ്ജനം ചെയ്യുവാൻ സാത്താനും അവൻെറ അനുയായികളും കിണഞ്ഞു പരിശ്രമിക്കുമ്പോൾ അവിടുത്തെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യുവാൻ നാം തയ്യാറില്ലെങ്കിൽ, പിന്നെ ആർ?

തിരുസ്സഭയുടെ നാരകീയശത്രുക്കൾക്കെതിരായി പ്രാർത്ഥനയും പരിത്യാഗവുമാകുന്ന ആയുധങ്ങളേന്തി പടപൊരുതുവാൻ നാം തയ്യാറില്ലെങ്കിൽ, പിന്നെ, ആർ?

സഭയും അവളുടെ അരുമസന്താനങ്ങളും ഇരുമ്പുമറയ്ക്കുള്ളിലും മുളങ്കർട്ടനു പിന്നിലും ഭീകരമായി മർദ്ദിക്കപ്പെടുമ്പോൾ, പ്രാർത്ഥനയും പരിത്യാഗവും വഴി അവരെ സഹായിക്കുവാൻ നാം തയ്യാറില്ലെങ്കിൽ, പിന്നെ ആർ?

---

*N. B.* ഈ പ്രാർത്ഥനാസമരപ്രസ്ഥാനത്തിൽ അംഗങ്ങളായി ചേരുവാനാഗ്രഹിക്കുന്നവരുടെ പൂർണ്ണ മേൽവിലാസം അയച്ചുതന്നാൽ, പേരുകൾ രജിസ്റ്റർ ചെയ്തു് സർട്ടിഫിക്കേററു് അയച്ചുകൊടുക്കുന്നതാണു്. ഈ പ്രസ്ഥാനത്തെപ്പററി കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർ, താഴെക്കാണുന്ന വിലാസത്തിൽ എഴുതിച്ചോദിക്കുക:

ജനറൽ സെക്രട്ടറി,
പാരഡൈസ് ബാങ്ക് സെൻട്രൽ ഓഫീസ്,
അപ്പസ്തോലിക്ക് സെമിനാരി,
ആലുവാ N. P. O.

സംഭവകഥ

# ഭ ഗീ ത

(തുടർച്ച)

(Miss Jenette Isaac, M. Sc.)

അടുത്ത ദിവസത്തിന്റെ ആരംഭമായി. കിഴക്കേ ചക്രവാളത്തിൽ പ്രകാശം പരന്നപ്പോൾതന്നെ അടിമകൾ ഉണരുന്നതിനുള്ള മണിയടികേട്ടു. കാവൽക്കാർ ചാട്ടയുമായി വന്ന് കിടക്കുന്നവരെയെല്ലാം അടിച്ച് എഴുന്നേൽപ്പിക്കുവാൻ തുടങ്ങി. ചിലരെല്ലാം നേരത്തെ എഴുന്നേററിരുന്ന വെങ്കിലും നിർദ്ദയമായ ചാട്ടയിൽനിന്ന് രക്ഷപ്രാപിക്കുവാൻ കഴിഞ്ഞില്ല. ഭഗീതയും നേരത്തെതന്നെ ഉണർന്നു കഴിഞ്ഞിരുന്നു. അവളെ മററുള്ളവരോടൊപ്പം അടിമകൾക്കായുള്ള ഒരു വലിയ ഹാളിലേക്കു കൂട്ടിക്കൊണ്ടുപോയി. മുഖം കരിവാളിച്ച ഒരു അടിമ പെൺകുട്ടിയും അവിടെ ഉണ്ടായിരുന്നു.

ആ ദിവസം മുതൽ കുറെ സ്ത്രീകൾക്കായിട്ട് അവൾ പണിയെടുക്കേണ്ടിവന്നു. അവരുടെ മുടിചീകുക, സുഗന്ധദ്രവ്യങ്ങൾ ലേപനം ചെയ്യുക, വീശറികൊണ്ട് വീശുക, തുടങ്ങിയ ജോലികൾ കൂടാതെ അപ്പോഴപ്പോൾ ഉണ്ടാകുന്ന നിസ്സാര കുററങ്ങൾക്ക് ശിക്ഷയായി ചാട്ടകൾകൊണ്ടുള്ള അടി ഏൽക്കുക—ഇതൊക്കെ ആയിരുന്നു ദിനംതോറുമുള്ള കൃത്യങ്ങൾ. പുതിയ യജമാനത്തി ജനറലിന്റെ അമ്മ ആയിരുന്നു. ക്രൂരയും ഭയങ്കരിയുമായ ആ സ്ത്രീയുടെ ദർശനംതന്നെ ഭഗീതയിൽ ഭയം ജനിപ്പിച്ചു. രണ്ടാമത്തെ സ്ത്രീ ജനറലിന്റെ ഭാര്യ തന്നെ ആയിരുന്നു. അവരും ഒട്ടും കുറഞ്ഞവരല്ല. ജനറലും ഭാര്യയും തമ്മിൽ ഉണ്ടാകുന്ന കലാപങ്ങൾമൂലം പാവപ്പെട്ട അടിമ പെൺകുട്ടികളാണ് കൂടുതൽ യാതനകൾ അനുഭവിക്കേണ്ടിവന്നത്. ഒരിക്കൽ ജനറലിന്റെ ആജ്ഞപ്രകാരം അടിമക്കുട്ടികളെ പുറത്തു മുററത്തു നിരത്തിക്കിടത്തി ചൂരൽകൊണ്ട് അതിശക്തിയായി പ്രഹരിച്ചു. തൽഫലമായി ഭഗീതയുടെ തുടയിൽനിന്ന് കുറെ മാംസം തെറിച്ചുപോയി. തന്മൂലം ഉണ്ടായ ദുസ്സഹമായ വേദന ഒരുമാസത്തോളം നീണ്ടുനിന്നു.

ഭഗീത വീണ്ടും ഓരോരോ ജോലികളിൽ നിയുക്തയായി. ആ അവസരത്തിലാണ് ഭഗീത മുൻ യജമാനന്റെ അടുക്കൽനിന്നും ഒളിച്ചോടിപ്പോയ വിവരം അവർ ഗ്രഹിക്കാനിടയായത്. ഈ വിവരം മനസ്സിലാക്കിയ യജമാനസ്ത്രീ ഭഗീതയെ ബലമേറിയ ഒരു ഇരുമ്പു ചങ്ങലയിട്ട് ബന്ധിച്ചു. അങ്ങിനെ ഒരു പുതിയ ബന്ധനംകൂടി അവൾ അനുഭവിക്കാൻ തുടങ്ങി.

തുർക്കികളുടെ ഇടയിലുള്ള മറെറാരു സമ്പ്രദായമാണ് അടിമകൾക്ക് ചില അടയാളങ്ങൾ ഇടുക എന്നത്. അവരുടെ യജമാനന്മാരുടെ ബഹുമാനാർത്ഥം മാത്രമാണ് ഇതു ചെയ്തിരുന്നത്. ഒരു ദിവസം ഭഗീതയെ മററു രണ്ടുപേരോടൊപ്പം മുററത്തേക്ക് കൂട്ടിക്കൊണ്ടുപോയി. പൈശാചികമായ മുഖഭാവത്തോടെ ഒരു വൃദ്ധ അവിടെ കാത്തിരിപ്പുണ്ടായിരുന്നു. മൂർച്ചയേറിയ ഒരു കത്തിയും ഒരു പാത്രത്തിൽ കുറെ മാവു കലക്കിയതും കുറെ കുറിയുപ്പും ആയിരുന്നു അവരുടെ സജ്ജീകരണങ്ങൾ. ഭഗീതയും മററു കുട്ടികളും ഭയന്നു വിറച്ചുകൊണ്ട് അവരുടെ സമീപമെത്തി. കൈയിൽ ചാട്ടയുമായി അവരുടെ യജമാനസ്ത്രീ അവരെ അനുഗമിച്ചിരുന്നു. രണ്ടു നീഗ്രോസ്ത്രീകൾ കുട്ടികളെ ബലമായി പിടിച്ച് തറയിൽ ചേർത്തു കിടത്തി. ഒരു മന്ത്രവാദിനിയെപ്പോലെ തോന്നിയിരുന്ന വൃദ്ധ കത്തിയുമായി വന്ന് വികൃതമായ അടയാളങ്ങൾ കുട്ടികളുടെ ശരീരത്തിൽ നിർമ്മിക്കുവാൻ തുടങ്ങി. ഓരോരുത്തർക്കും ആററിപതിന്നാലു അടയാളങ്ങളാണ് ഉണ്ടാക്കുവാൻ നിർദ്ദേശിച്ചത്. ഭയന്നു വിറച്ചു കരയുവാൻ തുടങ്ങിയ കുട്ടികളെ ചാട്ടകൾകൊണ്ടു പ്രഹരിക്കുവാൻ തുടങ്ങി. ഇതിനിടയിൽ കാൽ ഇഞ്ചു ആഴത്തിൽ നീണ്ട ചില വരകൾ ശരീരത്തിൽ പല ഭാഗങ്ങളിലായി കത്തികൊണ്ട് വരഞ്ഞു. ദയനീയ വിലാപങ്ങൾ ഉച്ചത്തിൽ ഉയർന്നു. മാർവ്വിടത്തിൽ ആറു വരകളും ഉദരത്തിൽ അറുപതും വലം കയ്യിൽ നാൽപ്പത്തി എട്ടും അടയാളങ്ങളാണ് മൂർച്ചയേറിയ കത്തികൊണ്ടു ഉണ്ടാക്കിയത്. അതനുശേഷം ആ വൃദ്ധ കൈകൊണ്ട് ഓരോ മുറിവും ബലമായി തുറന്ന് മാംസത്തിന്റെ

വിടവിൽ മാവുകലക്കിയതും, ഉപ്പുംകൊണ്ടു് നിറച്ചു. അപ്പോൾ ഉണ്ടാകുന്ന വേദനയുടെ ആധിക്യം പറഞ്ഞറിയിക്കുവാൻ പ്രയാസം. ഈ വിധത്തിലുള്ള ക്രൂരയാതനകൾ ഏൽക്കുന്ന അധികംപേരും മൃതിയടയുകയാണു് പതിവു്. ഭഗീത എന്നിട്ടും രക്ഷപ്പെട്ടു. ദൈവം അവളിൽനിന്നു് വൻകാര്യങ്ങൾ പലതും പ്രതീക്ഷിക്കുന്നുണ്ടു്.

മുറിവുകൾ പഴുത്തു വലിയ വ്രണമായി ശേഷിച്ചു. രണ്ടുമാസംകൊണ്ടാണു് അവ ഏതാണ്ടൊക്കെ സുഖമായിത്തുടങ്ങിയതു്. അവളുടെ യജമാനസ്ത്രീകൾ അഭിമാനത്തോടെയാണു് ഭഗീതയെ വീക്ഷിച്ചതു്. നൂററിപതിനാലു് അടയാളങ്ങൾ അവൾക്കു് പുതിയ ഒരു സൌന്ദര്യം ഉണ്ടാക്കിയെന്ന മനോഭാവമാണു് അവർക്കുള്ളതു്. പക്ഷേ, ആ കൊച്ചു പെൺകുട്ടികൾ അനുഭവിച്ച വേദനകളിൽ ലവലേശം അനുതാപം ആ സ്ത്രീകൾക്കുണ്ടായില്ല.

## അദ്ധ്യായം 8

## യൂറോപ്പിലേയ്ക്കു്

നീണ്ടുനിന്ന ക്രൂരയാതനകളിൽ കൂടി ഒരുവർഷം കഴിഞ്ഞുപോയി. അവളുടെ യജമാനനായ ജനറൽ തന്റെ സ്വന്തനാട്ടുകൾ സന്ദർശിക്കുന്നതിനു് അതിയായി ആഗ്രഹിച്ചിരുന്നു. അങ്ങിനെ ഇരിക്കെ തന്റെ ഒരു സ്നേഹിതന്റെ ക്ഷണവും അയാൾക്കു് ലഭിച്ചു. ഉടൻതന്നെ ഒരു ദീർഘയാത്രക്കുവേണ്ട ഒരുക്കങ്ങൾ അയാൾ ചെയ്തു തുടങ്ങി. പത്തു അടിമകളെ മാത്രമാണു് തന്റെ കൂടെ കൊണ്ടുപോകുവാൻ നിശ്ചയിച്ചിരുന്നതു്. അക്കൂട്ടത്തിൽ ഭഗീതയും ഉൾപ്പെട്ടിരുന്നു. ശേഷിച്ചവരെയെല്ലാം കിട്ടിയ വിലക്കു് വിററു.

എല്ലാ സ്വത്തുക്കളും ഭണ്ഡങ്ങളാക്കി, കുടുംബത്തിലുള്ളവരെല്ലാവരുംകൂടി ഒട്ടകങ്ങളുടെ പുറത്തായി യാത്ര തുടർന്നു. ഭഗീത ഉൾപ്പെടെയുള്ള പത്തു അടിമകൾ ജനറലിന്റെ സ്ത്രീകളെ ശുശ്രൂഷിച്ചുകൊണ്ടു് യാത്രയിൽ പങ്കുകൊണ്ടു. പകൽസമയത്തെ ദുസ്സഹമായ ചൂടുനിമിത്തം രാത്രിയിൽ മാത്രമാണു് സഞ്ചാരം തുടന്നതു്. അങ്ങിനെ കുറെദിവസത്തെ യാത്രകൊണ്ടു് അവർ കാർട്ടൂമിൽ എത്തി. അവിടെ ഒരു സത്രത്തിൽ അവർ വിശ്രമിക്കാൻ കയറി. യാത്രച്ചിലവുകൾ ചുരുക്കുവാനായി കുറെ അടിമകളെക്കൂടി വിൽക്കുവാൻ അയാൾ തീരുമാനിച്ചു. അങ്ങിനെ ഒരു സുപ്രഭാതത്തിൽ ഭഗീത ഒരു യൂറോപ്യൻ വനിതയ്ക്കു് വിൽക്കപ്പെട്ടു. ശാന്തമായി പുഞ്ചിരിക്കുന്ന ഒരു മാന്യവനിത. ഭഗീതയ്ക്കുണ്ടായ ആശ്വാസം അവർണ്ണനീയമത്രേ. തന്നെ ക്രൂരമായി പീഡിപ്പിച്ചവരോടു് ഒരു വാക്കുപോലും പറയാതെ ഭഗീത തന്റെ പുതിയ യജമാനത്തിയെ പിൻതുടർന്നു.

ഹൃദയത്തിൽ ശുഭപ്രതീക്ഷകളോടെ ഭഗീത ആ സ്ത്രീയുടെകൂടെ നടന്നു. നഗരത്തിലെ മനോഹരമായ പാതകളും കെട്ടിടങ്ങളും അവളെ സന്തോഷിപ്പിച്ചു. അതെ! തികച്ചും പുതിയ കാഴ്ചകൾ. ഒടുവിൽ ഒരു മനോഹരമായ കൊട്ടാരത്തിന്റെ മുൻപിൽ അവർ നിന്നു. വെള്ളയും ചുവപ്പും പച്ചയും നിറങ്ങളുള്ള ഒരു പതാക ആ കെട്ടിടത്തിന്റെ മുകളിൽ ഇളം കാററിൽ പാറി പറന്നിരുന്നു. ആയുധധാരികളായ കാവൽഭടന്മാർ കൊട്ടാരവാതിക്കൽ നിൽക്കുന്നുണ്ടായിരുന്നു. പിന്നീടാണു് ഭഗീതക്കു മനസ്സിലായതു് ഇററാലിയൻ കോൺസലിന്റെ ഭവനത്തിലാണു് താൻ വന്നെത്തിയതെന്നു്.

അകത്തുള്ള ഒരു മുറിയിൽ തന്നെ കൊണ്ടുചെന്നപ്പോൾ അവിടെ ശാന്തഗംഭീരനായ ഒരു മദ്ധ്യവയസ്കൻ ഇരുന്നിരുന്നു. ഭഗീതയെ കണ്ടയുടൻ അദ്ദേഹം ഒന്നു പുഞ്ചിരിച്ചു. വർഷങ്ങളായി അനുഭവിച്ചിരുന്ന യാതനകളെല്ലാം മറന്നു് ശാന്തിയുടെ കിരണങ്ങൾ ഹൃദയത്തിൽ വീശുവാൻ ആ പുഞ്ചിരിക്കു് കഴിഞ്ഞു. ഭഗീതയുടെ ഹൃദയം പ്രതീക്ഷകളാൽ പുളകംകൊണ്ടു.

നീ ഒന്നുകൊണ്ടും ഭയപ്പെടേണ്ട. നിന്നെ ആരും ഉപദ്രവിക്കയില്ല. ഇവിടെ വീട്ടുകാര്യങ്ങളിൽ നീ സഹായിച്ചാൽ മാത്രം മതി. നിന്റെ കഥയെല്ലാം എന്നെ കേൾപ്പിക്കണം. ഇപ്പോൾ നീ വിശ്രമിച്ചുകൊള്ളുക.'' ശാന്തമായ സ്വരത്തിൽ അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണു ചുംബിക്കുന്നതിനു് ഭഗീതയ്ക്കു് തോന്നി. എങ്കിലും ബാലസഹജമായ ലജ്ജമാത്രമാണു് അവളെ അതിൽനിന്നു പിൻതിരിപ്പിച്ചതു്. സന്തോഷവും സമാധാനവും നിറഞ്ഞ ഹൃദയത്തോടെയാണു് ഭഗീത ആ മുറിയിൽനിന്നു പുറത്തേക്കു കടന്നതു്. ഇതുവരെ അനുഭവിച്ചുകൊണ്ടിരുന്ന നാരകീയ പീഡകളിൽനിന്നു് വിമുക്തയായതിൽ

ആ കൊച്ചു ഹൃദയത്തിലുണ്ടായ സന്തോഷത്തിന്റെ ആധിക്യം തികച്ചും വർണ്ണനാതീതമാണ്.

വീട്ടുകാരത്തി ഭഗീതയെ കൊണ്ടുപോയി കുളിപ്പിച്ച് ഒരു നീണ്ട വെള്ളഫ്രോക്ക് ധരിപ്പിച്ചു. അതിന്റെ മുകളിലായി അരയ്ക്ക് ഒരു ചുവന്ന ബെൽട്ടും കെട്ടി. അവളുടെ മുടിചീകി മിനുക്കി നന്നായി അലങ്കരിക്കുകയും കൈകളിൽ തിളങ്ങുന്ന വളകൾ ഇട്ടുവിക്കുകയും ചെയ്തപ്പോൾ ഭഗീത അഴകേറിയ ഒരു ബാലികയായി മാറി. ശാന്തസുന്ദരമായിരുന്നു അവളുടെ മുഖം. കോൺസലിന്റെ മുറിയിൽച്ചെന്ന് ഉച്ചഭക്ഷണം തയ്യാറായി എന്ന് അറിയിച്ചപ്പോൾ അദ്ദേഹം അവളെ പെട്ടെന്ന് തിരിച്ചറിഞ്ഞില്ല. അവൾ അത്രമാത്രം വ്യത്യസ്ഥപ്പെട്ടു കഴിഞ്ഞിരുന്നു.

സംസ്കാരത്തിന്റെ പരമോന്നതിയിൽ എത്തിയ ഒരു ഇററാലിയൻ കോൺസൽ ഇപ്രകാരം അടിമകളെ വില കൊടുത്തു വാങ്ങിയെന്നതു് പ്രഥമവീക്ഷണത്തിൽ വലിയ തെററായി തോന്നിയേക്കാം. പക്ഷേ ക്രൂരമായ യാതനകളിൽനിന്ന് ഏതാനും മനുഷ്യജീവികളെയെങ്കിലും രക്ഷിക്കാമെന്നുള്ള ദിവ്യമായ ഉദ്ദേശത്താൽമാത്രമാണ് അദ്ദേഹം അങ്ങിനെ ചെയ്തിരുന്നതു്. അദ്ദേഹം ഭഗീതയോട് ഏററവും മാന്യമായും സ്നേഹമായും പെരുമാറി. അവളുടെ ദയനീയകഥകൾ മുഴുവൻ ശ്രവിച്ച കോൺസൽ അവളുടെ ബന്ധുക്കളെ എങ്ങിനെയെങ്കിലും കണ്ടുപിടിക്കാമെന്നു സമ്മതിച്ചു. പക്ഷേ നിർഭാഗ്യവശാൽ തന്റെ ഗ്രാമത്തേക്കുറിച്ചോ, ഗോത്രത്തെക്കുറിച്ചോ ആവശ്യമായ വിവരണങ്ങൾ നൽകുന്നതിനു ഭഗീതയ്ക്കു കഴിഞ്ഞില്ല. ഭഗീതയുടെ ശാന്തസുന്ദരമായ സ്വഭാവം ഗ്രഹിച്ചുതുടങ്ങിയപ്പോൾ കോൺസൽ അവളോട് ഒരു യഥാർത്ഥപിതാവ് എന്ന നിലയിൽ തന്നെ വർത്തിക്കുവാൻ തുടങ്ങി.

രണ്ടുവർഷം അങ്ങിനെ നീങ്ങി. ഇപ്പോൾ വളർന്നു കഴിഞ്ഞ ഒരു ചെറുതരുണിയായി അവൾ മാറിക്കഴിഞ്ഞു. എപ്പോഴും അല്പം വിടർന്നുനിൽക്കുന്ന അവളുടെ അധരങ്ങളിൽ ഒരു ചെറുപുഞ്ചിരി പരന്നിരുന്നു. കഠിനമായ വേലകൾ ഒന്നും തന്നെ അവളെക്കൊണ്ടു ചെയ്യിച്ചിരുന്നില്ല. ഒന്നിനെക്കുറിച്ചും ആവലാതിയും വേദനയും ഇല്ലാത്ത ഒരു മനോഹരമായ പന്ഥാവാണ് അവൾക്കു മുൻപിൽ തുറന്നുകിട്ടിയതു്.

ആ സ്ഥലത്തു് മിഷ്യനറിമാർ ആരും തന്നെ ഇല്ലാതിരുന്നതിനാൽ കോൺസലും ഭാര്യയും മതവിശ്വാസങ്ങളും പ്രാർത്ഥനകളും ഏറെക്കുറെ മറന്നുകഴിഞ്ഞിരുന്നു. അതിനാൽ ഭഗീതയെ ക്രിസ്തീയവിശ്വാസം അഭ്യസിപ്പിക്കുവാൻ ആരും ഇല്ലായിരുന്നു. അവളുടെ ജീവിതം ഇപ്പോൾ ആനന്ദകരമായിരുന്നുവെങ്കിലും നിർവചിക്കുവാൻ കഴിയാത്ത എന്തോ ഒന്നിനുവേണ്ടി അവളുടെ ആത്മാവ് ദാഹിച്ചു. കെട്ടിടത്തിന്റെ മട്ടുപ്പാവിലിരുന്ന്; ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന സൂര്യനെയും ആകാശത്തിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെയും കാണുമ്പോൾ അവളുടെ ഹൃദയം അനന്തമായ എന്തോ ഒന്നിലേക്കു പറന്നുയരുകയായിരുന്നു. ഈ കാണുന്ന പ്രകൃതിക്ക് ഇത്രമാത്രം മനോഹാരിത നൽകിയതു് ഏതൊരു ശക്തിയായിരിക്കും. ആരാണു സൂര്യന് ഇത്രയധികം വെളിച്ചവും ചൂടും നൽകിയതു്. തീർച്ചയായും എല്ലാ ജീവികളും ആരാധിക്കേണ്ട ഒരു അഭൗമികശക്തി ഈ അത്ഭുതപ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവായിട്ടു നിലകൊള്ളുന്നുണ്ട്. ഈ വിധത്തിൽ ഭഗീതയുടെ കൊച്ചുഹൃദയം സൃഷ്ടികർത്താവിന്റെ സന്നിധിയിലേക്കു ചിലപ്പോഴൊക്കെ പറന്നുയരാറുണ്ട്.

ഒരു ദിവസം ഇററലിയിൽനിന്നു വന്ന ഒരു പ്രത്യേക അറിയിപ്പിൽ കോൺസലിനെ യൂറോപ്പിലേയ്ക്ക് അത്യാവശ്യമായി തിരികെ വിളിച്ചു. ആ മനോഹരമായ ഭൂഖണ്ഡം ഒന്നു ദർശിക്കുവാൻ ഭഗീതയുടെ അന്തരംഗം വെമ്പൽകൊണ്ടു. വളരെയധികം മടിച്ചുകൊണ്ടാണെങ്കിലും അവൾ അതിന് അനുമതി യാചിച്ചു. കോൺസൽ അവളെ കൂട്ടിക്കൊണ്ടുപോകുന്നതിനു സമ്മതിക്കയാണു ചെയ്തതു്.

അഗസ്റ്റസ് എന്നു പേരായ ഒരു സുഹൃത്തു് കോൺസലിന്റെ കൂടെ യാത്രചെയ്യുന്നുണ്ടായിരുന്നു. അദ്ദേഹവും ഒരു നീഗ്രോ ബാലനെ അടിമത്വത്തിൽ നിന്നു രക്ഷിക്കയുണ്ടായി. ജീവിതത്തിൽ ആദ്യമായി സമുദ്രവും ആവിക്കപ്പലും കണ്ടപ്പോൾ ആ നീഗ്രോ കുട്ടികൾ സന്തോഷംകൊണ്ട് തുള്ളിച്ചാടി. പ്രകൃതിയുടെ വർണ്ണനാതീതമായ സൗന്ദര്യം ദർശിച്ച ആ ബാലമനസ്സുകൾക്കുണ്ടായ സന്തോഷാധിക്യം പറഞ്ഞറിയിക്കാൻ വിഷമം തന്നെ.

അടുത്ത തുറമുഖത്തു് കപ്പൽ അടുത്തപ്പോൾ കോൺസലിനു കിട്ടിയ വാർത്ത, അവർ യൂറോപ്പിലേക്കു കപ്പൽ കയറിയ രാത്രിയിൽ തന്നെ കുറേ അക്രമികൾ

# കൊന്തയും ചിന്തയും

ബ്രദർ പീയൂസ് സി. എസ്സ് ററി.

(തുടർച്ച)

## II

### മൂന്നാം രഹസ്യം

### രക്ഷകൻ കാലിത്തൊഴുത്തിൽ പിറക്കുന്നു

യൗസേപ്പിനേയും മറിയത്തേയും അനുഗമിക്കാം നമുക്കും ബെദ്ലേഹമിലേയ്ക്കു. മറിയം, ദൈവത്തിന്റെ മാതാവ്, കനകരഥത്തിൽ സംവഹിക്കപ്പെടേണ്ടവൾ മരത്തണലിൽ വിശ്രമം കൊള്ളുകയാണ് നടപ്പിന്റെ ക്ഷീണം തീർക്കാൻ. വിശുദ്ധിയുടെ പാരമ്യമോ, ഉദ്യോഗത്തിന്റെ ഔന്നത്യമോ മർത്ത്യനെ അധിക ക്ലേശത്തിനിരയാക്കുകയാണ് പതിവ്.

വാടിത്തളർന്നു, പടികൾതോറും കയറിയിറങ്ങി; ഒരന്തിയുറങ്ങാൻ ഇടം കിട്ടാതെ ചിന്താമഗ്നയായി അധോമുഖിയായി ഇറങ്ങിവരുന്ന മറിയത്തെ നമുക്കു കാണാം. അവളോടു സമാശ്വാസവചസ്സുകളോതുവാൻ നിന്റെ ഹൃദയം അഭിലഷിക്കുന്നില്ലേ. അങ്ങനെയുണ്ടെങ്കിൽ അവളതിൽ സംതൃപ്തയാകും. മറിയം തനിക്കു വേണ്ടിയല്ല സ്ഥലമന്വേഷിക്കുന്നതു്. ജാതികളുടെ പ്രതീക്ഷയായ മെസ്സിയാസിനെ, മേഘങ്ങൾക്കപ്പുറത്തു ശക്തരായ മാലാഖമാരെയും ഭൂമിയിലെ വനത്തിൽ മൃഗങ്ങളെയും, ബുദ്ധിമാനായ മനുഷ്യനെയും, വയലിൽ ചെറുപുഷ്പത്തെയും, കടലിൽ മത്സ്യങ്ങളെയും സൃഷ്ടിച്ച ആ ദൈവത്തെ പ്രസവിച്ചു കിടത്തുവാനാണ്. കഷ്ടം! അതുകിട്ടിയില്ല!! മനുഷ്യപുത്രനു പിറന്നുവീഴുവാൻ ഒരടിസ്ഥലംപോലും കിട്ടിയില്ല.

ദൈവം അന്നും ഇന്നും നാളെയും ഒരാൾതന്നെ. അന്നു യൂദയാനിവാസികൾ അറിഞ്ഞില്ലാ തങ്ങളുടെ പടിക്കൽ നിൽക്കുന്ന പരദേശിയായ ഗർഭിണിയുടെ ഉദരത്തിൽ തങ്ങളുടെ പിതാക്കന്മാരുടെ പ്രതീക്ഷാവിഷയമായിരുന്നവൻ വിശ്രമംകൊള്ളുന്നുണ്ടെന്ന് നമുക്കു അവിടുത്തെ ഇന്നു നമ്മുടെ ഹൃദയത്തിലേയ്ക്കു ക്ഷണിക്കാം. മകനെ നിന്റെ ഹൃദയം എനിക്കു തരിക എന്നു അങ്ങു ചോദിക്കുമ്പോൾ സന്തോഷപൂർവ്വം അതിനെ അവിടുത്തേയ്ക്കു അടിയറവയ്ക്കാം.

ബേദ്ലേഹമിലെ ആ പശുത്തൊഴുത്തിന്റെ പടിവാതിലുതുറന്നകത്തേയ്ക്കു കടക്കാം നമുക്ക്. അവിടത്തെ വാസികളാരെല്ലാമാണ്. ഒരു മദ്ധ്യവയസ്ക്കൻ ഇതാ ചിന്തയിലാണ്ടവിടെയിരിക്കുന്നു. വ്യഗ്രതാമനോഭാവം ആ മുഖത്തു് ദൃശ്യമാണ്. ഒരു ശിശുവിനെ മടിയിൽവച്ചു താലോലിക്കുന്ന ചെറുപ്പക്കാരിയായ ഒരു മാതാവ്. ഏതാനും പശുക്കൾ. അവിടത്തെ ശ്മശാനമൂകതയ്ക്കു ഭംഗം വരുത്തുന്നതു് ഏതാനും മണിക്കൂറുകൾ മാത്രം പ്രായമുള്ള ശിശുവിന്റെ ചിണുങ്ങലുകളാണ്. നമ്മുടെ വിശ്വാസക്കണ്ണുകളെ തുറക്കുവാൻ

---

അവരുടെ കൊട്ടാരവും അതിലെ സാധനങ്ങളും കൊള്ള ചെയ്തു എന്നാണ്. ഒടുവിൽ അവർ ജെനോ തുറമുഖത്തു് ഇറങ്ങി. അവിടെ ഏററവും മികച്ച ഒരു ഹോട്ടലിൽ അവർ താമസിച്ചു. മി. അഗസ്ററസിന്റെ ഭാര്യയും അവരുടെ മൂന്നു വയസ്സുപ്രായമുള്ള പുത്രിയും ഇവരെ പ്രതീക്ഷിച്ചു് അവിടെ കാത്തിരിപ്പുണ്ടായിരുന്നു. ആ കൊച്ചുബാലികയ്ക്കു് ഭഗീതയോടു് വലിയ ഒരു ഇഷ്ടം തോന്നി. അവളിൽതന്നെ സദാ സമയവും ദൃഷ്ടി ഉറപ്പിച്ചിരുന്നു. തന്റെ കൊച്ചുമകൾക്കു ഭഗീതയോടു് ഉണ്ടായ ഈ ആകർഷണം കണ്ടു മിസ്സസ് അഗസ്ററസ് ഭർത്താവിനോടു് അദ്ദേഹത്തിനും ഒരു നീഗ്രോക്കുട്ടിയെ വീട്ടിലേക്കു കൊണ്ടുവന്നുകൂടായിരുന്നോ എന്നു പറഞ്ഞു കളിയാക്കി. ഇതെല്ലാം നോക്കി മനസ്സിലാക്കിയ കോൺസൽ യാതൊരു വൈമനസ്യവും കൂടാതെ ഭഗീതയെ മിസ്സസ് അഗസ്റ്റസിനെ ഏല്പിച്ചു. അന്നുമതൽ ഭഗീത ഒരു മിസ്സസിന്റെ മുതലായിത്തീർന്നു. അവർ ഇവളെ അവരുടെ സ്വദേശമായ മിറോനോയിലെ വെനീഷ്യൻ നഗരത്തിലേക്ക് കൊണ്ടുപോയി. അതേസമയം കോൺസൽ പാദുവായിലേക്കുപോകുകയും ചെയ്തു. അതിനുശേഷം ഭഗീത അദ്ദേഹത്തെ കാണുകയോ, അദ്ദേഹത്തെക്കുറിച്ചു് എന്തെങ്കിലും കേൾക്കുകയോ ചെയ്തിട്ടില്ല.

---

ദൈവത്തോടു നമുക്കു പ്രാർത്ഥിക്കാം. എന്നിട്ടു നമുക്കു നോക്കാം അങ്ങോട്ട്. ഒരു സാധു മാതാവിന്റെ മുലപ്പാലിനാൽ മാത്രം ജീവൻ താങ്ങിനിറുത്തപ്പെടുന്ന ആ ശിശു ആരാണ്? വാനവർക്കു ആനന്ദസാമ്രാജ്യം ദാനം ചെയ്യുവൻ, മാനവനു ആകർഷണീയമായൊരു ലകം സൃഷ്ടിച്ചുകൊടുത്തവൻ, മത്സ്യത്തിനാനന്ദിക്കുവാൻ ആഴിയെ ഒരുക്കിയവൻ, പക്ഷികൾക്കു പാടിക്കളിക്കുവാൻ അംബരവീഥികളെ തുറന്നുകൊടുത്തവൻ. അതെ പ്രപഞ്ച സൃഷ്ടാവാണീ പുൽമെത്തയിൽ പള്ളികൊള്ളുന്നതു്. അവിടുത്തോടു നമുക്കും ഏററുപറയാം അങ്ങു ജീവനുള്ള ദൈവത്തിന്റെ പുത്രനാണെന്ന്. ഓ! അത്ഭുതകരമായ ഒരു കൈമാററം. നമ്മെ ദൈവീകത്വത്തിൽ പങ്കാളികളാക്കാൻ—അവിടുന്നു നമ്മുടെ ബലഹീനസ്വഭാവം കടം വാങ്ങുന്നു. അവിടുന്നു നമ്മളോടു ചോദിക്കുകയാണ്, നിങ്ങൾ ദൈവത്തെ ഭയപ്പെടുന്നുവോ? അവിടുന്നുത്തരവും നൽകുന്നു. എന്നെ ക്കാണുന്നവൻ പിതാവിനെക്കാണുന്നു. അങ്ങനെയെങ്കിൽ ഈ 'ബലഹീന' ശിശുവിനെ എന്തിനു ഭയപ്പെടുന്നു? സ്നേഹിക്കുക. ഉള്ളുതുറന്നു സ്നേഹിക്കുക. പൊന്നും മീറയും കുന്തിരിക്കവുമല്ല—നമ്മുടെ ബുദ്ധിയും മനസ്സും ശരീരവും അവിടുത്തേയ്ക്കു കാഴ്ചവയ്ക്കാം. നറും ചുംബനങ്ങൾ അവിടുത്തെ പൂമാറിലർപ്പിക്കാം. ആ ഓമൽക്കരങ്ങൾ കൊണ്ടുള്ള താഡനങ്ങൾ നമുക്കു സ്വീകരിക്കാം. ബലഹീനനായ ഈ ശിശുവിൽ ബലവാനായ ദൈവത്തെക്കാണുവാൻ ലോകത്തിന്റെ കണ്ണുകളെ പ്രകാശിപ്പിക്കാൻ പ്രാർത്ഥിക്കാം.

### നാലാം രഹസ്യം

### രക്ഷകൻ ദൈവാലയത്തിൽ കാഴ്ചവെയ്ക്കപ്പെടുന്നു

ശിശുവിനെ മൂശയുടെ നിയമാനുസരണം ദൈവത്തിനു കാഴ്ചവയ്ക്കേണ്ട സമയമായി. യൗസേപ്പു മറിയവുമായി ആലോചിക്കുകയാണ്. ഈ ശിശുവിനു പകരമായി എന്താണു കാഴ്ചകൊടുക്കേണ്ടതെന്നു. അവിടുത്തേയ്ക്കു പകരമായി അങ്ങുമാത്രമല്ലാതെ മറെറാന്നുമില്ല. ദൈവമായ അവിടുന്നു മറിയത്തിന്റെ കടിഞ്ഞൂൽ പുത്രനായി പിറന്നതിനാൽ ഒരു കാഴ്ചദ്രവ്യം തനിക്കിടനില നിൽക്കേണ്ടതാവശ്യമാണ് എല്ലാ നീതിയുടെയും പൂർത്തീകരണത്തിന്. രണ്ടു പ്രാവിൻ കുഞ്ഞുങ്ങളെയാണ് അവർ തങ്ങളുടെ അരുമയ്ക്കു പകരമായി ദൈവാലയത്തിൽ കാഴ്ചവയ്ക്കുവാൻ നിശ്ചയിച്ചതു്. അതു ദരിദ്രരുടെ കാഴ്ചദ്രവ്യമാണ്. അതെ—മിശിഹായെ പുൽക്കൂടുമുതൽ കല്ലറവരെ അനുഗമിച്ച ആത്മസഖിയും ദാരിദ്ര്യമാണല്ലോ. അവിടുത്തെ പരിശുദ്ധിയുടെ പ്രതീകമായി കന്മഷഹീനരായ ഈ വാനംപാടികളെക്കാൾ ഉചിതമായി മറെറന്താണുള്ളതു്?

നരനായ 'ശിശുദൈവത്തെ' കരങ്ങളിൽ വഹിച്ചുകൊണ്ടു ദൈവത്തിന്റെ ആലയത്തിലേയ്ക്കുവർ നടകൊള്ളുകയാണ്. നമുക്കും അനുഗമിക്കാം അവരെ. എന്റെ രക്ഷകനെ എന്റെ കരങ്ങളിലേയ്ക്കു ഒന്നു തരണമെയെന്നു നമ്മുടെ അമ്മയോടും നമുക്കാവശ്യപ്പെടാം. 'ബലഹീനനായ' ദൈവത്തെ നമ്മുടെ കൈകളിൽ വാങ്ങി സ്നേഹചുംബനങ്ങൾ ആ പിഞ്ചുപാദങ്ങളിലർപ്പിക്കാം. അവിടുന്നു ദാഹിക്കുന്നുണ്ടിപ്പോഴും നമ്മുടെ സ്നേഹത്തിനുവേണ്ടി.

തന്റെ ശിശുവിനെ കൈത്തണ്ടുകളിൽ വിലങ്ങനെ കിടത്തിക്കൊണ്ടു മറിയം മററു സ്ത്രീകളോടൊപ്പം ദൈവാലയത്തിന്റെ പ്രധാന കവാടത്തിങ്കൽ നിൽക്കുകയാണ്, യൗസേപ്പു പിന്നിൽ രണ്ടു പ്രാവിൻ കുഞ്ഞുങ്ങളേയും കൊണ്ടും, പ്രധാന പുരോഹിതന്റെ വരവു പ്രതീക്ഷിച്ച്. ലോകം ഗ്രഹിക്കുന്നില്ല അവൾ നന്മനിറഞ്ഞ മറിയമാണെന്ന്. അവളുടെ മഹത്വം കർത്താവുമാത്രം ദർശിച്ചാൽ മതി എന്നാണ് മറിയം വിചാരിക്കുന്നതു്. അവിടുന്നു തന്റെ ദാസിയുടെ എളിമയെ തക്കസമയത്തു കാണുകയും മഹത്വപ്പെടുത്തുകയും ചെയ്യും. ദൈവാലയമുററത്തുകൂടെ ലേവായരും വേദശാസ്ത്രികളും പുരോഹിതരും ചുററിനടക്കുന്നുണ്ടു്. അവരാരുടെയും ദൃഷ്ടിയിൽ മറിയമോ അവളുടെ കൈയിൽ മയ്യുറക്കംകൊള്ളുന്ന ആ ശിശുവോ പ്രത്യേകതയൊന്നും അർഹിക്കുന്നില്ല. എന്തെന്നാൽ പരിശുദ്ധാത്മാവിന്റെ പ്രകാശം അവരിൽ വിരളമായിരുന്നു. കേശമീശകൾ നരച്ച ഒരു മനുഷ്യൻ വടിയുമൂന്നി മറിയത്തിന്റെ അടുക്കലേയ്ക്കിതാ വരുന്നു. ഏറെനാൾ പ്രതീക്ഷിച്ചിരുന്ന ഒരു വസ്തുവിനെ കണ്ടു കിട്ടിയ ആനന്ദവും സംതൃപ്തിയും ഓളം വെട്ടുന്നുണ്ടു്. മടക്കും ചുളുക്കും വീണ ആ മുഖത്തു് മറിയത്തിന്റെ കരങ്ങളിൽ നിന്നു ശിശുവിനെ വാങ്ങി നിറുത്തില്ലാതെ ചുടുചുംബനങ്ങൾ പിഞ്ചു മാറിലും കയ്യിലും കാലിലും മാറിമാറി അർപ്പിച്ചു സംതൃപ്തിയടയുകയാണ് പട്ട

വൃദ്ധൻ. അടക്കിയിട്ടും തുടച്ചിട്ടും അടങ്ങാതെ ആനന്ദാശ്രുക്കൾ പ്രവഹിക്കുകയാണ് ധാരധാരയായി. നീതിമാനും പരിശുദ്ധനുമായ ശെമയോൻ അല്ലാതെ മററാരുമല്ല ഈ വയോധികൻ. പരിശുദ്ധാത്മാവിൻെറ പ്രേരണകളെ സദാ പിൻചെന്നിരുന്ന ഒരാളായിരുന്നു ശെമയോൻ. ശതാബ്ദങ്ങളിലൂടെ സഭ വിശ്വസിച്ചും വിശ്വസിക്കുവാനാജ്ഞാപിച്ചുപോരുന്ന സത്യമാണ്. വിജ്ഞാനത്തിൻെറ ഉറവിടം, ആത്മാവുകളെ പ്രകാശിപ്പിക്കുന്നവൻ പരിശുദ്ധാത്മാവാണെന്നു. ലോകത്തെയും, ദൈവത്തെയും, സ്വസഹോദരനിൽ ദൈവത്തെയും കാണുവാൻ അങ്ങനെ ലോകത്തിന് ശാന്തിയും മുക്തിയും കൈവരുത്തുവാൻ ബുദ്ധിയെ പ്രകാശിപ്പിക്കണമെന്നു പ്രാർത്ഥിക്കാം പരിശുദ്ധാത്മാവിനോട്.

### അഞ്ചാം രഹസ്യം

### ഈശോയെ കാണാതാകുന്നു

യൗസേപ്പും മറിയവും യഹൂദാചാരപ്രകാരം തിരുനാളാഘോഷത്തിനു കർത്താവിൻെറ ആലയത്തിലെത്തി തങ്ങളുടെ ജീവിതത്തിൻെറ ആഹ്ളാദവും പ്രകാശവുമായ ഈശോയോടുകൂടി. ഈശോയ്ക്കു വയസ്സു പന്ത്രണ്ടേ ആയിട്ടുള്ളു. കളിച്ചുല്ലസിച്ചു നടക്കുന്ന ജിജ്ഞാസുവായൊരു ബാലൻെറ പ്രായം. തിരുനാളിൻെറ ആരവാരങ്ങളും ആർഭാടങ്ങളും അവരെ ഒട്ടും ആകർഷിക്കുന്നില്ല. കാണികളുടെ ഭക്തിവികാരങ്ങളെയുണർത്തത്തക്ക ഭക്തിചൈതന്യത്തോടെ ദൈവമഹത്വത്തിൻ സിംഹാസനത്തിൻെറ മുമ്പിൽ പ്രണമിക്കുകയാണവർ. ക്രമാനുസരണമുള്ള കാഴ്ചസമർപ്പണങ്ങളെല്ലാം ഭക്തിസമന്വിതം അവർ നിർവ്വഹിച്ചു. അവർ നസ്രസിലേക്കു പിൻതിരിയുകയാണ് തങ്ങളുടെ ബന്ധുക്കളുമായി കുശലാന്വേഷണങ്ങൾ നടത്തിയും ദൈവികകാര്യങ്ങൾ ചിന്തിച്ചും. അവരറിയാത്ത ഒരു നഷ്ടം അവർക്കു സംഭവിച്ചു. അതെ–അവരുടെ ജീവിതത്തിൻെറ വഴിവിളക്കവർക്കു നഷ്ടപ്പെട്ടു. യൗസേപ്പും മറിയവും ഗൃഹത്തിലേക്കു തിരിച്ചപ്പോൾ ഈശോ തൻെറ പാദങ്ങളെ തിരിച്ചതു് ദേവാലയത്തിലെ അദ്ധ്യയനമണ്ഡപത്തിലേയ്ക്കാണ്. എന്തെന്നാൽ ചില തത്വങ്ങൾ ലോകത്തിനു മനസ്സിലാക്കിക്കൊടുക്കുവാനുണ്ടവിടുത്തേയ്ക്കു.

പണ്ഡിതാഗ്രേസരന്മാരെ അഭിമാനിച്ചിരുന്ന വൈദികവസ്ത്രവിഭൂഷിതരായ ആ പണ്ഡിതമ്മന്യന്മാരുടെ മുമ്പിലേയ്ക്കവിടുന്നു കയറിവരുകയാണ് ഹൃദയാപഹാരിയായ നറും പുഞ്ചിരിയോടെ. കാന്തി പ്രസരിക്കുന്ന ആ ഓമന മുഖത്തേയ്ക്കാണ് ജനങ്ങളുടെ നോട്ടം. അവിടുത്തെ അധരം വിടരുകയാണാദ്യമായി പരസ്യസദസ്സിൽ. ആചാര്യന്മാരുടെ, പ്രമാണവ്യാഖ്യാനത്തിലുള്ള അപാകതകളെ സൗമ്യമായി, എന്നാൽ അപ്രതിഹതമായി ആ ചെറുബാലൻ ചൂണ്ടിക്കാണിക്കയാണ്. 'ഈ ആശാരി ചെറുക്കൻ' അറിവിൻെറ നിറകുടമാണെന്നവർ ധരിച്ചിട്ടില്ല. അവർ ആത്മഗതം ചെയ്യുകയാണ് ഈ പാണ്ഡിത്യമെല്ലാം ഇവനെവിടെ നിന്നു എന്നു്.


മറിയവും യൗസേപ്പും രണ്ടു വ്യക്തികൾ. ജനക്കൂട്ടത്തിലൂടെ തത്രപ്പെട്ടന്വേഷിക്കുകയാണ് "എൻെറ മോനെ കണ്ടോ എന്നു്." കാണുന്നവരുടെയെല്ലാം ഇല്ലായെന്നു മറുപടി അവരുടെ ഹൃദയത്തിൽ തീ കൂട്ടുകയാണ്. മറിയത്തിൻെറ കണ്ണുകൾ ഇടയ്ക്കിടയ്ക്കു് യഹോവയിൻെറ പക്കലേയ്ക്കുയരുന്നുണ്ട്. മാറത്തു കൈകൾ പല പ്രാവശ്യം വയ്ക്കുന്നുണ്ട്. ആ കരിങ്കൽ മണ്ഡപത്തിൻെറ കുറെ അകലെയായി നിൽക്കയാണവൾ വികാര വിവശയായി. അവളുടെ മുഖം നന്നേ വിളറിയിരിക്കുന്നു. ചുററിനോക്കുകയാണവൾ. ഇതാ ശൈശവത്വം തീരെ വിട്ടുമാറാത്ത ഒരു മധുരസ്വരം അവളുടെ ചെവിയിൽ എത്തിയിട്ടു ചെവിവട്ടം പിടിച്ചു ശ്രദ്ധിച്ചു അവൾ. അതവളുടെ ഓമനയുടെ സ്വരമാണ്. വിങ്ങിപ്പൊട്ടുന്ന അവളുടെ ഹൃദയത്തിൽ നിന്നൊരു നെടുനിശ്വാസം. അവളുടെ മുഖം വികസിച്ചു സന്തോഷത്താൽ.

മേരി ഉണ്ണിയുടെ അടുത്തെത്തി. ചോദിച്ചു അവിടുത്തോടു. "മകനേ! നീ ഞങ്ങളോടിപ്രകാരം ചെയ്തതെന്തു്?" മാതൃഭക്തനായ ആ ബാലൻ തൻെറ വത്സല അമ്മയുടെ മുഖത്തേയ്ക്കു ഗൗരവം കലർന്ന സ്നേഹത്തോടെ നോക്കിട്ടു പറയുകയാണ് "ഞാൻ എൻെറ പിതാവിൻെറ ജോലിയിലായിരിക്കണമെന്നു നിങ്ങളറിയുന്നില്ലേ?" തിരുക്കുടുംബം നസ്രസിലേയ്ക്കു മടങ്ങുകയാണ്.

ഈശോ മനുഷ്യനെന്ന നിലയിൽ തൻെറ വിളിയോടു ഒന്നാമതായി സഹകരിക്കുകയാണ്. ദൈവം എല്ലാററിനും ഉപരിയായിരിക്കുന്നതുപോലെ അവിടുത്തെ സേവനത്തിനു മറെറാന്നും വിലങ്ങുതടിയാകുവാൻ പാടില്ല. മാതാപിതാക്കളുടെ വഴിപിഴച്ചു

# ദൈവമേ, അങ്ങേയ്ക്കു സ്തോത്രം

(റവ. ഫാദർ തോമസ്സ് മൂത്തേടൻ എം. എ., ഡി. ഡി.)



സെമിനരികളിലും സന്ന്യാസാശ്രമങ്ങളിലും ഉല്ലാസം തുടങ്ങുന്നതിനുമുമ്പ് സാധാരണയായി ലത്തീനിൽ പറയാറുണ്ട്. Deo gratias. ദൈവത്തിനു സ്തോത്രം അഥവാ നന്ദി. കുറെയേറെനേരം മൗനം പാലിച്ചു പഠിക്കുകയോ. പ്രാർത്ഥിക്കുകയോ, അദ്ധ്വാനിക്കുകയോ ചെയ്തശേഷം ഉല്ലാസമാരംഭിക്കുന്നത് ഏവർക്കും സന്തോഷസംദായകമാണ്. എന്നാൽ പ്രസ്തുത സന്തോഷം ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ടു സമാരംഭിക്കുന്നതായിരിക്കുമല്ലോ ഉത്തമം. അതുകൊണ്ടായിരിക്കാം ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ട് ഭക്തജനങ്ങൾ ഉല്ലാസമാരംഭിക്കുന്നത്.

സുന്ദരമായ ഈ സംപ്രദായം ആശ്രമവാസികൾക്കും വൈദിക വിദ്യാർത്ഥികൾക്കുമായി മാററിവച്ചാൽ പോരെന്നാണ് ആദ്ധ്യാത്മിക ചിന്തകരുടെ അഭിപ്രായം. നമ്മുടെ ജീവിതം ദൈവത്തിനു നിരന്തരമായ ഒരു സ്തോത്രമായിരിക്കണം. തികഞ്ഞ ഒരു ഭക്തയായ മരിയാ ഗെവ്സെർ ഇപ്രകാരമെഴുതിയിരിക്കുന്നു. "എല്ലാ നിമിഷവും ദൈവവരപ്രസാദത്തോടു സഹകരിച്ചു ദൈവസ്നേഹത്തിൽ വർദ്ധിക്കുവാനും അങ്ങനെ സജീവമായി അവിടത്തേക്കു നന്ദി പ്രദർശിപ്പിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവു നമ്മുടെ ജീവിതം വരച്ചു വച്ചിട്ടുണ്ട്. ഓരോ നിമിഷത്തിനും വേണ്ടതെല്ലാം അനന്ത സ്നേഹത്തോടെയാണ് അവിടുന്നു നമുക്കു ഒരുക്കിവച്ചിരിക്കുന്നത്. അമ്മ എഴുതിക്കൊടുത്തിരിക്കുന്ന വരികൾ പകർത്തിയെഴുതാൻ ഹൃദയപൂർവ്വം പരിശ്രമിക്കുന്ന ശിശുവിനു സമാനയാണു ഞാൻ." വിശ്വസ്തയോടു സ്നേഹം പൊഴിഞ്ഞുവീഴുന്ന വാക്കുകളോടൊട്ടി നില്ക്കുന്ന യുവാക്കൾക്കു ഈശോ ധീരനായമുൻഗാമിയാണ്. ദൈവത്തെക്കാൾ കൂടുതലായി അപ്പനേയും അമ്മയേയും സ്നേഹിക്കുവാൻ പാടില്ലെന്നു സ്വ മാതൃകയാൽ അവിടുന്നു കാണിച്ചുതരികയാണ്. മറിയമോ മാതാപിതാക്കൾക്കൊരു മാതൃകയും. ഈശോയുടെ യുക്തിപൂർണ്ണമായ പ്രത്യുത്തരത്തിനു ശ്രദ്ധാപൂർവ്വകമായ മൗനത്താൽ സമ്മതം നൽകുകമാത്രം ചെയ്യുന്നു. തങ്ങളുടെ മക്കളുടെ ദൈവവിളിയുടെ മുമ്പിൽ മുള്ളുവേലികെട്ടുന്ന മാതാപിതാക്കൾ മറിയത്തെ അനുകരിക്കട്ടെ. തങ്ങളുടെ ഭാവി ആനന്ദപൂർണ്ണമാക്കുവാൻ.

ഇനിയും ബാലനായ ഈശോയോടു നമുക്കു പ്രാർത്ഥിക്കാം: അങ്ങു ഞങ്ങളുടെ വഴിവിളക്കാണ്. അവിടത്തെ സഭ ഇന്നു ശത്രുക്കളുടെ അവിഹിതവിമർശനത്തിനു വിധേയമാവുകയാണ്. അങ്ങ് ആ പണ്ഡിതമ്മന്യന്മാരുടെ മുന്നിൽ പ്രകടിപ്പിച്ച പാടവം അങ്ങയുടെ വൈദികർക്കും ജനത്തിനും ഇന്നു നൽകണമെ. സഭ അവളുടെ ശത്രുക്കളെ അതിജീവിക്കട്ടെ. അവളുടെ ശത്രുക്കൾ, അങ്ങയുടെ ജ്ഞാനപ്രകടനത്തിൽ യഹൂദർ ആശ്ചര്യപ്പെട്ടു മിണ്ടടങ്ങിയതുപോലെ മിണ്ടടങ്ങട്ടെ.

(തുടരും)

കൂടെ വർത്തിക്കുവാൻ മരിയാ സകല പരിശ്രമവും ചെയ്യുന്നു; അതോടൊപ്പം അവളുടെ ഹൃദയം കൃതജ്ഞതാസ്തോത്രംകൊണ്ടു സമ്പുഷ്ടമാണ്.

1940 മേയ് 2-ാംതീയതി ഏതാണ്ടു് എൺപതു വയസ്സു പ്രായമുള്ളപ്പോൾ, മോൺ. ചപ്താൽ (Chaptal) ഇപ്രകാരമെഴുതുകയുണ്ടായി. "ഭൂമിയിൽ നിന്നു് യാത്രപറയുന്ന ആ അന്തിമ ദിവസം, ദൈവമേ, അങ്ങേയ്ക്കു കൃതജ്ഞതാസ്തോത്രം'' എന്നതായിരിക്കണമെൻെറ അവസാനത്തെ ചിന്തയെന്നാണെൻെറ അഭിലാഷം.''

ഒരു പുഷ്പമോ സുന്ദരമായ മറെറന്തെങ്കിലും വസ്തുവോ കണ്ടാൽ വി. മറിയ മഗ്ദലേന ദെപാസി ഇപ്രകാരം പറഞ്ഞിരുന്നു. "എൻെറ ദൈവമേ, എന്നോടുള്ള സ്നേഹത്തെ പ്രതിയാണ് അങ്ങ് ഈ ചെറുപുഷ്പം സൃഷ്ടിച്ചതു്. എൻെറ പ്രിയപ്പെട്ട പിതാവേ, അങ്ങയുടെ സ്നേഹം എത്ര വലുതാണ്".

എന്നാൽ ഈദൃശമായ ചിന്തകൾ എല്ലാ ആത്മാക്കളിൽനിന്നും ഉയർന്നു വരാത്തതെന്തുകൊണ്ടാണ്? ദിവ്യഗുരു പത്തു കുഷ്ഠരോഗികളെ ഒരിക്കൽ സുഖപ്പെടുത്തിയെങ്കിലും ഒരാൾ മാത്രമേ നന്ദിപറയുവാൻ തിരിയെ വന്നുള്ളു. ശേഷം ഒൻപതുപേർ എവിടെ പോയെന്നു തദവസരത്തിൽ ഈശോ ചോദിക്കുകയുണ്ടായി.

ഇങ്ങനെ പ്രകടമാകുന്ന കൃതഘ്നതയ്ക്കുള്ള കാരണം നമ്മുടെ അജ്ഞതയും അലസതയുമാണ്. എല്ലാ നിമിഷവും ദൈവം നമ്മുടെമേൽ അനുഗ്രഹങ്ങൾ ചിന്തുന്നുണ്ടു്; എന്നാൽ അവിടന്നുതന്നെത്തന്നെ വെളിപ്പെടുത്തുന്നില്ല. അവിടന്നു പ്രവർത്തിക്കുന്നതു നാം കാണുന്നില്ല. സമസ്തവും സർവ്വേശ്വരൻ ഇതര സൃഷ്ടവസ്തുക്കൾവഴി നിർവ്വഹിക്കുന്നതിനാൽ നമ്മൾക്കു മനസ്സിലാകുന്നില്ല അവിടന്നാണു പ്രവർത്തിക്കുന്നതെന്ന്, ഓരോ നിമിഷവും നമ്മളെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നതും അവിടന്നാണ്. സൃഷ്ടിക്കുവാൻ എത്ര ശക്തി വേണമോ അത്രയും ശക്തി തന്നെ വേണം ഒരു വസ്തുവിനെ സൃഷ്ടനിലയിൽ സംരക്ഷിച്ചുകൊണ്ടുപോകാൻ.

അതി സ്വാഭാവികാനുഗ്രഹങ്ങളുടേയും കാര്യം ഇതുപോലെതന്നെയാണ്. ഒരു ശിശുവിൻെറ ജ്ഞാനസ്നാനത്തിൽത്തന്നെ എന്തൊരൽഭുതമാണു സംഭവിക്കുന്നതു്. കരയുന്ന ശിശുവിൽ പരിശുദ്ധ ത്രിത്വം ഇറങ്ങിവന്നു് ആസ്ഥാനമുറപ്പിക്കുന്നതു് ആരു കാണുന്നു. ഒരു വൈദികൻ വി. കുർബാന കൂദാശചെയ്യുന്നു. തൽസമയം ഒരു ബാലൻ ചെറിയ മണിയൊന്നടിക്കുന്നു. ബലിപീഠത്തിൽ അപ്പോൾ നടക്കുന്ന അത്ഭുതം ആരറിയുന്നുണ്ടു്?

ദൈവത്തിൻെറ അനുഗ്രഹവർഷം സദാപി നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ളതാണു വേറൊരു പ്രത്യേകത. ദിനംപ്രതി കണ്ടുകൊണ്ടിരിക്കുന്ന സംഭവങ്ങൾക്കു നമ്മൾ വലിയ മൂല്യം കല്പിക്കുകയില്ലെന്നുള്ളതു മാനസികശാസ്ത്രത്തിലെ ഒരു തത്വമാണ്. മുററത്തെ മുല്ലയ്ക്കു മണമുണ്ടോ? പ്രഭാതം മുതൽ എല്ലാദിവസവും സൂര്യപ്രകാശം നമുക്കു ലഭിക്കുന്നു. അതു് ഒരു ദൈവാനുഗ്രഹമാണെന്നു് ആരെങ്കിലും കരുതുന്നുണ്ടോ? അനു നിമിഷം നമ്മുടെ ഹൃദയം രക്തം പമ്പുചെയ്യുന്നതിനും ശ്വാസകോശം ജീവവായു സ്വീകരിച്ചു രക്തം പവിത്രീകരിക്കുന്നതിനും ആരു സർവ്വേശ്വരനു സ്തോത്രം ചെയ്യുന്നുണ്ടു്? അതു ഇടയ്ക്കിടയ്ക്കു നിൽക്കുകയും അതിൻെറ അസൗകര്യം സ്പഷ്ടമാകുകയും ചെയ്തിരുന്നെങ്കിൽ എല്ലാവരും അതിനായികൂടി സർവ്വശക്തനു സ്തോത്രം ചെയ്യുമായിരുന്നു.

നമ്മുടെ നന്ദികേടു പ്രത്യേകമായി പ്രത്യക്ഷപ്പെടുന്ന ചില സന്ദർഭങ്ങളുണ്ടു്. ദൈവദാനങ്ങൾ സുലഭമായി ലഭിച്ചിരുന്ന കാലത്തു നന്ദിപറയാത്ത നമ്മൾ അവിടുത്തെ ദാനങ്ങൾ വല്ലപ്പോഴും സ്വല്പമായി പിൻവലിക്കുകയാണെങ്കിൽ ആവലാതിപ്പെടുന്നു. അതു തികച്ചും അപമര്യാദയല്ലേ?

ലൗകിക കാര്യങ്ങളിൽ മുഴുകിക്കിടക്കുന്ന നമ്മൾ കത്തോലിക്കാ വിശ്വാസമുണ്ടെന്നു ഭാവിക്കുന്നുണ്ടെങ്കിലും ആദ്ധ്യാത്മികകാര്യങ്ങളിലേക്കു നമ്മുടെ ശ്രദ്ധ വേണ്ടപോലെ തിരിക്കുന്നില്ല; ആന്തരിക കാര്യങ്ങളെപ്പററി നമുക്കു് ഒരു ബോധമില്ല അവയെപ്പററി ഒരു മതിപ്പുമില്ല. നമ്മൾ ഉദ്ദേശിച്ചിരുന്ന എന്തെങ്കിലുമൊരു കാര്യം സാധിച്ചുകഴിഞ്ഞാൽ ശേഷമെല്ലാം നമ്മൾ മറന്നുകളയുന്നു. ഇതാണ് ആദ്ധ്യാത്മികപുരോഗമനത്തിനുള്ള പ്രധാന പ്രതിബന്ധം. ദൈവത്തിൻെറ മക്കളായ നമുക്കു പുത്രനിർവ്വിശേഷമായ സ്നേഹം അവിടത്തോടില്ല. സ്വർഗ്ഗസ്ഥനായ പിതാവേ, എന്നു നാം വിളിച്ചു് അപേക്ഷിക്കുന്നുണ്ടു്; എന്നാൽ അതു് ഒരു തഴക്കം മാത്രമാണ്. യൂറോപ്യൻകുടുംബ

ങ്ങളിൽ കുട്ടികൾക്കു് എന്തെങ്കിലും കൊടുത്താൽ, "Thank you papa," "Thank you mama" "അപ്പച്ചാ, ഉപകാരം", "അമ്മച്ചീ, ഉപകാരം" എന്നു പറയുക ഒരു പതിവാണ്. അതു് ഒരു നല്ല സമ്പ്രദായമാണെന്നതിനു സംശയമില്ല. നമ്മുടെ നാട്ടിൽ ആ സമ്പ്രദായം നടപ്പിലായിട്ടില്ല. മാതാപിതാക്കന്മാരോടു നന്ദിപറഞ്ഞു ശീലിച്ചിട്ടില്ലാത്ത നമ്മൾ സ്വർഗ്ഗസ്ഥനായ പിതാവിനോടു നന്ദി പറയുമോ?

ഒരനുഗ്രഹം ആവശ്യമുള്ളപ്പോൾ എത്ര ഉത്സാഹത്തോടെ നാം ദൈവത്തോടു ചോദിക്കുന്നുണ്ടു്? എന്നാൽ, ഒരനുഗ്രഹം സിദ്ധിച്ചശേഷം, അവിടത്തോടു നാം എത്രമാത്രം നന്ദിപറയുന്നുണ്ടു്? കൃതജ്ഞതാപ്രകടനം ചെയ്യാതിരിക്കുന്നതു ദൈവത്തിൻെറ ശത്രുക്കൾ ചെയ്യുന്ന പാപംപോലെയല്ലെന്നുള്ളതു വാസ്തവം. ഇതു ദൈവത്തിൻെറ സ്നേഹിതന്മാരെന്നു ഭാവിക്കുന്നവർ പ്രദർശിപ്പിക്കുന്ന വമ്പിച്ച ഒരവഗണനയാണ്. സ്വാർത്ഥതല്പരതയിൽനിന്നു് അവർ ഉയരുന്നില്ല. സ്വർഗ്ഗത്തിൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ പ്രധാന പ്രാർത്ഥന കൃതജ്ഞതാപ്രകാശനവും ആരാധനയുമാണ്. ഈ ലോകത്തിൽ നാം ആവുന്നിടത്തോളം സ്വർഗ്ഗത്തിലെന്നപോലെ ജീവിക്കണം; അതായതു് നമ്മുടെ സ്വാർത്ഥം മാത്രം നോക്കാതെ ദൈവത്തിൻെറ മഹത്വം അന്വേഷിക്കുകയും അവിടുത്തെ ദാനങ്ങൾക്കു നന്ദി പ്രകാശിപ്പിക്കുകയും വേണം. ദൈവസ്നേഹത്തിൻെറ പ്രധാനമായ ബഹിർപ്രകാശനം കൃതജ്ഞതയാണ്.

ഭക്ഷണമായും, പാനീയമായും വസ്ത്രമായും ആരോഗ്യമായും വിദ്യാഭ്യാസമായും ഏതെല്ലാം ലൗകികാനുഗ്രഹങ്ങളാണു നമുക്കു ലഭിച്ചിട്ടുള്ളതെന്നു സ്മരിക്കുക. മാമ്മോദീസാ മുതലായ അതിസ്വാഭാവികാനുഗ്രഹങ്ങളങ്ങനെ വേറൊരുവശത്തു്. ആകയാൽ നിസ്സായിലെ സെൻറ് ഗ്രിഗരി പറയുന്നതു് എത്രയും വാസ്തവമാണ്: "യാതൊരു പല വിചാരവും കൂടാതെ ജീവിതം മുഴുവനും നാം ദൈവത്തിനു നന്ദിപറയുകയാണെങ്കിൽത്തന്നെ ഒരു ചെറിയ നിമിഷത്തിനുള്ളിൽ സർവ്വേശ്വരൻ നമുക്കു് അരുളുന്ന ദാനത്തിനു മതിയായ കൃതജ്ഞതയായിരിക്കയില്ല." ദൈവം നമുക്കു് അനുഗ്രഹങ്ങളേ തന്നിട്ടുള്ളൂ. നമ്മുടെ ജീവനും നമുക്കു ലഭിച്ചിരിക്കുന്ന കത്തോലിക്കാ വിശ്വാസവും സന്മാതൃകകളും, നമ്മളിൽ നിന്നു വിപാടനം ചെയ്തിട്ടുള്ള പ്രലോഭനങ്ങളും നമുക്കു ലഭിച്ചിട്ടുള്ള കൂദാശകളും ഉപദേശങ്ങളും, ആന്തരികപ്രചോദനങ്ങളും ആർക്കു വർണ്ണിക്കുവാൻ കഴിയും? അതിനാലായിരിക്കണം വി. കൊച്ചുത്രേസ്യാ തൻെറ സ്വയംകൃതചരിത്രത്തിൻെറ ആമുഖമായി എഴുതിയിട്ടുള്ളതു്: "കർത്താവിൻെറ കാരുണ്യം ഞാൻ അനവരതം പ്രകീർത്തിക്കും." ഫാദർ മാർട്ടിനെസ്സ് എന്ന ഒരു ഈശോ സഭാവൈദികൻ ദിവസത്തിൽ നാനൂറു പ്രാവശ്യം പറഞ്ഞിരുന്ന 'ദൈവത്തിനു സ്തോത്രം' മെന്നു്; മാത്രമല്ല അന്യരേ അപ്രകാരം പറയുവാൻ അദ്ദേഹം പ്രേരിപ്പിച്ചിരുന്നു. സെൻറ പോൾ തൻെറ എഴുത്തുകളിലെല്ലാം ക്രൈസ്തവശിഷ്യരെപ്പറ്റി സർവ്വേശ്വരനു സ്തോത്രം ചെയ്തിരുന്നതായിക്കാണാം. കുരിശിൻെറ വി. പൗലോസു വഴിയരികേ നിന്നിരുന്ന പുഷ്പങ്ങളോടു് അഭ്യർത്ഥിച്ചിരുന്നു. ദൈവത്തോടുള്ള തൻെറ കൃതജ്ഞതാവികാരങ്ങളെ തട്ടിയുണർത്താൻ. വി. ഇഗ്നേഷ്യസ് ലെയോള നിർദ്ദേശിച്ചിരിക്കുന്ന ആത്മശോധനയുടെ പ്രാരംഭം കൃതജ്ഞതാപ്രകാശനമാണ്. ഇവയെല്ലാം മകുടം ചൂടുന്ന വാക്കുകളാണു കന്യകാമറിയത്തിൻെറ കീർത്തനം: "എൻെറ ആത്മാവു ദൈവത്തെ മഹത്വപ്പെടുത്തുന്നു; എൻെറ ആത്മാവ് രക്ഷകനായ ദൈവത്തിൽ ആനന്ദം കൊണ്ടു. സർവ്വശക്തനായവൻ വലിയ കാര്യങ്ങൾ എന്നിൽ ചെയ്തു." തെല്ലും അതിശയോക്തി കൂടാതെ പറയാവുന്നതാണു വിശുദ്ധന്മാരുടെ ജീവിതം അനുസ്യൂതമായ ഒരു കൃതജ്ഞതാപ്രകാശനമാണെന്നു്.

കുരിശുകളുടെയും കഷ്ടതകളുടെയും ഇടയിൽ ദൈവത്തിനു നന്ദിപറയുവാനാണു കൂടുതൽ പ്രയാസം. തൻെറ വ്രണങ്ങളിൽ എഴഞ്ഞിരുന്ന പുഴുക്കളെ നോക്കി വാഴ്ത്തപ്പെട്ട ദ്വിനാ പറയുന്നു: "ഭാഗ്യപ്പെട്ട കൃമികളേ." വി. മർഗരീത്താ മറിയം ഇപ്രകാരമെഴുതിയിരിക്കുന്നു: "തൻെറ അമൂല്യ കുരിശുകൊണ്ടു് ഇത്രയും സ്നേഹപൂർവം എന്നെ അനുഗ്രഹിച്ച ദിവ്യഗുരുവിനു് എൻെറ പേരിൽ നന്ദിപറയുവിൻ...... കർത്താവു് എൻെറ മേൽ വർഷിച്ചിരിക്കുന്ന നിരവധി അനുഗ്രഹങ്ങൾക്കു ഞാൻ എങ്ങനെ അവിടത്തേക്കു നന്ദി പ്രകാശിപ്പിക്കും." ഒരു പുതിയ മഠം സ്ഥാപിക്കുവാനുള്ള പരിശ്രമം പരാജയമടഞ്ഞിരുന്നപ്പോൾ വലിയ ത്രേസ്യാപുണ്യവതി സർവ്വേശ്വരനു നന്ദി പറഞ്ഞിരുന്നു. തങ്ങൾക്കു് ആരെങ്കിലും പ്രവേശനം നിഷേധിക്കുകയാണെങ്കിൽ വി. ഫ്രാൻസിസ് അസീസി തൻെറ കൂട്ടുകാരനോടു തന്നോടൊപ്പം ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഉദ്ബോധിപ്പിച്ചിരുന്നു.

കൃതജ്ഞതാപ്രകാശനത്തിന് ഏററവും ഉതകിയ സമയം ദിവ്യകാരുണ്യസ്വീകരണാനന്തരമുള്ള നിമിഷങ്ങളാണ്. വി. കുർബാനയ്ക്കു് ഗ്രീക്കിലും ലത്തീനിലും ഇംഗ്ലീഷിലുമുപയോഗിക്കുന്ന "Eucharist" എന്ന പദത്തിനു കൃതജ്ഞതാപ്രകാശനമെന്നാണ് അർത്ഥം. തിരുരക്തമുൾക്കൊള്ളുമ്പോൾ വൈദികൻ ചൊല്ലുന്ന ഒരു പ്രാർത്ഥന ഇപ്രകാരമാണ്. "കർത്താവേ, അങ്ങയുടെ കാരുണ്യത്തിനു ഞാൻ എങ്ങനെ പ്രതിനന്ദി കാണിക്കും? രക്ഷയുടെ കാസ ഞാൻ കുടിക്കും; കർത്താവിന്റെ നാമം ഞാൻ വിളിച്ചപേക്ഷിക്കും." വി. ബ്രിജീത്തയെ ദിവ്യരക്ഷകൻ ഇപ്രകാരം അറിയിച്ചു: "മനുഷ്യർ എന്നെ കൂടുതൽ കൂടുതൽ സ്നേഹിക്കുന്നതിനും അവർക്കു നല്കുന്ന അനുഗ്രഹങ്ങൾ അവർ അനുസ്മരിക്കുന്നതിനുമാണ് ദിനംപ്രതി ബലിപീഠത്തിങ്കൽ എന്റെ ശരീരം ബലിചെയ്യുന്നതു്."

ആകയാൽ ദിവ്യകാരുണ്യ സ്വീകരണാനന്തരം നമ്മുടെ പ്രാർത്ഥന പ്രധാനമായി ഒരു കൃതജ്ഞതാപ്രകാശനമായിരിക്കട്ടെ. ലൗകികവും ആത്മീയവുമായ അനുഗ്രഹങ്ങൾ ചോദിക്കാവുന്നതാണ്; എന്നാൽ പ്രഥമത: നമ്മുടെ കൃത്യം കൃതജ്ഞതാപ്രകാശനമായിരിക്കട്ടെ. ലത്തീൻ കുർബാനയിലെ "ഗ്ലോറിയാ" എന്ന സ്തുതിഗാനത്തിൽനിന്നു കുരിശിന്റെ വി. പൗലോസ് ഒരു മുദ്രാവാക്യം സ്വീകരിച്ചിട്ടുണ്ട്. അതു നമ്മുടേയും ആദർശമായിരിക്കേണ്ടതാണ്. "കർത്താവേ, അങ്ങയുടെ കൂടുതൽ മഹത്വത്തിനായി ഞങ്ങൾ അങ്ങേയ്ക്കു നന്ദിപറയുന്നു."

എല്ലാ പ്രധാന സന്ദർഭങ്ങളിലും വി. അംബ്രോസിന്റെ കൃതജ്ഞതാഗാനം (Te Deum Laudamus), "ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു" എന്നു നമ്മൾ വി. കുർബാനയുടെ മുമ്പിൽ പാടികേൾക്കാറുണ്ട്. കാനോനനമസ്കാരങ്ങളിൽ ഈ ഗാനം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ദൈവത്തിൽനിന്നു ലഭിക്കുന്ന അനുഗ്രഹങ്ങൾക്കു നാം എങ്ങനെ നന്ദിപറയണമെന്ന് ഈ ഗാനം നമ്മളെ ഉദ്ബോധിപ്പിക്കുന്നു. നാം ആ ഗാനം നിവർന്നുനിന്ന് ആലപിച്ചാൽ പോരാ; നമ്മുടെ ജീവിതം തന്നെ ഒരു കൃതജ്ഞതാഗാനമായിരിക്കണം.

വി. ബെർണ്ണാദ് ഇപ്രകാരമെഴുതിയിട്ടുണ്ട്: "ദൈവത്തിനു നിങ്ങൾ നന്ദിപറയുവിൻ; എന്നാൽ നിങ്ങൾക്കു കൂടുതൽ ദാനങ്ങൾ ലഭിക്കും." ഈ വാക്കുകൾ നാം തെററിദ്ധരിക്കരുതു്. കൂടുതൽ ദാനങ്ങൾ ലഭിക്കുവാൻ നാം നന്ദിപറയുകയല്ല വേണ്ടതു്; സ്വാർത്ഥരഹിതമായി സന്തോഷത്തിലും സന്താപത്തിലും ദൈവത്തിന്റെ അനുഗ്രഹങ്ങൾ നാം പാടി പ്രകീർത്തിക്കണം.

---

(48-ാം പേജിൽനിന്നു തുടർച്ച)

അഹംഭാവിയും, മർക്കടമുഷ്ടിയും, കലഹപ്രിയനുമായ ആൾ ഭാവിജീവിതത്തിൽ വിജയിക്കുകയില്ല.

ബ്രഹ്മചര്യമാണ് വൈദികപദവിയുടെ ബലിഷ്ഠമായ ചട്ടക്കൂട്. അതു തകർന്നാൽ സമസ്തവും തകർന്നു. 'ശരീരം കർത്താവിനുള്ളതാകുന്നു'. അവിടുന്ന് ആവശ്യപ്പെടുന്ന വിധത്തിലേ അതുപയോഗിക്കാവൂ. വരം ലഭിച്ചവരല്ലാതെ എല്ലാവരും വിരക്തജീവിതത്തിനു ശക്തരല്ല. സ്വർഗ്ഗരാജ്യത്തെപ്രതി തങ്ങളെത്തന്നെ സ്വയം ഷണ്ഡന്മാരാക്കുന്നവരാണിവർ. സ്ത്രീകളോടു കൂടി മലിനപ്പെടാത്തവർ ആകുന്നു ഇവർ. സ്ത്രീയെ സമീപിക്കാതിരിക്കുക പുരുഷനു നല്ലതാണെന്ന് (1 കൊറി. 7:1) സെന്റ് പോൾ പറയുന്നുമുണ്ട്. ഈ അപ്പോസ്തലൻതന്നെ മെത്രാനായ തീത്തൂസിനുനൽകുന്ന ഉപദേശവും ശ്രദ്ധേയമാണ്. നീ ഇന്ദ്രിയത്തെ നിഗ്രഹിക്കുന്നവനും നീതിമാനും പരിശുദ്ധനുമായിരിക്കണം. ദുരാഗ്രഹങ്ങളിൽ സ്വയം നിഗ്രഹിക്കുവാൻ കഴിവുള്ളവനുമായിരിക്കണം (തീത്തൂസ് 1:8). 1139-ൽ രണ്ടാം ലാറററൺ സൂനഹദോസ് ബ്രഹ്മചര്യം അവശ്യം അനുഷ്ഠേയമെന്നു വിധിച്ചു. ട്രെന്റ് സാർവത്രികസമ്മേളനം ഇതിനെ ഔദ്യോഗികമായി പ്രഖ്യാപിച്ചു. കാനൻ നിയമം 132, 1072, 2388 എന്നിവ ബ്രഹ്മചര്യത്തെ നിഷ്കർഷിക്കുകയും, 132-ം, 188-ം നിയമങ്ങൾ 5-ം, 6-ം പട്ടക്കാർക്ക് വിവാഹം അസാധുവാക്കുകയും ചെയ്യുന്നു. പൗരാണിക യഹൂദ റോമൻ യവന പുരോഹിതന്മാർക്കും ബ്രഹ്മചര്യം നിർബന്ധിതമായിരുന്നു. പ്രസാദവരത്തിന്റെ തണലിൽ ബ്രഹ്മചര്യം പാലിക്കുക എളുപ്പമാണ്. ഹൃദയം സ്വർഗ്ഗീയമായ സ്നേഹത്താൽ നിറയുമ്പോൾ താഴ്ന്നതരം സ്വാഭാവിക സ്നേഹങ്ങൾ സ്വാഭാവികമായിത്തന്നെ പുറംതള്ളപ്പെടും. ഇവിടെ സഹജപ്രവണതകളെ തച്ചുടയ്ക്കുകയോ, അടിച്ചമർത്തുകയോ അല്ല ദിവ്യപ്രേമത്തിൽ സ്വയം സാഹ്ളാദം വിസ്മരിക്കപ്പെടുക, അഥവാ നിയന്ത്രിക്കപ്പെടുക തന്നെയാണ്. യഥാതഥവും പ്രാർത്ഥനാപൂർവകവും തപശ്ചര്യകവുമായ ആന്തരികജീവിതംകൊണ്ടു മാത്രമേ ഇതു സുസാധമാകൂ.

യഥാർത്ഥ ക്രൈസ്തവകുടുംബങ്ങളാണ് ദൈവവിളിയുടെ മലർവാടി. ദൈവാലയ മദ്ബഹായിലേക്കു പുഷ്പങ്ങൾ ശേഖരിക്കുവാനുള്ള മനോഹരമായ ഉദ്യാനമാണ് അവ എന്നു പരിശുദ്ധപിതാവു പതി

നൊന്നാം പീയൂസ് പ്രഘോഷിക്കുന്നു. ദിവ്യകാരുണ്യനാഥനായ ഈശോയോടും അവിടുത്തെ വിമലാംബികയോടും നിഷ്കളങ്കമായ സ്നേഹം ബാല്യാൽ പ്രഭൃതി കുട്ടികളിൽ കൂമ്പെടുക്കട്ടെ. കുടുംബപ്രാർത്ഥനകളോടൊത്തു ദൈവവിളിക്കായുള്ള ചെറിയ ജപം കൂട്ടിച്ചേർക്കണം. തങ്ങളുടെ കുട്ടികൾക്കു ദൈവവിളി ലഭിക്കുവാൻ മാതാപിതാക്കന്മാർ പ്രാർത്ഥിക്കണം. അവർ അവരെ തടയരുത്. നാഥനാണു വിളിക്കുന്നത്. തടയുന്നവരെ ഭയപ്പെടണം. ശാരീരികമായ ജീവൻ നൽകിയവരാണെങ്കിലും ആത്മീയമായ ജീവനെ കെടുത്തുന്ന ഇവർ ഘാതകരാണ്. ഗ്രഗറിനസ്യാൻസ്, ഫ്രാൻസിസ് സാലെസ്, ഡോൺബോസ്കോ, കാർഡിനൽ വോൺ ഇവരെല്ലാം തങ്ങളുടെ ദൈവവിളിക്കു സ്വന്തം മാതാക്കളോടാണു കടപ്പെട്ടിരിക്കുന്നത്. കാർഡിനൽ വോണിന്റെ ഒരു സഹോദരൻ അതിമെത്രാനും മറ്റൊരാൾ മെത്രാനും മൂന്നുപേർ വൈദികരും ബാക്കിയുള്ളവർ കന്യാസ്ത്രീകളും, അങ്ങനെ ആ കുടുംബം മുഴുവൻ മാതാവിന്റെ പ്രാർത്ഥനാഫലമായി വൈദികമായി. മൂന്നു ദിവസംവീതം തുടർച്ചയായി മുപ്പതുവർഷം ഉപവസിച്ചതിന്റെ ഫലമായിട്ടാണു പതിനൊന്നിൽ ഏഴാമനായ കാർഡിനൽ സ്റ്റെപ്പിനാക് വൈദികനായത്. മിസ്സിസ് ഹാവലക് എന്ന പാവപ്പെട്ട വിധവയാണ് അദ്ദേഹത്തിനു ധനസഹായം എത്തിച്ചുകൊണ്ടിരുന്നത്. ഒരനാഥ ബാലനായിരുന്നു കർട്ടിനാൾ പീയോ. ആ പാവപ്പെട്ട കുട്ടിയുടെ കരച്ചിൽ കണ്ടു കഠിനാധ്വാനം ചെയ്തിട്ടാണ് അഗതിയായ ഒരു വിധവ അദ്ദേഹത്തിന്റെ പഠനച്ചെലവുകൾ നിർവഹിച്ചത്.

വിദ്യാഭ്യാസം, കുടുംബഭരണം ഇവയിൽ യുവജനങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്കേണ്ടതാണെങ്കിലും ജീവിതാന്തസ്സു തെരഞ്ഞെടുക്കുന്ന വിഷയത്തിൽ അവരെ അനുസരിക്കേണ്ടതില്ലെന്ന് സെന്റ തോമസ് അക്വൈനസ് വാദിക്കുന്നു. കുട്ടികളുടെ മുമ്പിൽവച്ച് മതത്തെയും മതാധികാരികളെയും കുറിച്ച് പുച്ഛമായി സംസാരിക്കുന്നത് ദൈവവിളി നഷ്ടപ്പെടുത്തുന്ന ഒരു ടോർപ്പിഡോവാണ്. ഈ അവിവേകംവഴി ആരും ആത്മാക്കൾക്ക് കപ്പൽച്ചേതം വരുത്താതിരിക്കട്ടെ.

വിദ്യാലയങ്ങളിൽ അദ്ധ്യാപകർ ശ്രദ്ധിച്ചാൽ ദൈവവിളിയുടെ ബീജാവാപം സമർത്ഥമായി നിർവഹിക്കാം. അവർ നിരീശ്വരതയേയും നിർമ്മതത്തേയും, എതിർത്തും, മതത്തേയും ആദ്ധ്യാത്മിക മൂല്യങ്ങളേയും ശ്ലാഘിച്ചും സംസാരിക്കണം. വിദ്യാലയങ്ങളിൽ ദൈവവിളിയെ സംബന്ധിച്ച വിശേഷാൽ ധ്യാനയോഗങ്ങളും പ്രസംഗങ്ങളും സംഘടിപ്പിക്കണം. ഗ്രന്ഥശാലകളിലും, പഠനക്കളരികളിലും ദൈവവിളിക്ക് പ്രത്യേകസ്ഥാനം അനുവദിക്കണം. മിഷൻ ലീഗുകളും ഭക്തസഖ്യങ്ങളും അൾത്താര ശുശ്രൂഷാ സംഘങ്ങളും വഴി ഇടവക വൈദികർക്കും ദൈവവിളികളെ വളർത്തിയെടുക്കുവാൻ കഴിയും. ദൈവവിളിയുള്ള കുട്ടികളെ കണ്ടറിഞ്ഞു അവരിൽനിന്നു ആത്മപരിത്യാഗങ്ങളും ഈശോയെ പ്രതി ത്യാഗകൃത്യങ്ങളും ആവശ്യപ്പെട്ടുകൊണ്ടു ക്രിസ്തുവുമായുള്ള വ്യക്തിഗതമായ സ്നേഹത്തിൽ വളർന്നുവരുവാൻ ഖണ്ഡിതമായ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകേണ്ടതാണ്. സെമ്മിനാരിയിൽ അയക്കുവാൻ ഉദ്ദേശിക്കുന്ന കുട്ടികളെ മാതാപിതാക്കൾ പുന്നാരിച്ചു വഷളാക്കുകയല്ല, സഹനത്തിന്റെയും അധ്വാനത്തിന്റെയും വഴിയിലൂടെ അവരെ വിവേകപൂർവ്വം എന്നാൽ സസ്നേഹം നടത്തുകയുമാണു വേണ്ടത്.

സിനിമാ, നാടകം, ഓടസാഹിത്യം ഇവ ദൈവവിളിയുടെ മേൽ കുത്തനെ വീഴുന്ന പുഴക്കുത്തുകളാണ്. നൈയ്ലോൺ സാരികളുടേയും പ്ലാസ്റ്റിക് ബട്ടണുകളുടേയും ബട്ടൺ ഇടാത്ത ഷർട്ടുകളുടേയും ഈ തുറന്ന യുഗത്തിൽ പൊതുവേ ആദ്ധ്യാത്മികനിലവാരം ഇടിഞ്ഞിരിക്കുകയാണ്. ഈ ദുസ്ഥിതി മാറണം. സജീവമായ കത്തോലിക്കാ വിശ്വാസത്തിന്റെയും സുതീക്ഷ്ണമായ അനുഷ്ഠാനത്തിന്റേയും ആളിക്കത്തലിൽ നിന്നു മാത്രമേ ദൈവവിളിയുടെ ജീവശിഖകൾ നാമ്പെടുക്കൂ. മതം പ്രസംഗിക്കുന്നതിനും കൂദാശകൾ ചെയ്യുന്നതിനും ദിവ്യകാരുണ്യം വിഭജിച്ചുകൊടുക്കുന്നതിനും 'എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ' എന്നു ദിവ്യഗുരുവിന്റെ നിർദ്ദേശം അപ്പോസ്തലന്മാരെ ചുമതലപ്പെടുത്തി. "എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. 'നിങ്ങൾ പോയി ഫലങ്ങൾ ഉളവാക്കുവാനും നിങ്ങളുടെ ഫലങ്ങൾ നിലനിൽക്കുവാനും വേണ്ടി ഞാൻ നിങ്ങളെ നിയമിക്കുന്നു. നിങ്ങൾ എന്റെ നാമത്തിൽ എന്റെ പിതാവിനോട് അപേക്ഷിക്കുന്നതെല്ലാം

അവിടുന്നു നിങ്ങൾക്കു നൽകും" (യോ. 15: 16) എന്നാണ് ഓരോ പുരോഹിതനോടും ക്രിസ്തു പറയുക.

പുരോഹിതനു ക്രിസ്തുവാകുന്നു സമസ്തവും. ക്രിസ്തുവിനെ സ്നേഹിക്കുകയും അവിടുത്തെ സ്നേഹം പ്രസരിപ്പിക്കുകയും ചെയ്യുകമാത്രമാണ് പുരോഹിതന്റെ ഏകധർമ്മം. അതുകൊണ്ടാണ് ആസ്ഥപ്പാട്ട പട്ടത്തിന്റെ സമയത്തു ശിരസ്സു മുണ്ഡനം ചെയ്യുമ്പോൾ "എന്റെ അവകാശത്തിന്റേയും പാനപാത്രത്തിന്റേയും ഭാഗം കർത്താവാകുന്നു"വെന്ന് അർത്ഥി ഉരുവിടുന്നത്. അതുകൊണ്ടു പുരോഹിതനാണു ക്രിസ്തുവിനെ തെരഞ്ഞെടുക്കുന്നത് എന്നു കരുതിപ്പോകരുത്. ക്രിസ്തുതന്നെയാണു സ്വന്തം അനുയായിയെ തെരഞ്ഞെടുക്കുക. "നിങ്ങൾ അല്ല എന്നെ തെരഞ്ഞെടുക്കുന്നത്. ഞാനാകുന്നു നിങ്ങളെ തെരഞ്ഞെടുത്തത്" (യോ. 15.16) ക്രിസ്തു ഒരു വ്യക്തിയുടെ യോഗ്യതകൊണ്ടല്ല. തന്റെ സ്നേഹവും കരുണയും കൊണ്ടാണ് അയാളെ ക്ഷണിക്കുക. അവിടുന്നു, മിത്രങ്ങളെയല്ല, സെൻറ് പോളിനെ എന്നപോലെ ശത്രുക്കളേയും ക്ഷണിക്കുന്നു. ഒരായിരം വഴികളിലൂടെ ഒരായിരം തുറകളിൽ അവിടുന്നു തന്റെ മിത്രങ്ങളെ എത്തിക്കുന്നു. ഒരു പുസ്തകം മൂലം പടയാളിയായ ഇഗ്നേഷ്യസിനേയും, 'ആത്മാവു നഷ്ടപ്പെട്ടാൽ എന്തു പ്രയോജനം' എന്ന സുവിശേഷോക്തിമൂലം പ്രഫസ്സർ ആയ ഫ്രാൻസിസ് സേവ്യറിനേയും, പ്രപഞ്ചത്തിന്റെ നിസ്സാരതയെക്കുറിച്ചുള്ള ഒരാശയബീജത്തിലൂടെ ബാറിസ്റ്റർ ആയിരുന്ന ആൽഫോൺസ് മരിയലിഗോറിയേയും ക്ഷണിക്കുന്നു. ദൈവവിളിക്ക് എതിർ നിന്നവർ വിപ്ലവകാരികളായി അധഃപതിച്ചിട്ടുമുണ്ട്. ഫ്രഞ്ചു വിപ്ലവത്തിലെ എണ്ണപ്പെട്ട ഒരു നായകനായിരുന്ന ജോസഫ് റോബസ് പിയേർ. സത്യതോന്മേഷവാനും പ്രസരിപ്പുമുള്ള ആ ചെറുപ്പക്കാരൻ സന്യാസിയാകുവാൻ തുടങ്ങിയതാണ്. പക്ഷേ, മാതാപിതാക്കന്മാർ അനുവദിച്ചില്ല. ഒടുവിൽ ഒരഭിഭാഷകനായി, ജഡ്ജിയുമായി, ഫ്രഞ്ചുവിപ്ലവത്തിനു നടുവിൽ 'കൺവൻഷൻ' പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ഈ ഘട്ടത്തിൽ ആ ഘാതകൻ സ്വന്തം ബന്ധുമിത്രങ്ങളെപ്പോലും കൂട്ടക്കൊല നടത്തുവാൻ മടിച്ചില്ല. അവസാനം 1794-ൽ പീയേറും നിഷ്ഠുരണം വെട്ടിവീഴ്ത്തപ്പെടുകതന്നെ ചെയ്തു. സ്റ്റലിൻ തന്റെ ഭക്തയായ മാതാവിന്റെ ഹിതാനുസാരം സെമ്മിനാരിയിൽ പ്രവേശിച്ചതാണ്. പക്ഷേ, ഇടുങ്ങിയ മതില്ക്കെട്ടുകൾക്കുള്ളിൽ ഒതുങ്ങി നില്ക്കുവാൻ വിപ്ലവകാരി കൂട്ടാക്കിയില്ല. അതുകൊണ്ടെന്തുണ്ടായി? അയാളുടെ പ്രേതം ഇന്നും വൈരാഗ്യത്തിന്റേയും വിദ്വേഷത്തിന്റേയും ചെഞ്ചിമ പൂശിക്കൊണ്ടു മർത്ത്യഹൃദയങ്ങളിൽ ആവസിക്കുകയാണ്. അങ്ങനെ പ്രസാദവരം അവഗണിക്കപ്പെടുന്നിടത്തു പ്രേതക്കുന്നുകൾ ഉയരുകയാണ്. ആകയാൽ ഉപരി പരിപൂർണ്ണതയ്ക്കായുള്ള ക്രിസ്തുവിന്റെ അത്യുദാരമായ ആ സ്നേഹാഹ്വാനത്തെ നമുക്കു അവഗണിക്കാതിരിക്കുക. വിദ്യാലയ ജീവിതം അവസാനിപ്പിക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ ആ ദിവ്യാഹ്വാനത്തിന്റെ വെളിച്ചത്തിൽ സ്വന്തം അന്തഃകരണത്തോടു പ്രാർത്ഥനാപൂർവ്വകം അന്വേഷിക്കട്ടെ 'ഇനി എങ്ങോട്ടു'? തീർച്ചയായും പ്രേമോഷ്മളമായ ക്രിസ്തുവിന്റെ ഹൃദയസ്പന്ദനം നിങ്ങൾക്കു് വിരല് ചൂണ്ടാതിരിക്കയില്ല. ഹാ! അതു ആത്മാക്കൾ കുലകുലയായി പഴുത്തുതുടുത്തു തൂങ്ങിക്കിടക്കുന്ന "ആ മുന്തിരിത്തോപ്പി"ലേക്കു തന്നെ ആയിരുന്നെങ്കിൽ!

---

## വാർത്തകൾ

ബ്ര. ജോസഫ് മേരി, ഒ. സി. ഡി. (കുരുവിനാപ്പുകുതിയിൽ, എലിക്കുളം), ബ്ര. പാട്രിക്ക്, ഒ. സി. ഡി. (മൂത്തേരിൽ, വൈക്കം) എന്നിവർ റോമായിൽ വച്ച് 1961 ഏപ്രിൽ 9-ാം തിയതി വൈദികപട്ടം സ്വീകരിച്ചിരിക്കുന്നു; റവ. ഫാ. സിറിൽ, ഒ. സി. ഡി. (കരിമുണ്ടയ്ക്കൽ, മുട്ടുചിറ) ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം പ്രശസ്തമായ വിധത്തിൽ നേടിയിരിക്കുന്നു.

## Statement About Ownership and Other Particulars About Newspaper CARMEL to be published in the first issue every year after last day of February

### Form IV

(See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | ... | Trivandrum |
| 2. | Periodicity of its publication | ... | Quarterly, Jan, April, May, October. |
| 3. | Printer's Name | ... | Rev. Br. Fidelis, O. C. D. |
| | Nationality | ... | Indian |
| | Address | ... | St. Joseph's Press, Trivandrum–10 |
| 4. | Publisher's Name | ... | Rev. Br. Fidelis, O. C. D. |
| | Nationality | ... | Indian |
| | Address | ... | St. Joseph's Press, Trivandrum–10 |
| 5. | Editor's Name | ... | Rev. Fr. Eliseus, O. C. D. |
| | Nationality | ... | Indian. |
| | Address | ... | Carmel Hill Monastery, Trivandrum–10 |
| 6. | Names and addresses of individuals who own the newspaper and partners or shareholders holding more than one per cent of the total capital. | | "Carmel" is owned by a Religious and charitable Society called The Discalced Carmelite Fathers of the Province of Malabar, with Head quarters at Carmel Hill Monastery, Trivandrum–10. |

I, Rev. Br. Fidelis O. C. D., hereby declare that the particulars given above are true to the best of my knowledge and belief.

*(Sd)*

*Date 28–2–1961* Br. Fidelis O. C. D. *Publisher*

## ഈ ലക്കത്തിൽ


| | | വശം |
|---|---|---|
| 1. | കർമ്മെലസഭ (ഒരു വിഹഗവീക്ഷണം) ... ... ... ... | 33 |
| 2. | നിങ്ങൾക്കു കൂടുതൽ നന്നാകുവാൻ കഴിയും (എ. എസ്. തോമസ്, മാരാരിക്കുളം) ... | 42 |
| 3. | ഇനി എങ്ങോട്ട്? (പി. എക്സ്. പുല്ലുവിള) ... ... ... ... | 47 |
| 4. | രണ്ടു വശങ്ങൾ (റവ. ഫാ. ലൂക്കാസ്, ഒ. സി. ഡി.) ... ... ... | 49 |
| 5. | പാരഡൈസ് ബാങ്ക്–പ്രാർത്ഥനാസമരപ്രസ്ഥാനം ... ... ... | 51 |
| 6. | ഭഗീത (തുടർച്ച) (Miss Jenette Isaac, M. Sc.) ... ... ... | 53 |
| 7. | കൊന്തയും ചിന്തയും (ബ്രദർ. പീയൂസ്, സി. എസ്സ്. റ്റി.) ... ... | 56 |
| 8. | ദൈവമേ, അങ്ങേയ്ക്കു സ്തോത്രം (റവ. ഫാ. തോമസ് മൂത്തേടൻ, എം. എ; ഡി. ഡി.) | 59 |

Lic. No. 581 CARMEL Telephone No. 2286

## തിരുവുത്തരീയത്തിൻെറ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിനു് വിവിധതരത്തിലുള്ള കർമ്മലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ടു്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 75 ന. പ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 94 ന. പ. ചെറിയ തട്ടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കുമുള്ള ഉത്തരീയം ഡസനു് 94 ന. പ. വലിയ തട്ടും നീളം കൂടിയ ചരടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കും ഉള്ള ഉത്തരീയം ഡസനു് 1 ക. 12 ന. പ. കറുപ്പു്, ചുവപ്പു് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണു് സാധാരണയായി ഉത്തരീയത്തിനു് ഉപയോഗിച്ചിരിക്കുന്നതു്. പത്തു ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്നവർക്കു് ആകർഷണീയമായ കമ്മീഷൻ.

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum-10.

## കാർമ്മെൽ സന്യാസാർത്ഥി മന്ദിരം

### എറണാകുളം

കർമ്മെലീത്താ ഒന്നാം സഭയുടെ മലബാർ പ്രോവിൻസിൽ പ്രവേശിച്ചു് പ്രാർത്ഥനാപരവും ത്യാഗസംപൂർണ്ണവും മരിയാമ്പിതവുമായ ഒരാന്തരികജീവിതം നയിച്ചുകൊണ്ടു് ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി അനുസരണം ആവശ്യപ്പെടുന്ന ബാഹ്യജോലികളും ചെയ്യുന്നതിനാഗ്രഹിക്കുന്ന നിയോഗശുദ്ധരും, ഉദാരമതികളും, ഉത്സാഹശീലരും, ആരോഗ്യവാന്മാരുമായ സ്കൂൾഫൈനൽ & കോളേജു വിദ്യാർത്ഥികൾ നേരത്തെ താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുവിൻ.

**viii, ix സ്റ്റാന്റാർഡുകളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണു്.**

Rev. Fr. Director, Carmel Mandir,
St. Teresa's Carmelite Monastery,
Banerji Road, Ernakulam-1.

or

Very Rev. Fr. Provincial,
Carmel Hill Monastery,
Trivandrum-10.

## കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന

### ★ ഒരു ത്രൈമാസികം ★

ഉദ്ദേശങ്ങൾ:— അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിസംഖ്യ ആണ്ടൊന്നിനു് മുൻകൂർ 1 രൂ.50ന.പ.

കത്തിടപാടുകൾക്കുള്ള മേൽവിലാസം:

വരിസംഖ്യ സംബന്ധിച്ചു്:—മാനേജർ, "കാർമ്മൽ", സെന്റു് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-10

ലേഖനങ്ങൾ സംബന്ധിച്ചു്:—പത്രാധിപർ, കാർമ്മൽഹിൽ, തിരുവനന്തപുരം-10

Edited by Very Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with permission of Eccl. Superiors.